10/06/1932-ൽ ജനിച്ചു. എം.എസ്സി. ഫിസിക്സ് ബിരുദം നേടി. 1990 വരെ ONGC ഗ്രൂപ്പ് ജനറൽ മാനേജരായി മുംബൈയിൽ ജോലി ചെയ്തു. USSR, അമേരിക്ക എന്നിവിടങ്ങളിൽ പര്യടനം നടത്തി. വയ ലത്തല കണ്ടത്തുമാവുങ്കൽ അബ്രഹാമിന്റെ മകൾ മേരിക്കുട്ടിയെ 24/02/1949ന് വിവാഹം ചെയ്തു. 20/06/2020-ൽ മുംബൈയിൽവച്ച് മേരി കുട്ടി നിര്യാതയായി. ഇവർക്ക് 3 ആൺമക്കൾ, 1 മകൾ.

ആറാംതലമുറ

133151 ജോർജ്ജ് കോശി (ബേബിക്കുട്ടി)

133152 ഡോ. സന്തോഷ് കോശി എബ്രഹാം (സന്തോഷ്)

133153 ആനി വറുഗീസ് (സുമ)

133154 സുബി ജി. ജോർജ്ജ് (സുബി)

133151 ജോർജ്ജ് കോശി

08/06/1951-ൽ ജനിച്ചു. ഹോട്ടൽ മാനേജ്മെന്റ് ഡിഗ്രി, ബികോം . Worked in-charge of Reprographic centre at the Exxon Mobil Oil Company in Houston. പുത്തൻകാവ് എഴിക്കാട്ടേത്ത് അബ്രഹാം മാത്യുവിന്റെ മകൾ സാറാമ്മ ജോർജ്ജ് കോശിയെ 29/05/1978-ൽ വിവാഹം ചെയ്തു. Registered Nurse ആയി Hermann Hospital Houston-ൽ ജോലി ചെയ്തു. രണ്ടുപേരും ഹൂസ്റ്റണിൽ (യു.എസ്.) സി. എസ്.ഐ. സഭയിലെ എല്ലാ പ്രവർത്തനങ്ങളിൽ സജീവമാണ്. മൂന്നു മക്കൾ

ഏഴാംതലമുറ

1331511 ജോസ്ലിൻ (ജോസ്ലിൻ)

PUNNAKKAD MALAYIL FAMILY HISTORY

Mr. K.K Geevarghese, Mrs. Marykutty Varghese Kannamplackal-Nedumchery

1031512 ഡോ. റെജീന കോശി (റെജീന)

1031513ജെസ്റ്റിൻ ജോർജ് കോശി

1031511ജോസ്‌ലിൻ (ജോസ്‌ലിൻ)

24/06/1980-103 B.S. in Corporate Communications, Director, Healthcare at Dallas, U.S.

1331512 ഡോ റെജീന കോശി (റെജീന)

23/09/1982-103 . Cardiologist (Austin TX, USA)

13315313ജസ്റ്റിൻ ജോർജ്ജ് കോശി

18/10/1990- . B.Sc Electrical Engineering, BBA Finance (University of Texas, USA) so working for Amazon at Austin TX USA as Senior Data Engineer. Neha Kasturi Puntambekar-m 14 05/2022-ന് വിവാഹം ചെയ്തു. BA History (American University) Juris Doctor University of Dis Colombia, David Clarke Amoney at Intelligence Federal ആയി ജോലി ചെയ്യുന്നു. രണ്ടുപേരും Austin TX USA യിൽ ജോലി ചെയ്യുന്നു. കസ്തൂരി ഒരു ഭരതനാട്യം നർത്തകിയാണ്.

133152 ഡോ. സന്തോഷ് ജോർജ്ജ് എബ്രഹാം

09/09/1959-ൽ ജനിച്ചു. പ്രീഡിഗ്രി റാങ്കോടെ പാസ്സായി, മുംബൈ ഐ.ഐ.ടി.യിൽ നിന്ന് എഞ്ചിനീയറിംഗ് ബിരുദം, അമേരിക്കൻ സ്കോളർഷിപ്പോടെ ഡോക്ടറൽ ഡിഗ്രി ഇൻ കമ്പ്യൂട്ടർ എഞ്ചിനീയ റിംഗ് എന്നിവ കരസ്ഥമാക്കി. യു.എസ്.എ.യിൽ എഞ്ചിനീയറായി (NVIDIA Samsung Google) ജോലി ചെയ്യുന്നു. Navi Mumbai പി.ഇ. മാത്യു (എക്സി.ഡയറക്ടർ, IOC)-ദീപ ദമ്പതികളുടെ മകൾ ഡോ. സൂസൻ ചിയെ 31-02-1989-ന് വിവാഹം ചെയ്തു. സൂസൻ Paediatrician ആയി അമേരിക്കയിൽ ജോലി ചെയ്യുന്നു. മൂന്നു മക്കൾ.

ഏഴാംതലമുറ

1331521 ഡോ.അതിഥി എബ്രഹാം (അതിഥി)

1331522 അഞ്ജലി എബ്രഹാം (അഞ്ജലി)

1331523 രോഹൻ എബ്രഹാം (രോഹൻ)

1331521ഡോ.അതിഥി എബ്രഹാം (അതിഥി)

29/11/1990-ൽ ജനിച്ചു. പീഡിയാട്രീഷ്യൻ ആയി ജോലി ചെയ്യുന്നു.

1331522 അഞ്ജലി എബ്രഹാം (അഞ്ജലി)

06/04/1995-ൽ ജനിച്ചു. സാൻഫ്രാൻസിസ്കോയിൽ സയൻസ് ടീച്ചർ ആയി ജോലി ചെയ്യുന്നു.

1331523 രോഹൻ എബ്രഹാം (രോഹൻ)

ഫോർണിയ) Working for M.P.lieu

29/07/2003-ൽ ജനിച്ചു. ബി.എ. (യൂണിവേഴ്സിറ്റി ഓഫ് കാലി

133153 ആനി ഗീവർഗീസ് (സുമ)

1963-ൽ ജനിച്ചു. വെല്ലൂർ സി.എം.സി.-യിൽ നിന്നും പൾമനോള ജിയിൽ ഡിഗ്രി നേടി. പൂവത്തൂർ കൊടുകല്ലേരിൽ ഡോ.മാത്യു വർഗീസ് വിവാഹം ചെയ്തു.

133154 സുബി ജോർജ്ജ്

31/08/1965-ൽ ജനിച്ചു. ബികോം & സി.എ.(ബോംബെ), എംബി എ. സിപിഎ (യു.എസ്.എ.) യോഗ്യതകൾ കരസ്ഥമാക്കി. ഫിനാൻസ് മാനേജർ (സതേൺ കമ്പനി, യു.എസ്.എ.) ആയി ജോലി ചെയ്യുന്നു. തിരുവല്ല പൈനുംമൂട്ടിൽ എച്ച്.പി.ജോർജ്ജ്-സാറാ ജോർജ്ജ് ദമ്പതി കളുടെ മകൾ റോഷ്നിയെ 1995 ജൂണിൽ വിവാഹം ചെയ. M.A., MBA (USA) Masters in Public Health എന്നിവ പാസ്സായ റോഷ്നി Vice Presient American Cancer Association, Working with Global Public Health അറ്റ്ലാന്റയിൽ ജോലി ചെയ്യുന്നു. ഒരു മകൻ.

ഏഴാംതലമുറ

1331541 രോഹിത് ജോർജ്ജ് (രോഹിത്)

27/11/2007-08. BTech. (Computer Engineer), now studying MTech. in Georgia University. Working for South Star Gas engaged in forecasting and Machine Learning.

1332 മറിയാമ്മ

1062-ൽ ജനിച്ചു. അയത്തിൽ കുരുക്കൻ കിഴക്കേതിൽ കുഞ്ഞുമ്മന്റെ മകൻ ഗീവർഗീസ് വിവാഹം ചെയ്തു.

1333 അബ്രഹാം

1066-ൽ ജനിച്ചു. ഇടയാറന്മുള ഇടത്തിമലയിൽ മാത്തൂണ്ണിയുടെ മകൾ അന്നാമ്മയെ വിവാഹം ചെയ്തു. 1098-ൽ മടുക്കനാക്കുഴി കിഴ ക്കേതിൽ താമസമാക്കി. 1976-ൽ നിര്യാതനായി. അന്നമ്മ 1933-ൽ നിര്യാ തയായി. 3 ആൺമക്കൾ, 3 പെൺമക്കൾ.

അഞ്ചാംതലമുറ

13331 റാഹേലമ്മ

13332അന്നമ്മ

13333ജോർജ്ജ്

13334 മാത്തുണ്ണി

13335മറിയാമ്മ

13336എം.എ.കോശി

13331 റാഹേലമ്മ

1086-ൽ ജനിച്ചു. പിരളശ്ശേരിൽ പൈനുംമൂട്ടിൽ ഐപ്പയുടെ മകൻ ഗീവർഗീസ് വിവാഹം ചെയ്തു. ഭർത്താവ് മരിച്ചുപോകയാൽ റാന്നി താന്നിമൂട്ടിൽ മത്തായി പുനർവിവാഹം ചെയ്തു.

13332 അന്നമ്മ

1088-ൽ ജനിച്ചു. റാന്നി കരുമ്പനാംകുഴിയിൽ കോയിക്കമണ്ണിലായ മരുതിമുട്ടിൽ ഗീവർഗീസിന്റെ മകൻ മാത്യു വിവാഹം ചെയ്തു.

13333 എം. എ. ജോർജ്ജ് ബി.എ., ബി.റ്റി. (കുട്ടി) അഞ്ചാം തലമുറ

20-ാം വയസ്സിൽ തോന്ന്യാമല മണ്ണിൽ തോമസിന്റെ മകൾ അന്നാ മ്മയെ

വിവാഹം ചെയ്തു. ഇ.എസ്.എൽ.സി.യും ടിടിസിയും പാസ്സാ യശേഷം കുമ്പളാംപൊയ്ക് സി.എസ്.ഐ. സ്കൂളിലും ഇടയാറന്മുള എച്ച്.എസ്.-ലും അധ്യാപകനായിരുന്നിട്ടുണ്ട്. പിന്നീട് മിലിട്ടറി സർവീ സിൽ പ്രവേശിച്ചു. യുദ്ധാനന്തരം തിരികെ വന്ന് ഗവ. സ്കൂളിൽ അധ്യാ പകനായി. തുടർന്ന് പ്രൈവറ്റായി ബി.എ.യും ചങ്ങനാശ്ശേരി എൻ. എസ്.എസ്. ട്രെയിനിംഗ് കോളേജിൽ നിന്നും ബി.റ്റി.യും പാസ്സായി. കടമ്മനിട്ട ഗവ. ഹൈസ്കൂളിൽ ഫസ്റ്റ് ഗ്രേഡ് അധ്യാപകനായി ജോലി ചെയ്ത് 1972-ൽ വിരമിച്ചു. ജോർജ്ജ് 2002 നവംബർ 3-ാം തീയതിയും, അന്നാമ്മ 1988 ഡിസംബർ 13-ാം തീയതിയും നിര്യാതരായി. ഒരു മകനും 3 പെൺമക്കളും ഉണ്ട്.

ആറാംതലമുറ

133331 എം. ജി. എബ്രഹാം (തങ്കച്ചൻ)

133332പൊന്നമ്മ

133333 റോസമ്മ

133334സാറാമ്മ

133331 എം.ജി.എബ്രഹാം ബി.എസ്സി.

19/09/1937-ൽ ജനിച്ചു. ഇന്റർമീഡിയറ്റിനുശേഷം പന്തളം എൻ.എ സ്.എസ്. കോളേജിൽ നിന്നും ബി.എസ്സി. പാസ്സായി. 27-01-1964-ൽ നെല്ലിക്കാലയിൽ വെള്ളപ്പാറയ്ക്കൽ എബ്രഹാമിന്റെ മകൾ അന്നാമ്മ യെ വിവാഹം കഴിച്ചു. എബ്രഹാം PWD ഉദ്യോഗസ്ഥനായിരുന്നു. അന്നാമ്മ ബി.എസ്സി., ബിഎഡ് (അമ്മിണി) ഗവ. ഹൈസ്കൂൾ ഫസ്റ്റ് ഗ്രേഡ് അധ്യാപികയായിരുന്നു. അന്നാമ്മ കടമ്മനിട്ട ഗവ. ഹൈസ്കൂ ളിൽനിന്നും റിട്ടയർ ചെയ്തു. അന്നാമ്മ 2003 ഡിസംബർ 26-ലും അബ്രഹാം 29/01/2007-ലും നിര്യാതരായി. അവർക്ക് മൂന്ന് ആൺമക്കൾ.

ഏഴാംതലമുറ

1333311 മോട്ടി ജോർജ്ജ് എബ്രഹാം

1333312 സോണി എബ്രഹാം

1333313 ഷെറി എബ്രഹാം

1333311 മോട്ടി ജോർജ്ജ് എബ്രഹാം

22/10/1965-ൽ ജനിച്ചു. സൈനിക് സ്കൂളിൽ നിന്ന് എസ്.എസ്. എൽ.സി.യും, പ്രീഡിഗ്രിയും ഉയർന്ന മാർക്കോടെ പാസ്സായി. കൊല്ലം ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിൽ നിന്ന് ഇലക്ട്രിക്കൽ എഞ്ചി നീയറിംഗ് പാസ്സായി. 1988-ൽ BPCL-ൽ എഞ്ചിനീയറായി ജോലി ലഭിച്ചു. 21-05-1999-ൽ നെല്ലിക്കാല തെക്കേവീട്ടിൽ തോമസ് മാത്യുവിന്റെ മകൾ ജയയെ വിവാഹം കഴിച്ചു. ജയ എം.എസ്.സി. (അഗ്രിക്കൾച്ചർ) പാസ്സായി കൊച്ചിയിൽ കേന്ദ്രസർക്കാരിൽ ഓഫീസർ തസ്തികയിൽ ജോലി ചെയ്തു. 2014 മുതൽ അബുദബി, കുവൈറ്റ് എന്നീ രാജ്യങ്ങ ളിൽ ജോലി ചെയ്തു. ഇപ്പോൾ

എറണാകുളത്ത് താമസിക്കുന്നു. അവർക്ക് രണ്ട് പെൺമക്കൾ.
എട്ടാംതലമുറ
13333111 ജെയ്മി അന്ന ജോർജ്ജ്
13333112 കിരൺ സൂസൻ ജോർജ്ജ്
13333111 ജെയ്മി അന്ന ജോർജ്ജ്
02/07/1993-ൽ ജനിച്ചു. എം.ഡി.എസ്. പഠനത്തിനുശേഷം 29/06/2022-ൽ കോട്ടയ്ക്കൽ കല്ലൂപ്പാറ എബി മാത്യുവിൻ്റെ മകൻ മിലൻ വിവാഹം കഴിച്ചു
13333112 കിരൺ സൂസൻ ജോർജ് (02/11/1995)
02/11/1995-ൽ ജനിച്ചു. എം.ഡി.എസ്. പഠനശേഷം അധ്യാപനവും പ്രാക്ടീസും ചെയ്യുന്നു.
1333312 ഗ്രൂപ്പ് ക്യാപ്റ്റൻ സോണി എബ്രഹാം
19/11/1967-ന് ജനിച്ചു. ബി.ഇ. (ഇലക്ട്രോണിക്സ് & കമ്മ്യൂണി ക്കേഷൻസ്) പാസ്സായി ഇന്ത്യൻ എയർഫോഴ്സിൽ ജോലി ചെയ്തു. ഇപ്പോൾ വിരമിച്ച്, എറണാകുളത്ത് താമസിക്കുന്നു. എറണാകുളം പാലാരിവട്ടം മുണ്ടപ്ലാക്കൽ എം.എസ്.മാത്യു-എലിസബത്ത് മാത്യു (ഡെയ്സി) ദമ്പതികളുടെ മകൾ സോണിയ എസ്.എബ്രഹാമിനെ 06/11/1993-നെ വിവാഹം ചെയ്തു. സോണിയ എം.എസ്സി. ബിഎഡ് ബിരുദധാരിയാണ്. ടീച്ചറായി ജോലി ചെയ്യുന്നു. ഇവർക്ക് രണ്ട് മക്കൾ.
എട്ടാംതലമുറ
13333121 സഞ്ജയ് സോണി എബ്രഹാം
13333122 സ്നേഹ ആൻ സോണി
13333121 സഞ്ജയ് സോണി എബ്രഹാം
13/07/1996-ന് ജനിച്ചു. ബിടെക്, പഠനത്തിനുശേഷം സിവിൽ പൈലറ്റ് കോഴ്സ് പൂർത്തിയാക്കി ഇപ്പോൾ ഇൻഡിഗോ എയർലൈൻ സിൽ പൈലറ്റ് ആയി സേവനം ചെയ്യുന്നു. സഞ്ജയ് 22-05-2025-ൽ തുമ്പമൺ മേടയിൽ ഡോ.ബിജു-അനിത ദമ്പതികളുടെ മകൾ ഡോ. റീബു ജോണിനെ വിവാഹം ചെയ്തു.
13333122 സ്നേഹ ആൻ സോണി
20/08/1998-ന് ജനിച്ചു. ബി.ടെക്. പഠനത്തിനുശേഷം ഇൻഫോ സിസിൽ സോഫ്റ്റ്വെയർ എഞ്ചിനീയറായി ജോലി ചെയ്യുന്നു.
1333313 ഷെറി എബ്രഹാം (മോനി)
01/07/1969-ൽ ജനിച്ചു. എം. കോം. പാസ്സായി, എറണാകുളത്ത് കൺസൾട്ടന്റായി ജോലി ചെയ്തു. ഇപ്പോൾ വിരമിച്ച് എറണാകുളത്ത് താമസിക്കുന്നു. പത്തനംതിട്ട പ്രക്കാനം മുളമൂട്ടിൽ എം.എം.ജോർജ്ജ് . അമ്മിണി ജോർജ്ജ് ദമ്പതികളുടെ മകൾ സൂസൻ ജോർജ്ജിനെ 12 06/2003 -ന്

വിവാഹം ചെയ്തു. സൂസൻ എം.എ. പാസ്സായിട്ടുണ്ട്. ഇവർക്ക് ഒരു മകൾ.
എട്ടാംതലമുറ
13133131 സഞ്ജന ആൻ എബ്രഹാം (നീതു)
03/08/2004-ൽ ജനിച്ചു. ബിടെക്. ഫൈനൽ ഇയർ വിദ്യാർഥിനി യാണ്.
133332 പൊന്നമ്മ
1116-ൽ ജനിച്ചു. റാന്നി കോയിക്കമണ്ണിൽ ശമുവേലിൻറെ മകൻ ഗീവർഗീസ് വിവാഹം ചെയ്തു.
133333 റോസമ്മ
1119-ൽ ജനിച്ചു. ഇലന്തൂർ കിഴക്കേക്കര കൊച്ചുമ്മൻറെ മകൻ ജോർജ്ജുകുട്ടി വിവാഹം ചെയ്തു.
133334 സാറമ്മ
1122-ൽ ജനിച്ചു. ഓമല്ലൂർ ചാത്തപ്ലാമൂട്ടിൽ ചാക്കോയുടെ മകൻ റവ. ഡേവിഡ് വിവാഹം ചെയ്തു.
133334 മാത്തുണ്ണി (പാപ്പി)
1094-ൽ ജനിച്ചു. കുമ്പളാംപൊയ്ക പൂവണ്ണുംമൂട്ടിൽ ശോശാമ്മയെ വിവാഹം ചെയ്തു. നാരങ്ങാനം പഞ്ചായത്ത് മെമ്പറായും നെടുംചേരി സി.എസ്.ഐ. സഭയുടെ കൈക്കാരനായും സേവനം ചെയ്തിട്ടുണ്ട് ശോശാമ്മ 21/02/1969-ലും മാത്തുണ്ണി 21/03/1992-ലും നിര്യാതരായി 1 മകൻ, 2 പെൺമക്കൾ.
ആറാംതലമുറ
133341 അന്നാമ്മ
133342 ലൈസാമ്മ
133343 എം.എം.ഏബ്രഹാം (കുഞ്ഞുമോൻ)
133341 അന്നാമ്മ
1116-ൽ ജനിച്ചു. വടശ്ശേരിക്കര തെക്കോട്ടിൽ ജോണിൻറെ മകൻ തോമസ് വിവാഹം ചെയ്തു.
133342 ലൈസാമ്മ
ചാത്തങ്കേരിൽ വടക്കേടത്ത് ചിറയിൽ ജോണിക്കുട്ടി വിവാഹം ചെയ്തു.
133343 എം.എം.എബ്രഹാം, നെടുംചേരി
02/07/1947-ൽ ജനിച്ചു. ബി.എസ്.സി. അഗ്രിക്കൾച്ചർ പാസ്സായി. കേരള അഗ്രിക്കൾച്ചറൽ ഡെപ്യൂട്ടി ഡയറക്ടറായി സേവനം ചെയ്ത വിരമിച്ചു. സഭ, രാഷ്ട്രീയ, സാമൂഹിക പ്രവർത്തനം എന്നിവ നിർവഹി ക്കുന്നു. അഖിലേന്ത്യാ കിസാൻ സഭ, പത്തനംതിട്ട മണ്ഡലം പ്രസി ഡൻറ്, ജില്ലാകമ്മിറ്റി അംഗം, നാരങ്ങാനം പഞ്ചായത്ത് ആസൂത്രണസ മിതി ഉപാധ്യക്ഷൻ, മഹായിടവക ഡയോസിസൻ കൗൺസിൽ അംഗം (സി.എസ്.ഐ.) എന്നീ നിലകളിൽ

പ്രവർത്തിക്കുന്നു.

കോഴഞ്ചേരി തെക്കേമല ചെളിക്കുഴിയിൽ ഉമ്മൻ ഇട്ടിയുടെയും മറിയാമ്മ ഇട്ടിയുടെയും മകൾ സൂസന്നാമ്മയെ 1971 മേയ് 31-ന് വിവാഹം കഴിച്ചു. സൂസന്നാമ്മ ബി.എസ്സി., ബി.എഡ്. എന്നിവ പാസ്സായിട്ടു ണ്ട്. നാരങ്ങാനം ഗവൺമെന്റ് ഹൈസ്കൂളിൽ പ്രധാനാധ്യാപികയായി ജോലി ചെയ്ത് വിരമിച്ച് ഇപ്പോൾ വിശ്രമജീവിതം നയിക്കുന്നു. 2 ആൺമക്കൾ, 1 മകൾ.

ഏഴാംതലമുറ

1333431 പ്രമോദ് എബ്രഹാം (പ്രമോദ്)

1333432 പ്രീതി എബ്രഹാം (പ്രീതി)

1333433 പ്രദീപ് എബ്രഹാം (പ്രദീപ്)

1333431 പ്രമോദ് എബ്രഹാം

1972 നവംബർ 14-ന് ജനിച്ചു. ഫിസിയോതെറാപ്പിയിൽ ബിരുദവും ബിരുദാനന്തരബിരുദവും കരസ്ഥമാക്കിയശേഷം സൗത്ത് ആഫ്രിക്ക

PUNNAKKAD MALAYIL FAMILY HISTORY

SITTING: JOASH, SUSANNAMMA, KUNJUMON, JOSHUA STANDING: DR. TINA, JESTINA, PRADEEP, RACHEL, PREETHY, SANTOSH, PRAMOD, ANNA, INDU, JUBAL, DR. RENIT

MADUKKANAKUZHIYIL

യിൽ പോർട്ട് എലിസബത്ത് എന്ന സ്ഥലത്ത് സ്വന്തമായി ക്ലിനിക് നട ത്തുന്നു. തിരുവനന്തപുരം ജഗതി മങ്ങാട്ട് റിട്ട. ഡി. ഐ. ജി. ചാക്കോയെ 1997 ഡിസംബർ 11-ന് വിവാഹം ചെയ്തു. ഇന്ദു ബി.എസ്. റ്റി.എം. ചാക്കോയുടെയും മേരിക്കുട്ടി ചാക്കോയുടെയും മകൾ ഇന്ദു സി കമ്പ്യൂട്ടർ സയൻസ്, എം.സി.എ., നെൽസൺ മണ്ടേല യൂണിവേഴ്സിറ്റി കമ്പ്യൂട്ടർ വിഭാഗം ഡയറക്ടറായി എന്നീ യോഗ്യതകൾ കരസ്ഥമാക്കിയിട്ടുണ്ട്. സൗത്ത് ആഫ്രിക്ക ജോലി ചെയ്യുന്നു. ഇവർക്ക് രണ്ടുമക്കൾ. എ., എം.ബി.എ.(സൗത്ത് ആഫ്രിക്ക)

എട്ടാംതലമുറ

13334311 ഡോ. റ്റീന പ്രമോദ് (റ്റീന)

13334312 അന്ന പ്രമോദ് (അന്ന)

13334311 ഡോ. റ്റീന പ്രമോദ് (റ്റീന)

24-01-2000-ന് ജനിച്ചു. റ്റീന മെഡിക്കൽ ഗ്രാജുവേറ്റ് ആണ്. സൗത്ത് ആഫ്രിക്ക ഈസ്റ്റേൺ കേപ്പ്-ൽ നിന്നും ഫസ്റ്റ് റാങ്കോടെയാണ് പാസ്സാ യത്. കൈപ്പട്ടൂർ നെടുംകണ്ടത്തിൽ റെജി-ജയ ദമ്പതികളുടെ മകൻ ഡോ. റെനിറ്റ് 06-04-2024-ൽ

വിവാഹം ചെയ്തു. രണ്ടുപേരും സൗത്ത് ആഫ്രിക്കയിൽ സർക്കാർ സർവീസിൽ ഡോക്ടേഴ്സാണ്.

13334312 അന്ന പ്രമോദ് (അന്ന)

29-12-2004-ന് ജനിച്ചു. എഞ്ചിനീയറിംഗ് വിദ്യാർഥിനിയാണ്. സൗത്ത് ആഫ്രിക്ക ഈസ്റ്റേൺ കേപ്പ്-ൽ നിന്നും ഹയർ സെക്കൻഡ റിയിൽ റാങ്ക് ഹോൾഡർ ആണ്.

1333432 പ്രീതി എബ്രഹാം

05/05/1974-ൽ ജനിച്ചു. 1997 മേയ് 26-ന് പത്തനംതിട്ട ചാങ്ങയിൽ പാപ്പച്ചൻ-അന്നമ്മ ദമ്പതികളുടെ മകൻ സന്തോഷ് വിവാഹം ചെയ്തു.

1333433 പ്രദീപ് എബ്രഹാം

1979 ജൂൺ 27-ന് ജനിച്ചു. ഇദ്ദേഹം ബി.ബി.എ., എം.റ്റി.എ. എന്നീ കോഴ്സുകൾ പാസ്സായിട്ടുണ്ട്. കോന്നി എസ്.എൻ.ഡി.പി. ആർട്സ് & സയൻസ് കോളജിൽ അസിസ്റ്റന്റ് പ്രൊഫസറാണ്. പ്രദീപ് നെടുംചേരി സെന്റ് പോൾസ് സി.എസ്.ഐ. ചർച്ച് സെക്രട്ടറി ആയി സേവനം ചെയ്യുന്നു. കോഴഞ്ചേരി ചെറുകോൽ വട്ടപുരയിടത്തിൽ എം.വി.ചെറിയാൻ കുഞ്ഞിന്റെയും വത്സമ്മ ചെറിയാന്റെയും മകൾ ജസ്റ്റീന ചെറിയാനെ 01-01-2007-ൽ വിവാഹം കഴിച്ചു. ജസ്റ്റീന എം.എസ്.സി. (ഐ.ടി.) ബിരുദ ധാരിയാണ്. കോഴഞ്ചേരി മാർത്തോമ്മാ സീനിയർ സെക്കൻഡറി സ്കൂ ളിൽ കമ്പ്യൂട്ടർ സയൻസ് H.O.D. ആണ്. ഇവർക്ക് രണ്ട് ആൺമക്കൾ.

എട്ടാംതലമുറ

13334331 ജോയഷ് എബ്രഹാം പ്രദീപ് (ജോയഷ്)

13334332 ജുബൽ ചെറിയാൻ പ്രദീപ് (ജൂബൽ)

13334331 ജോയഷ് എബ്രഹാം പ്രദീപ് (ജോയഷ്)

10-05-2008-ൽ ജനിച്ചു. പ്ലസ്ടു വിദ്യാർഥിയാണ്.

13334332 ജൂബൽ ചെറിയാൻ പ്രദീപ് (ജൂബൽ)

26-02-2011-ന് ജനിച്ചു. 9-ാം ക്ലാസ് വിദ്യാർഥിയാണ്.

13335 മറിയാമ്മ

1924-ൽ ജനിച്ചു. ചൊറിച്ചുമാങ്കൽ മാത്യു വിവാഹം ചെയ്തു.

13336 എം.എ.കോശി M.A. I.A.S. (ബേബി) (അഞ്ചാംതലമുറ)

1926-ൽ ജനിച്ചു. ബി.എസ്.സി., എം.എ,ബിരുദങ്ങൾ റാങ്കോടെ പാസ്സായി. ശ്രീലങ്കയിൽ സെന്റ് ലൂക്ക് ക്രൈസ്റ്റ് കിംഗ് കോളേജിലും പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിലും സേവനമനുഷ്ഠിച്ചു. ഗവൺമെന്റ് സർവീസിൽ ഡെപ്യൂട്ടി കളക്ടർ തസ്തിക തിരഞ്ഞെടുപ്പിൽ സ്റ്റേറ്റിൽ ഒന്നാംസ്ഥാനം നേടുകയും 1977-ൽ സീനിയർ ഐ.എ.എസ്. ഓഫീസറായി നിയമിതനാകുകയും ചെയ്തു. കണ്ണൂരും എറണാ കുള ത്തും കളക്ടറായി സേവനം ചെയ്തിട്ടുണ്ട്. 1984-ൽ സർവീസിൽനിന്നും വിരമിച്ചശേഷം

വിദ്യാഭ്യാസമന്ത്രിയുടെ സെക്രട്ടറിയായി ജോലി നോക്കിയിട്ടുണ്ട്. മലയിൽ കുടുംബത്തിൽനിന്നും ഇന്ത്യൻ അഡ്മിനി സ്ട്രേഷൻ സർവീസിൽ നിയമനം ലഭിച്ചിട്ടുള്ള ആദ്യവ്യക്തിയാണ് കോശി. 1954 ഏപ്രിൽ 28-ന് തിരുവല്ല കിഴക്കൻ മുത്തൂർ രാജ്കോട്ട് ഫിലിപ്പിന്റെ മകൾ ലീലാമ്മയെ (ബി.എസ്സി., ബിഎഡ്.) വിവാഹം ചെയ്തു. ലീലാമ്മ മൈലപ്ര എസ്.എച്ച്. ഹൈസ്കൂളിൽ അധ്യാപിക യായിരുന്നു. ഇവർക്ക് ഒരു മകളും 2 ആൺമക്കളും ഉണ്ട്. 1977 ഫെബ്രു വരി 19-ന് ലീലാമ്മയും 1992 ആഗസ്റ്റ് 28-ന് കോശിയും നിര്യാതരായി.

ആറാംതലമുറ

133361 റാണി

133362രഞ്ജിത്ത്

133363ഫിലിപ്പ് കോശി (റോയി)

133361 റാണി

1955-ൽ ജനിച്ചു. കോഴഞ്ചേരി തേവർകാട്ടിൽ തോമസിന്റെ മകൻ ജോ തോമസ് വിവാഹം ചെയ്തു.

133362 എബ്രഹാം കോശി മലയിൽ (രഞ്ജിത്ത്) (തിരുവനന്തപുരം)

1960 മേയ് 20-ന് ജനിച്ചു. എഞ്ചിനീയറിംഗിൽ ബിരുദം കരസ്ഥമാ ക്കിയിട്ടുണ്ട്. സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷനിൽ അസിസ്റ്റന്റ് എഞ്ചിനിയർ, ജലസേചനവകുപ്പിൽ രൂപകല്പന വിഭാഗം ഡയറ കോൺഫ്രൻസിൽ പ്രബന്ധം അവതരിപ്പിച്ചു. ളിൽ ജോലി ചെയ്തിട്ടുണ്ട്. 2017-ലെ ഇന്ത്യൻ വാട്ടർ ലീക്ക് രാജ്യാന്തര കോൺഫറൻസിൽ പ്രാബന്ധം അവതരിപ്പിച്ചു.

ജലനയ രൂപീകരണസമിതിയിൽ രണ്ടു പ്രാവശ്യം പ്രവർത്തിച്ചി ട്ടുണ്ട്. എബ്രഹാം കോശി മലയിൽ ആദ്യ കുടുംബഹാളിന്റെ രൂപ ചെയ്യുകയും നിർമ്മാണത്തിൽ സി.എസ്.ഐ. മദ്ധ്യകേരള മഹായിടവക കൗൺസിൽ അംഗമായിരുന്നു. ഹരിതകേരള മിഷൻ അസിസ്റ്റൻറ് കോ ഓ ർഡിനേറ്ററായും പ്രവർത്തിച്ചു.

കൊല്ലം മൂക്കത്ത് വടക്കേപെറമ്പിൽ മുൻ നഗരസഭാ കൗൺസിലർ ജോർജ്ജ് വറുഗീസിന്റെ മകൾ ഉഷയെ 26-08-1985-ൽ വിവാഹം കഴി ച്ചു. ഉഷ ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തരബിരുദധാരിയാണ്. ഒരു മകൻ.

ഏഴാംതലമുറാനിലും

1333621 റെബിൻ കോശി എബ്രഹാം

04-09-1988-ൽ ജനിച്ചു. ബി.എ., എം.ബി.എ. (Technology to Public Policy Post Graduation) എന്നിവ പാസ്സായിട്ടുണ്ട്. തിരുവനന്തപുരം ടെക്നോപാർക്കിൽ ജോലി ചെയ്തിട്ടുണ്ട്. ഗായ ഗ്ലോബൽ ടെക്നോ ളജീസ് എന്ന അന്താരാഷ്ട്ര സ്ഥാപനത്തിന്റെ ദുബയ് ഓഫീസിൽ പ്രോജക്റ്റ് മാനേജരായി ജോലി

ചെയ്യുന്നു.

തിരുവല്ല ഇല്ലംപള്ളിൽ (ബാംഗ്ലൂർ) അജിത് ജേക്കബിന്റെയും മേരി ജേക്കബിന്റെയും മകൾ സ്നേഹ സൂസൻ ജേക്കബിനെ 2018 ഏപ്രിൽ 7-ന് വിവാഹം കഴിച്ചു. സ്നേഹ ഇൻഡസ്ട്രിയൽ എഞ്ചിനീയറിംഗ് ബിരുദം, Massachusetts ഇൻസ്റ്റിറ്റ്യൂട്ട് ഓഫീസ് ടെക്നോളജിയിൽ നിന്നും സപ്ലൈ മെയിനിൽ ബിരുദാനന്തരബിരുദം എന്നിവ കരസ്ഥമാ ക്കിയിട്ടുണ്ട്. ഹെയ്ൻസിലും ക്രാഫ്റ്റ് ഹെയ്ൻസിലും സപ്ലൈ മെയിൻ ഹെഡ് ആയി ദുബയിൽ ജോലി ചെയ്യുന്നു. ഇവർക്ക് ഒരു മകൾ.

എട്ടാംതലമുറ

13336211 Rahel Ann Mary Abraham

14-08-2025-ൽ ജനിച്ചു.

193363 ഫിലിപ്പ് കോശി

1968 ജൂൺ 1-ന് ജനിച്ചു. ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗിൽ ബിരുദാനന്തരബിരുദം കരസ്ഥമാക്കി. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഡെപ്യൂട്ടി ജനറൽ മാനേജരായി ബാംഗ്ലൂർ, മംഗലാപുരം എന്നിവിടങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇന്ത്യയുടെ ഗഗൻ പദ്ധ തിയിലും ഇൻസ്ട്രുമെന്റ് ലാൻഡിംഗ് കാര്യക്ഷമമാക്കുന്ന പദ്ധതിയിലും അമേരിക്കയിൽ പരിശീലനം നേടുകയും നിർണ്ണായക പങ്കുവഹിക്കു കയും ചെയ്തു. കൊല്ലം പൂവത്തൂർ റിട്ട. എഞ്ചിനീയർ പി. ജെ. ചാക്കോ യുടെയും സുശീലയുടെയും മകൾ സുബു അന്ന ചാക്കോയെ 1994 ഫെബ്രുവരി 7-ന് വിവാഹം ചെയ്തു. സുബു എഞ്ചിനീയറിംഗ് ബിരുദ ധാരിയാണ്. ഫിലിപ്പ് കോശി 2018 ജൂലൈ 22-ന് നിര്യാതനായി. ഒരു മകൻ

ഏഴാംതലമുറ

1333631 ഡോ നിഥിൻ കോശി ഫിലിപ്പ്.

15-02-1996-ന് ജനിച്ചു. എം.ബി.ബി.എസ്.കരസ്ഥമാക്കിയശേഷം ജനറൽ മെഡിസിനിൽ എം.ഡി. എടുത്തു. കൊച്ചി അമൃത മെഡിക്കൽ കോളജിൽ ഡി.എം. പഠനം തുടരുന്നു. 15/01/2026-ൽ തുമ്പമൺ പള്ളി വാതുക്കൽ ജോസഫ് ചെറിയാന്റെയും എലിസബത്ത് വി. ജോർജ്ജി ന്റെയും മകൾ ഡോ. ജോവാൻ MBBS, MDയെ വിവാഹം ചെയ്തു.

1334 ഏലിയാമ്മ

1069-ൽ ജനിച്ചു. കോഴഞ്ചേരി കോയിക്കമണ്ണിൽ കൊച്ചാണ്ടിയുടെ മകൻ പോത്തൻ വിവാഹം ചെയ്തു.

1335 മത്തായി

1072-ൽ ജനിച്ചു. കടമ്മനിട്ട ചാത്തുകാവിൽ ചാക്കോയുടെ മകൾ സാറാമ്മയെ വിവാഹം ചെയ്തു. 4 പെൺമക്കൾ, 1 മകൻ.

അഞ്ചാം തലമുറ

13351 ശോശാമ്മ
13352 മേരിക്കുട്ടി
1335322 തങ്കമ്മ
13354 ഡോ. ജോൺ മാത്യു (സാംകുട്ടി)
13355 ഗ്രേസിക്കുട്ടി
13351 ശോശാമ്മ
1096-ൽ ജനിച്ചു. ഇടയാറന്മുള പേരങ്ങാട്ട് പടിയ്ക്കൽ തോമസിന്റെ മകൻ ഈശോ വിവാഹം ചെയ്തു.
13352മേരിക്കുട്ടി
1102-ൽ ജനിച്ചു. പത്തനാപുരത്ത് തെക്കേടത്ത് വളവുപുരയിട ത്തിൽ വറുഗീസ് മകൻ മാത്യു വിവാഹം ചെയ്തു
13353 തങ്കമ്മ
1107-ൽ ജനിച്ചു. പരിയാരത്ത് താന്നിനില്ക്കുന്നതിൽ ദാവീദിന്റെ മകൻ തോമസ് വിവാഹം ചെയ്തു.
13354 ഡോ. ജോൺ മാത്യു
1111 മകരം 23 ന് - ജനിച്ചു MBBS (Medical College, Thiruvantha-puram), MD, MS, FRCP and FAAP (US) 513 5 അമേരിക്ക എന്നി മാക്കി തിരുവല്ല മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ, വിടങ്ങളിൽ പീഡിയാട്രീഷ്യൻ ആയി സേവനം ചെയ്തു. പ്രയാർ ചൂത്തേത്ത് മത്തായിയുടെ മകൾ മേരിക്കുട്ടിയെ 01/09/1967-ന് വിവാഹം ചെയ്തു. മേരിക്കുട്ടി ബി.എസ്സി. ബി.എഡ്. യോഗ്യത നേടിയിട്ടുണ്ട്. ജോൺ മാത്യു 26/02/2023-ൽ നിര്യാതനായി. ഡോ. ജോൺ മാത്യുവിന്റെ ഭാര്യയും മക്കളും യു.എസ്.ൽ സ്ഥിരതാമസമാണ്. നാല് മക്കൾ.
ആറാംതലമുറ
133541 ഡോ. സന്തോഷ് മാത്യൂസ് (സന്തോഷ്)
133542 കുസുമം എസ്. മാത്യൂസ് (കുസുമം)
133543 വിജയ് മാത്യൂസ് (വിജയ്)
133544 ഗീത ജെ. മാത്യൂസ് (ഗീത)
113541 ഡോ. സന്തോഷ് ജെ.മാത്യൂസ്
05-12-1976-08 ൽ ജനിച്ചു.M.D., M.S. Cardiologist Advanced Catheterization Fellowship, U.SA. മൂന്നു മക്കൾ
ഏഴാംതലമുറ
1335411 കോബി കാർട്ടർ മാത്യൂസ്
1335412 എല്ലാ ഗ്രേസ് മാത്യൂസ്
135413 ജാക്ക് തോമസ് മാത്യൂസ്
1335411 കോബി കാർട്ടർ മാത്യൂസ്
09/09/1997-ൽ ജനിച്ചു.

1335412 എല്ലാ ഗ്രേസ് മാത്യൂസ്
24/07/2000-ൽ ജനിച്ചു.
133413 ജാക്ക് തോമസ് മാത്യൂസ്
01/05/2013-ൽ ജനിച്ചു.
133543 വിജയ് മാത്യൂസ്
26/02/1982-ന് ജനിച്ചു. ബി.എ. ഫൈൻ ആർട്സ് (യു.എസ്.എ.) കരസ്ഥമാക്കി. പ്രൊഡക്റ്റ് ഡിസൈനറായി യു.എസ്.എ.യിൽ ജോലി ചെയ്യുന്നു. 25/06/2016-ൽ ഗീത ഗജനൻ ലാൻഡിനെ വിവാഹം കഴിച്ചു. ഗീത ഫിസിഷ്യൻ ആണ്. രണ്ടുമക്കൾ.
ഏഴാംതലമുറ
1335431 രോഹൻ ലാൻഡ് മാത്യൂസ്
1335432 ദേവ് ലാൻഡ് മാത്യൂസ്
1335431 രോഹൻ ലാൻഡ് മാത്യൂസ്
02/06/2021-ൽ ജനിച്ചു.
1335432 ദേവ് ലാൻഡ് മാത്യൂസ്
22/05/2024-ൽ ജനിച്ചു.
133544 ഗീത ജെ. മാത്യൂസ്
1983-ൽ ജനിച്ചു. ബി.എസ്.സി., എം.എ. എം.ബി.എ. (യു.എസ്.എ) Working in Los Angels CA, USA
13355 ഗ്രേസിക്കുട്ടി
1116-ൽ ജനിച്ചു. ആനിക്കാട് ചുഴികുന്നിൽ വറുഗീസിൻ്റെ മകൻ ജോർജ്ജ് വിവാഹം ചെയ്തു.
1336 ഗീവറുഗീസ് (പൊടിയൻ)
1076-ൽ ജനിച്ചു. ഇടയാറന്മുള അണ്ടത്തേത്ത് ചെറിയാൻ്റെ മകൾ ഏലിയാമ്മയെ വിവാഹം ചെയ്തു. ഗീവറുഗീസ് 24-05-1982-ൽ നിര്യാതനായി. 4 പുത്രന്മാർ 5 പുത്രിമാർ.
അഞ്ചാംതലമുറ
13361 മറിയാമ്മ
13362 ജോർജ്ജ്
13363കുഞ്ഞമ്മ
13364ഏലിയാമ്മ
13365ചെറിയാൻ
13366തോമസ്
13367മാത്യു
13368അന്നാമ്മ
13369പെണ്ണമ്മ

13361 മറിയാമ്മ

1102-ൽ ജനിച്ചു. റാന്നിയിൽ കൊളഞ്ഞിക്കൊമ്പിൽ തോമസിന്റെ മകൻ ശമുവേൽ വിവാഹം ചെയ്തു.

13362 ജോർജ്ജ്

1105-ൽ ജനിച്ചു. തിരുവല്ല ജയമംഗലത്ത് ജോർജ്ജ് പോത്തന്റെ മകൾ മെയ് ജോർജ്ജിനെ വിവാഹം ചെയ്തു. ജോർജ്ജ് 1976-ലും നിര്യതയായി.ഒരു മകൻ

133621 ലാൽ ജോർജ്ജ്

08/06/1966-ൽ ജനിച്ചു.

19363കുഞ്ഞമ്മ

1107-ൽ ജനിച്ചു. മൈലപ്ര താഴത്തേതിൽ തോമസിന്റെ മകൻ ദാനി യേൽ വിവാഹം ചെയ്തു.

13364 ഏലിയാമ്മ

1109-ൽ ജനിച്ചു. വയലത്തല കുഴിമണ്ണിൽ കൊച്ചേത്ത് തോമസ് വിവാഹം ചെയ്തു.

13365 എം. ജി. ചെറിയാൻ

1111 തുലാം 5-ന് ജനിച്ചു. ഇന്റർമീഡിയറ്റ് പാസ്സായി സി.എസ്.ഐ. മദ്ധ്യകേരള മഹായിടവകയിൽ സഭാപ്രവർത്തകനായി. അമേരിക്കയിൽ ചിക്കാഗോയിൽ ജോലി ചെയ്തു. ഉതിമൂട്ടിൽ കൊരട്ടിയിൽ ഫിലിപ്പി ന്റെ മകൾ ചിന്നക്കുട്ടിയെ 03/06/1976-ന് വിവാഹം ചെയ്തു. നഴ്സിംഗ് പാസ്സായി അമേരിക്കയിൽ നഴ്സായി ജോലി ചെയ്തിരുന്നു. 26/10/1992-ൽ ചെറിയാനും 06/10/2024-ൽ ചിന്നക്കുട്ടിയും അമേരിക്കയിൽ വച്ച് നിര്യാതരായി. ഒരു മകൻ, ആറാംതലമുറ

133651 ക്ലമന്റ് ചെറിയാൻ

03/03/1981-ൽ ജനിച്ചു. ഗവേഷണ വിദ്യാർഥിയാണ്. യു.എസിലെ ചിക്കാഗോയിൽ ജോലി ചെയ്യുന്നു. ചെങ്ങന്നൂർ ആശാരിയേത്ത് തോവേലിൽ ചെറിയാൻ എബ്രഹാം-അന്നമ്മ ദമ്പതികളുടെ മകൾ അനിതയെ 18/05/2012-ന് വിവാഹം ചെയ്തു. അനിത ഹെൽത്ത് അഡ്മിനിസ്ട്രേഷനിൽ പിഎച്ച്ഡി എടുത്തു. യു.എസിൽ ചിക്കാഗോ യിൽ ജോലി ചെയ്യുന്നു. അഞ്ച് മക്കൾ. ഏഴാംതലമുറ

1336511നവോമി

1936512 നിക്കോൾ

1136513 നോവാഹ്

1336514 നോറാ

1336515നൈസിയ

1336511 നവോമി

2013 മേയ്-ൽ ജനിച്ചു.

1336512 നിക്കോൾ

2014 ആഗസ്റ്റിൽ ജനിച്ചു.

1336513 നോവാഹ്

2016 ഡിസംബറിൽ ജനിച്ചു.

1336514 നോറാ

2019 മേയ്-ൽ ജനിച്ചു.

1336515 നൈസിയ

2023 ജൂണിൽ ജനിച്ചു.

13366 എം. ജി. തോമസ്

1113 കുംഭം 22-ന് ജനിച്ചു. ഹോമിയോപ്പതി, ആയുർവേദം യോഗ്യത കരസ്ഥമാക്കിയിട്ടുണ്ട്. ചീക്കനാൽ ഇടയിൽ ഇടിക്കുള മാസ്റ്ററുടെ മകൾ ലീലാമ്മയെ 17/11/1974-ന് വിവാഹം ചെയ്തു. ലീലാമ്മ തോമസ് കുരീ ലയം ഓർത്തഡോക്സ് സഭയിലെ സജീവഅംഗമാണ്. 30/10/2010-ൽ നിര്യാതനായി. മൂന്നു മക്കൾ.

ആറാംതലമുറ

133661ലിൻസി തോമസ് (ലിൻസി)

133662 നാഷ് തോമസ് (നാഷ്)

133663 ആഷ്ലി തോമസ് (ആഷ്ലി)

133661 ലിൻസി തോമസ് (ലിൻസി)

25/05/1977-ൽ ജനിച്ചു. ബിഎ)., പി.ജി.ഡി.സി.എ). എന്നീ ബിരുദങ്ങൾ നേടി.

13362 നാഷ് തോമസ്

30-10-1979-ൽ ജനിച്ചു. MCom., ACMA എന്നീ യോഗ്യതകൾ കര . M/s Plantation Corporation Ltd., Ponmudi Rubber (P) Ltd. Kerala Automobile, Travancore Titanium Project, Kerala State Water flood Development Corporation, NTCR Technologies എന്നീ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. കേന്ദ്ര-കേരള സർക്കാരുകളുടെ ഒട്ടുമുക്കാലും നവീനമായ ആശയങ്ങളും നാഷ് KSIDC-യിൽ ആയിരിക്കു മ്പോൾ നൽകിയതാണ്.

133663 ആഷ്ലി തോമസ് (ആഷ്ലി)

27/06/1981-ൽ ജനിച്ചു. എം.എ). (എക്കണോമിക്സ്) കോട്ടയം ബസേലിയസ് കോളജ് അധ്യാപികയാണ്.

13367 എം.ജി.മാത്യു

1116 മകരം 23-ന് ജനിച്ചു. ബിഎ പാസ്സായിട്ടുണ്ട്. കൃഷിക്കാരനാണ് ഓമല്ലൂർ തെക്കേടത്ത് വീട്ടിൽ ഗീവർഗീസ് ചോനയുടെ മകൾ അന്നമ്മ (പങ്കിയമ്മ)യെ 19/08/1974-ന് വിവാഹം ചെയ്തു. എസ്.എസ്.എൽ. സി. പാസ്സായിട്ടുണ്ട്.31/10/2013-ൽ അന്നമ്മ നിര്യതയായി. ഇവർക്ക് ഒരു മകൻ.

ആറാംതലമുറ

133671 റവ.വറുഗീസ് മാത്യു (മനോജ്)

31/05/ 1975-ൽ ജനിച്ചു. ബിഎ, ബിഡി, പിജിഡിസിഎ എന്നീ വിദ്യാ ഭ്യാസ യോഗ്യതകൾ കരസ്ഥമാക്കി. സിഎസ്.ഐ. മധ്യകേരള മഹാ തിടവകയുടെ നീരേറ്റുകാവ്, കഞ്ഞിക്കുഴി, തിടനാട്, താഴത്തുമൺ, ഷാർജ, റാന്നി എന്നീ ഇടവകകളിൽ ശുശ്രൂഷ ചെയ്തശേഷം ഇപ്പോൾ ഇലന്തൂർ സി.എസ്.ഐ. സഭയിൽ

സേവനമനുഷ്ഠിക്കുന്നു. ചണ്ണപ്പേട്ട ഇടുപടിക്കൽ റവ.എം.എം.തോമസ്-സൂസമ്മ മത്തായി ദമ്പതികളുടെ മകൾ മേരി സൂസൻ തോമസിനെ 24/07/2001-ന് വിവാഹം ചെയ്തു. മേരി എം.എ., ബി.എഡ് പാസ്സായിട്ടുണ്ട്. ഇവർക്ക് മൂന്നു മക്കൾ.

ഏഴാംതലമുറ

1336711 അന്ന മേരി വറുഗീസ്

1336712അമിത സൂസൻ വറുഗീസ്

1336713ആഷിഷ് മാത്യു വറുഗീസ്

1336711 അന്ന മേരി വറുഗീസ്

26/09/2005-ൽ ജനിച്ചു. പ്ലസ്ടു പാസ്സായി. സ്പീച്ച് തെറാപ്പി കോഴ്സസ് ചെയ്യുന്നു.

1336712 അമിത സൂസൻ വറുഗീസ്

01/12/2009-ൽ ജനിച്ചു. പത്താംക്ലാസ്സിൽ പഠിക്കുന്നു

1336713 ആഷിഷ് മാത്യു വറുഗീസ്

02/05/2011-ൽ ജനിച്ചു. 9-ാം ക്ലാസ്സിൽ പഠിക്കുന്നു

13368 അന്നമ്മ

1120-ൽ ജനിച്ചു. കുമ്പഴ വടക്ക് കൈപ്പശ്ശേരിൽ അബ്രഹാമിന്റെ മകൻ ജോയിക്കുട്ടി വിവാഹം കഴിച്ചു

13369 പെണ്ണമ്മ

1124-ൽ ജനിച്ചു. കോന്നി പളളയ്ക്കൽ ജോണിന്റെ മകൻ ജോർജ്ജ് വിവാഹം കഴിച്ചു

134 കല്ലക്കാട് മാത്തൻ

1860 ഏപ്രിലിൽ ജനിച്ചു. 1880 ജനുവരിയിൽ കുമ്പനാട് പുത്തൻ പുരയ്ക്കൽ ഇട്ടിയുടെ മകൾ സാറാമ്മയെ വിവാഹം ചെയ്തു. ഫെബ്രുവരിയിൽ ഈ കുടുംബം പുന്നക്കാട് കരീലക്കാട് ഭാഗത്തേക മാറിത്താമസിച്ചു. ഈ കരീലക്കാടാണ് പിൽക്കാലത്ത് ലോപിച്ച കല്ലക്കാടായി മാറിയത്. 1924 മേയ് 19-ന് മാത്തൻ നിര്യാതനായി. അപ് പെൺമക്കൾ, രണ്ട് ആൺമക്കൾ.

നാലാംതലമുറ

1341 മറിയാമ്മ
1342 അന്നമ്മ
1343 ഏലിയാമ്മ
1344 ഏബ്രഹാം
1345 ശോശാമ്മ
1346 മത്തായി
1347 റാഹേലമ്മ

1341 മറിയാമ്മ മാത്തൻ

1883 ആഗസ്റ്റ് 17 ന് ജനിച്ചു. പതിമൂന്നാം വയസിൽ 1897 ജനുവരി 28-ന് പാണ്ടനാട്ട് പഴംപള്ളിൽ തോമസിന്റെ മകൻ ഈശോ മറിയാമ്മയെ വിവാഹം ചെയ്തു.

1342 അന്നമ്മ മാത്തൻ

1889 ഒക്ടോബർ 21-ന് ജനിച്ചു. പതിമൂന്നാം വയസിൽ 1913 ഫെബ്രുവരി 1-ന് മാരാമൺ വലിയപറമ്പിൽ ചാക്കോയുടെ മകൻ ഗീവറുഗീസ് അന്നമ്മയെ വിവാഹം ചെയ്തു.

1343 ഏലിയാമ്മ മാത്തൻ

1893 മേയ് 14 ന് ജനിച്ചു. പതിനഞ്ചാം വയസിൽ 1908 ഫെബ്രുവരി 28-ന് പൂവത്തൂർ കയ്യാലക്കകത്തായ കൊരട്ടിയിൽ ഉമ്മന്റെ മകൻ മാത്തൻ ഏലിയാമ്മയെ വിവാഹം ചെയ്തു.

1344 അബ്രഹാം മാത്തൻ

1897 സെപ്റ്റംബർ 23 ന് ജനിച്ചു. പതിനെട്ടാം വയസ്സിൽ, 1915 ൽ കീക്കൊഴൂർ കുറിയന്നൂർ വല്യലിൽ യോഹന്നാന്റെ മകൾ മറിയാമ്മയെ വിവാഹം ചെയ്തു. 1936ൽ ഈ കുടുംബം പുന്നക്കാട് നിന്നും കോന്നി പയ്യാനാമണ്ണിലേക്ക് മാറിതാമസിച്ചു. 1968 ഏപ്രിൽ 23 ന് കല്ലക്കാട് അബ്രഹാം നിര്യാതനായി. ഇവർക്ക് നാല് ആൺ മക്കൾ ജനിച്ചു.

അഞ്ചാംതലമുറ

13441 മാത്തൻ (കുഞ്ഞുഞ്ഞ്)
13442 ജോർജ്
13443 മാത്യു
13444ശമുവേൽ (ബേബി)

13441 മാത്തൻ (കുഞ്ഞുഞ്ഞ്)

1924 സെപ്തംബർ 22ന് ജനിച്ചു. 1946 ജനുവരി 17ന് കാഞ്ഞിരത്തും മുട്ടിപ്പ് കോശിയുടെ മകൾ ഏലിയാമ്മയെ വിവാഹം ചെയ്തു. 2014 ജൂൺ 1-ന് മാത്തനും ഭാര്യ ഏലിയാമ്മ 2016 ഏപ്രിൽ 20നും നിര്യാത മായി. ആറ് പെൺമക്കൾ.

ആറാംതലമുറ

134411 മേരി

194412 അമ്മുക്കുട്ടി

134413 റോസമ്മ

134414ലീലാമ്മ

134415 ലിസി

134416 സൂസമ്മ

134411 മേരി

1947 ഒക്ടോബർ 25-ന് ജനിച്ചു. 1969 ജൂൺ മൂന്നിന് ചിറ്റാർ കൊളത്തിങ്കൽ ജോർജിൻറെ മകൻ ശമുവേൽ വിവാഹം ചെയ്തു. 2017 സെപ്റ്റംബർ 21-ന് നിര്യാതയായി.

134412 റെയ്ച്ചൽ (അമ്മുക്കുട്ടി)

1950 ആഗസ്റ്റ് ആറിന് ജനിച്ചു. ടി.ടി.സി. പാസ്സായി. 1970 ഏപ്രിൽ പതിനെട്ടിന് കൂടലിൽ മാടമ്പിൽ മാത്യുവിൻറെ മകൻ പുന്നൻ അമ്മുക്കുട്ടിയെ വിവാഹം ചെയ്തു.

134413 റോസമ്മ

1956 മാർച്ച് 31-ന് ജനിച്ചു. പത്തനംതിട്ട തൈക്കൂട്ടത്തിൽ മണ്ണിൽ സ്കറിയ ജോണിന്റെ മകൻ ജോയി വിവാഹം കഴിച്ചു

134414 ലീലാമ്മ

1960 മേയ് 1-ന് ജനിച്ചു. പ്രിഡിഗ്രീ പഠനത്തിനുശേഷം രാജസ്ഥാൻ ബൈബിൾ കോളേജിൽനിന്നും തിയോളജിയിൽ ബിരുദം കരസ്ഥ മാക്കി. കോന്നി കല്ലേലി താന്നിമൂട്ടിൽ ഗീവർഗീസിൻറെ മകൻ രാജനാണ് ഭർത്താവ്.

134415 ലിസി

1963 ഒക്ടോബർ എട്ടിന് ജനിച്ചു, ബി.എ). (ഇക്കണോമിക്സ്) കരസ്ഥ മാക്കി. 1989 ജൂൺ 22-ന് റാന്നി മന്ദമരുതി കോയിത്തോടത്ത് തോമസിൻറെ മകൻ ചെറിയാൻ ലിസിയെ വിവാഹം ചെയ്തു

134416 സൂസമ്മ

1966 ജൂൺ 25ന് ജനിച്ചു . ബി. എ). യും ടി. ടി. സി യും പാസ്സായി തിരുവനന്തപുരം പട്ടം സെൻറ് മേരീസ് ഹൈസ്കൂളിൽ അധ്യാപ യായിരുന്നു. പത്തനംതിട്ട കുമ്പഴ നിരവേലിൽ തോമസിൻറെ മകൻ ജോസ് വിവാഹം ചെയ്തു.

13442 റ്റി.എ.ജോർജ്

1927 ആഗസ്റ്റ് 6-ന് ജനിച്ചു. 1955 മാർച്ച് 14-ന് കോന്നി ശങ്കരമംഗലത്ത് ചാക്കോയുടെ മകൾ ഏലിയാമ്മയെ വിവാഹം ചെർസ തവളപ്പാറയിൽ ഒരു സി.എസ്.ഐ. സഭ സ്ഥാപിച്ചു. ജോർജ് 2000 2001 26-നും ഏലിയാമ്മ 2024 നവംബർ 5-നും നിര്യാതരായി. രണ്ട് ആജ മക്കൾ ഒരു മകൾ.

134421 പാസ്റ്റർ ജോർജ് ഏബ്രഹാം
134422മറിയാമ്മ
134423 ജേക്കബ് ജോർജ്
134421 പാസ്റ്റർ ജോർജ് ഏബ്രഹാം (ലാലു)

1956 മാർച്ച് 21-ന് ജനിച്ചു. 1983 ഫെബ്രുവരി 21-ന് തടിയൂർ കമ്മി ക്കാട്ടിൽ അബ്രഹാമിൻറെ മകൾ വത്സമ്മയെ വിവാഹം ചെയ്തു. ഖനി ഗവൺമെന്റ് ഇലക്ട്രിസിറ്റി ആൻഡ് വാട്ടർ ഡവലപ്പ്മെന്റിൽ എഞ്ചിന യറിംഗ് കോ ഓർഡിനേറ്ററായി 22 വർഷം പ്രവർത്തിച്ചതിനു ശേഷ ദോഹയിൽ ലെനോ ട്രേഡിംഗ് ആൻഡ് കോൺട്രാക്ട് കമ്പനി ആരംഭിച്ച മെക്കാനിക്കൽ എഞ്ചിനിയറിംഗിൽ ഡിപ്ലോമയും തിയോളജിയിൽ ബിറ്റിഎച്ചും കരസ്ഥമാക്കി. ദോഹ ബഥേൽ ചർച്ച് ഓഫ് ഗോഡിൻ സ്ഥാപക പ്രസിഡന്റും സീനിയർ പാസ്റ്ററുമാണ്. ഇദ്ദേഹത്തിന്റെ സസ ഗ്രന്ഥമാണ് അദ്ഭുതങ്ങളും അനുഗ്രഹങ്ങളും" എത പുസ്തകം

ഏഴാംതലമുറ
1344211ലെനിൻ ഏബ്രഹാം
1344212 ലെൻസൺ ഏബ്രഹാം
1344213ലെനോ ഏബ്രഹാം

PUNNAKKAD MALAYIL FAMILY HISTORY

George Abraham (lalu) Malayil, Valsamma Abraham,

Lenin Abraham, Lenson Abraham, Sharon Daniel, Joanna, Leno Abraham, Blessy Johannan

John Abraham and Samuel Abraham.
Pluoma (MDS) sam
1044211 ഡോ. ലെനിൻ ഏബ്രഹാം

1985 നവംബർ 30-ന് ജനിച്ചു. യുകെയിൽ മെഡിക്കൽ രംഗത്ത് ഉപരിപഠനം (MDS) നടത്തുന്നു.

1344212 ലെൻസൺ ഏബ്രഹാം

1987 ജൂലൈ 9-ന് ജനിച്ചു അമേരിക്കയിൽ ഫിലെദിൽഫിയായിൽ സ്വന്തമായി ബിസിനസ് ചെയ്യുന്നു. മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ബിരുദമെടുത്തശേഷം എം.ബി.എ. കരസ്ഥമാക്കി. 2014 ഡിസം. 29-ന് പത്തനംതിട്ട പുത്തൻപീടികയിൽ മാം മാച്ചിയിൽ ഗ്രേസ് ഭവനിൽ ല്യൂഥർ ഡാനിയേലിന്റെയും മേബിൾ ഡാനിയേലിന്റെയും മകൾ ശാരോൻ രാജം ഡാനിയേലിനെ വിവാഹം കഴിച്ചു. ശാരോൻ അമേരിക്കയിൽ മജിസ്ട്രേഡ് നഴ്സാണ്

എട്ടാംതലമുറ

13442121 ജൊവാന സൂസൻ ഏബ്രഹാം

2018ജൂൺ 27-ന് ജനിച്ചു. സെക്കൻഡ് ഗ്രേഡിൽ പഠിക്കുന്നു.

1344213 പാസ്റ്റർ ലെനോ ഏബ്രഹാം

1993 ഫെബ്രുവരി 7-ന് ജനിച്ചു. യുകെ ലിവർപൂൾ എൻ.എച്ച് എംബിഎ. ബിറ്റിഎച്ച് ബിരുദങ്ങൾ കരസ്ഥമാക്കി. ലിവർപൂൾ ബെഥേൽ എസ് ഗവൺമെന്റ് ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു. എം.കോം, കന്തെക്കൊസ്തിൽ ഫെലോഷിപ്പിന്റെ സ്ഥാപക പ്രസിഡൻറാണ്. 2019 18- 2 ശാഹന്നാൻ ഡാനിയേലിന്റെയും ലിസി ഡാനിയേലിന്റെയും മകൾ മസി യോഹന്നാനെ വിവാഹം ചെയ്തു. ബ്ലസി യുകെയിൽ രജിസ്റ്റേർ * നഴ് സാണ്. മുംബൈ ഹിന്ദുജ കോളേജിൽനിന്നും ഗോൾഡ് മെഡലോടെയാണ് നേഴ്സിംഗ് പൂർത്തിയാക്കിയത്.

എട്ടാംതലമുറ

13442131 ജോൺ ലെനോ ഏബ്രഹാം

13442132 സാമുവേൽ ലെനോ ഏബ്രഹാം

13442131 ജോൺ ലെനോ ഏബ്രഹാം

2021 ഏപ്രിൽ 19-ന് ജനിച്ചു. കെ.ജി. രണ്ടാംഗ്രേഡിൽ പഠിക്കുന്നു

13442132 സാമുവേൽ ലെനോ ഏബ്രഹാം

2023 മേയ് മൂന്നിന് ജനിച്ചു. പ്ലേക്ലാസിൽ പഠിക്കുന്നു.

134422 മറിയാമ്മ (സോഫി)

1959 മേയ് 30-ന് ജനിച്ചു. 1978 ആഗസ്റ്റ് 11-ന് കലഞ്ഞൂർ പാലമല പുത്തൻവീട്ടിൽ വർഗീസിന്റെ മകൻ തോമസ് മറിയാമ്മയെ വിവാഹം ചെയ്തു.

134423 ജേക്കബ് ജോർജ്

1970 മെയ് 14നു ജനിച്ചു 1998 ഓഗസ്റ്റ് 19ന് കങ്ങഴ വലിയ വീട്ടിൽ കെ.ടി.തോമസിന്റെ മകൾ റെനിയെ വിവാഹം ചെയ്തു. കുടുംബമ്പ ഖത്തറിലാണ്. ഇവർക്ക് രണ്ടുമക്കളുണ്ട്.

ഏഴാംതലമുറ

1344231 ഫേബ എൽസ ജേക്കബ്

1344232 ഷേബ ആൻ ജേക്കബ്

1344231 ഫേബ എൽസ ജേക്കബ്

2002 മേയ് 12 ന് ജനിച്ചു. ആസ്ട്രേലിയയിൽ ഉപരിപഠനം നടത്തുന്നു

1344232 ഷേബ ആൻ ജേക്കബ്

2004 ആഗസ്റ്റ് എട്ടിന് ജനിച്ചു. ഖത്തറിൽ ഉപരിപഠനം നടത്തുന്നു.

13443 മാത്യു (കുഞ്ഞു മത്തായി) കോഴിക്കോട്

1935 നവംബർ 26-ന് ജനിച്ചു. 1960 മാർച്ച് 7-ന് വെണ്ണിക്ക പള്ളിയാങ്കൽ

ഗീവർഗീസ് തോമസിന്റെ മകൾ ചിന്നമ്മയെ (മറിയാമ്മ വിവാഹം ചെയ്തു. 1984 ഏപ്രിൽ 8-ന് ചിന്നമ്മ നിര്യാതയായതിന്റെ തുടർന്ന് മാത്യു എരുമേലി തോന്നക്കര വീട്ടിൽ ചാക്കോയുടെ മക ഏലിയാമ്മയെ വിവാഹം കഴിച്ചു. 1999 ഓഗസ്റ്റ് 30-ന് ഏലിയാമ്മയും 2014 ആഗസ്റ്റ് 19-ന് മാത്യുവും നിര്യാതരായി. ഒരു മകൻ, രണ്ട് പെൺ മക്കൾ.

ആറാംതലമുറ

134431ഷേർലി

134432 സാലി

134433 തോമസ് മാത്യു (ഷാജി)

134431 ഷേർലി

1961 നവംബർ 22-ന് ജനിച്ചു. ബിഎയും സെക്രട്ടേറിയർ കോഴ്സും പാസ്സായശേഷം 1985 എയർ ഫ്രൈറ്റ് കമ്പനിയിൽ ജോലി യിൽ പ്രവേശിച്ചു. 1989 കവിയൂർ പച്ചംകുളത്തു തോമസ് വർഗീസിന്റെ മകൻ റോയി വിവാഹം കഴിച്ചു.

134432 സാലി

1966 ആഗസ്റ്റ് 9-ന് ജനിച്ചു. ബി.കോം. പാസായതിനുശേഷം കോഴിക്കോട് പാസ്പോർട്ട് ഓഫീസിൽ അസിസ്റ്റന്റ് പാസ്പോർട്ട് ഓഫീസറായി ജോലി ചെയ്യുന്നു

134433 തോമസ്മാത്യു (ഷാജി)

1968 ഫെബ്രുവരി 3-ന് കോഴിക്കോട് ജനിച്ചു. BScയും PGDCA പാസ്സായശേഷം ജോലിയിൽ പ്രവേശിച്ചു. 1998 മേയ് 17-ന് തൃശ്ശൂർ ഇടിഞ്ഞകുഴിയിൽ പൗലോസിന്റെ മകൾ ലീനയെ വിവാഹം ചെയ്തു. തുടർന്ന് കോഴിക്കോട് മാവൂർ റോഡിൽ BRAINNET എന്ന വിദ്യാ ഭ്യാസ സ്ഥാപനം നടത്തിവരുന്നു. 2024 ഫെബ്രുവരി 16-ന് ലീന നിര്യാ തയായി. ഒരു മകൻ, ഒരു മകൾ.

ഏഴാം തലമുറ

1344331 ഡോണ മരിയ തോമസ്

1344332 എൽദോ തോമസ്

1344331 ഡോണ മരിയ തോമസ്

2000 ജനുവരി 20-ന് ജനിച്ചു. MA പാസ്സായതിനുശേഷം ഇപ്പോൾ B.Ed. ചെയ്തു വരുന്നു

1344332 എൽദോ തോമസ്

2002 ജൂൺ 17-ന് ജനിച്ചു. BBM പാസ്സായശേഷം ജോലിചെയ്യുന്നു

13444 ശമുവേൽ (ബേബി)

1944 ഏപ്രിൽ 26-ന് ജനിച്ചു. 1967 മാർച്ച് 14-ന് തണ്ണിത്തോട് കിഴക്കേതിൽ ശമുവേലിന്റെ മകൾ ശാന്തമ്മയെ വിവാഹം കഴിച്ചു. ശമുവേൽ 2003

ജൂലൈ 7-ന് നിര്യാതനായി. രണ്ട് ആൺമക്കൾ, ഒരു മകൾ.

ആറാംതലമുറ

194441 എബ്രഹാം (റെജി)

134442 ജോൺ (രാജു)

134443 സാലി

134441 എബ്രഹാം (റെജി)

1969 ഡിസംബർ 14-ന് ജനിച്ചു. 1999 ജൂലൈ 12-ന് കോന്നി അരുവാ ഫലം പടപ്പയ്ക്കൽ വീട്ടിൽ മിനിയെ വിവാഹം കഴിച്ചു. ഇരുവരും ഖത്തറിൽ ജോലി ചെയ്യുന്നു. രണ്ട് പെൺമക്കൾ.

ഏഴാംതലമുറ

1344411 റിയാമോൾ എബ്രഹാം

1344412 നിസി എബ്രഹാം

1344411 റിയാമോൾ എബ്രഹാം

2000 ഒക്ടോബർ 12-ന് ജനിച്ചു. തിരുവല്ല പുഷ്പഗിരിയിൽ ദന്ത ഡോക്ടറായി പ്രാക്ടീസ് ചെയ്യുന്നു.

1944412 നിസി എബ്രഹാം

2007 സെപ്റ്റംബർ 20ന് ജനിച്ചു. വി.എൻ.എസ്. കോളജിൽ ബിഎസ്.സി. സുവോളജി ഇൻഡസ്ട്രിയൽ മൈക്രോ ബയോളജിക്ക് പഠിക്കുന്നു

134442 ജോൺ (രാജു)

1972 ഏപ്രിൽ 8നു ജനിച്ചു. ഐ. ടി. ഐ. യിൽ ഇലക്ട്രോണിക്സ് ഡിപ്ലോമ പാസ്സായി. 1993 ൽ വിവിധ ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്തതിനു ശേഷം ഇപ്പോൾ ബിസിനസും പൊതുപ്രവർത്തനങ്ങളെ, ഡിപ്ലോമ പാസ്സായി. 1993ൽ വിവിധ ഗൾഫ് രാജ്യങ്ങളിൽ ജോി ചെയ്തതിനുശേഷം മായി നാട്ടിൽ കഴിയുന്നു. 2005 ജൂൺ രണ്ടിന് നെല്ലിക്കാലായില്ല കുളഞ്ഞികൊമ്പിൽ വീട്ടിൽ ചാക്കോ തോമസിൻ്റെയും അന്ന തോമസിൻ്റെയും മകൾ ഏലിയാമ്മ തോമസിനെ (ബീന) വിവാഹം ചെയ്തു. ബീന പയ്യനാമൺ കർമേൽ സെൻട്രൽ സ്കൂളിൽ അധ്യാപക യാണ്. രണ്ട് മക്കൾ.

ഏഴാംതലമുറ

1344421 ജോമോൾ ജോൺ

1344422 ബിജിമോൾ ജോൺ

1344421 ജോമോൾ ജോൺ

2007 മാർച്ച് 31-ന് ജനിച്ചു. വെല്ലൂർ സി.എം.സി. കോളജിൽ നഴ്സിംഗ് വിദ്യാർഥിനിയാണ്.

1344422 ബിജിമോൾ ജോൺ

2014 ഡിസംബർ 31 ന് ജനിച്ചു. പയ്യനാമൺ കർമേൽ സെൻട്രൽ സ്കൂളിൽ ആറാം ക്ലാസ് വിദ്യാർഥിനിയാണ്.

134443 സാലി

1977 ജൂലൈ 14-ന് ജനിച്ചു. ബി.കോം. പാസ്സായി. തിരുവനന്തപുരം ആര്യനാട് ചരിവുകാലായിൽ തോമസിന്റെ മകൻ തോമസ് വിവാഹം ചെയ്തു. 2024 ഒക്ടോബർ 15-ന് സാലി നിര്യാതയായി.

1345 ശോശാമ്മ മാത്തൻ

1901 മേയ് 22-ന് ജനിച്ചു. 1916 ഫെബ്രുവരി ഒന്നിന് ഓമല്ലൂർ മനാത്രയിൽ കോശിയുടെ മകൻ കോശി വിവാഹം ചെയ്തു.

1346 കെ.എം.മത്തായി

1904 ആഗസ്റ്റ് 30-ന് ജനിച്ചു. ഏഴാം ക്ലാസ് വരെ പഠിച്ചു. 1931 മേയ് 11-ന് തടിയൂർ ഏറാട്ട് തോമസിന്റെ മകൾ റാഹേലമ്മയെ വിവാഹം ചെയ്തു. സൺഡേസ്കൂൾ, വൈ.എം.സി.എ. പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. 1950-54 കാലഘട്ടത്തിൽ നെടുഞ്ചേരി സി.എസ്.ഐ. പള്ളിയുടെ ചുമതല വഹിച്ചു. 1995 ഒക്ടോബർ നാലിന് കെ.എം. മത്തായിയും 1995 മാർച്ച് 30ന് റാഹേലമ്മയും നിര്യാതരായി. ആറ് ആൺമക്കളും ഒരു മകളും.

അഞ്ചാംതലമുറ

13461കെ.എം. മാത്യൂസ്

13462 തോമസ് മാത്യൂസ്

13463-കെ.എം. ജോർജ്

13464 ഏബ്രഹാം മാത്യൂസ്

13465 ജോൺ മാത്യൂസ്

13466 സാറാമ്മ മാത്യൂസ്

13467 ജയിംസ് മാത്യൂസ്

13461 സ്കാഡ്രൺ ലീഡർ ഡോ.കെ.എം.മാത്യൂസ് (കുഞ്ഞുഞ്ഞ്)

1936 ഫെബ്രുവരി 7-ന് സ്കാഡ്രൺ ലീഡർ ഡോ.കെ.എം.മാത്യൂസ് (എം.എ). ഡി.ഡി., പിഎച്ച്ഡി) ജനിച്ചു. 1954-ൽ ഇന്ത്യൻ എയർഫോഴ് സിൽ ജോലിയിൽ പ്രവേശിച്ചു. 1955 ഡിസംബർ 26-ന് കല്ലുപ്പാറ പോരുട്ടേത്ത് ഈശോയുടെയും മറിയാമ്മയുടെയും മകൾ ശോശാമ്മ (കുഞ്ഞുഞ്ഞമ്മ)യെ വിവാഹം കഴിച്ചു. ശോശാമ്മ അധ്യാപികയായി ചെയ്തിരുന്നു. മാത്യൂസ് പബ്ലിക് അഡ്മിനിസ്ട്രേഷനിൽ മാസ്റ്റർ ഡിഗ്രി കരസ്ഥമാക്കി. ഇന്ത്യ യിലെ വിവിധ എയർഫോഴ്സ് സ്റ്റേഷനുകളിൽ സേവനമനുഷ്ഠിച്ചതി നുശേഷം 1986-ൽ തിരുവന ന്തപുരം സതേൺ എയർ കമാൻഡിൽ സ്കാഡ്രൺ ലീഡറായി. ഓദ്യോഗിക കാലഘട്ടത്തിൽ യുദ്ധകാല സേവനങ്ങൾക്കായും മറ്റും സർക്കാരിൽ നിന്ന് പതിമൂന്ന് മെഡലുകൾ ലഭിച്ചു. 1988-ൽ എൻ.സി.സി. എയർവിംഗിൽ ആൾ കേരള അഡ്മിനി ട്രേറ്ററായും കമാൻഡിംഗ് ഓഫിസറായും നേവൽവിംഗിൽ താൽക്കാ ലിക കമാൻഡിംഗ് ഓഫിസറായും പ്രവർത്തിച്ചു. 1992 ഫെബ്രുവരി 9-ന് ജോലിയിൽനിന്ന് വിരമിച്ച്

പൂർണസമയ സുവിശേഷ പ്രവർ ത്തകനായി. ഇക്കാലത്ത് ജീസസ് കോൾസ് അഡ്മിനിസ്ട്രേറ്ററായി. തുടർന്ന് തിരുവനന്തപുരം പ്ലാമൂട് കേന്ദ്രമാക്കി ജീസസ് ഹീൽസ് മിനിസ്ട്രീസ് ആരംഭിച്ചു. 2020 മാർച്ച് 22-ന് കെ.എം.മാത്യൂസും 2012 നവംബർ 13-ന് ഭാര്യ ശോശാമ്മ മാത്യൂസും നിര്യാതരായി. രണ്ട് ആൺ മക്കൾ ഒരു മകൾ.

ആറാംതലമുറ

134611 റെജി ബേബിസൺ മാത്യൂസ്
134612 റെയ്ച്ചൽ സെലിൻ മാത്യൂസ്
134612 ബിജു ജോൺസൺ മാത്യൂസ്
134611റെജി ബേബിസൺ മാത്യൂസ്

1958 ജനുവരി 26-ന് ജനിച്ചു. തിരുവല്ല മാർത്തോമ്മ കോളേജിൽ നിന്ന് ബി.എസ്.സി.യും മദ്രാസ് ക്രിസ്ത്യൻ കോളജിൽ നിന്ന് മാസ്റ്റേഴ് സും മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഹ്യൂമൺ റിസോഴ്സ് ഡവലപ് മെന്റിൽ പി.ജി.ഡിപ്ലോമയും കരസ്ഥമാക്കി. 1983 ഏപ്രിൽ 25-ന് കുമ്പ നട്ട് പെരിരലിൽ മാത്യൂസിൻ്റെയും അന്നമ്മയുടെയും മകൾ ജോളിയെ വിവാഹം ചെയ്തു. കുവൈറ്റ് നാഷണൽ പെട്രോളിയം കമ്പനിയിൽ
ജോലി ചെയ്തതിനുശേഷം ഇപ്പോൾ കാനഡ ടൊറൻഡോയില്ല പെന്തെക്കൊസ്ത് പ്രസ്ഥാനങ്ങളുടെയും നേതൃത്വനിരയിൽ പ്രവർത്ത മക്കളോടൊപ്പം താമസിക്കുന്നു. കുവൈറ്റിലെ മിക്ക മുഖ്യധാര ച്ചിട്ടുണ്ട്. കാനഡയിൽ സുവിശേഷീകരണത്തിൽ സജീവ മാണ്. ജോളി വേദശാസ്ത്രത്തിൽ ബിരുദം കരസ്ഥമാക്കിയിട്ടുണ്ട്. സുവിശേഷ പ്രവർത്തനങ്ങളിൽ പങ്കാളിയാണ്.

ഏഴാംതലമുറ

1346111 റെജോ ബേബിസൺ മാത്യൂസ്
1346112 റേമാ സൂസൻ ബേബിസൺ
1346113 റെനോ ബേബിസൺ മാത്യൂസ്
1346111 റെജോ ബേബിസൺ മാത്യൂസ്

1987 മേയ് 7-ന് ജനിച്ചു. ബാച്ചർ ഓഫ് എഞ്ചിനീയറിംഗിൻ (കാര്യണ്യ യൂണിവേഴ്സിറ്റി, ഇന്ത്യ)ശേഷം യൂണിവേഴ്സിറ്റി ഓഫ് ടൊറന്റോയിലും യോർക്ക് യൂണിവേഴ്സിറ്റിയിലും ഹാർവാർഡ് ബിസി നസ് സ്കൂളിലും (ഓൺലൈൻ) സർട്ടിഫിക്കറ്റ് കോഴ്സ് ചെയ്തിട്ടുണ്ട്. ടിൻഡേൽ യൂണിവേഴ്സിറ്റി (ടൊറാൻ്റോ)യിൽ മാസ്റ്റേഴ്സ് ഇൻ തിയോളജി വിദ്യാർഥിയാണ്. കഴിഞ്ഞ പതിനഞ്ച് വർഷമായി മലേഷ്യ കുവൈറ്റ്, ഇന്ത്യ, കാനഡ തുടങ്ങിയ രാജ്യങ്ങളിലെ കുവൈറ്റ് ഓയിൽ കമ്പനി, ഐ. ബി.എം. എന്നിവിടങ്ങളിൽ ടെക്നോളജി കൺസൾട്ട ന്റായി ജോലി ചെയ്തിരുന്നു. ഇപ്പോൾ ഇൻഡിപ്പൻഡൻ്റ് പ്രിൻസിപ്പൾ കൺസൾട്ടന്റായി ടൊറാൻ്റോയിലുള്ള ടെക്നോളജി സെക്ടറിൽ ജോലി ചെയ്യുന്നു. മലയിൽ

കുടുംബത്തിന്റെ നോർത്ത് അമേരിക്കയിലെ കമ്മിറ്റി കോർഡിനേറ്ററാണ്. പബ്ലിക് സ്പീക്കിംഗ്, ബൈബിൾ പ്രഭാഷകൻ എന്നീ നിലകളിൽ മികവ് തെളിയിച്ചിട്ടുണ്ട്. ഭാര്യ ഭാവന കുരുവിള പള്ളിപ്പാട് വേലന്റേതിൽ കുരുവിള സാമുവലിന്റെയും ഹിൽഡാ കുരുവിളയുടെയും മകളാണ്. കാനഡയിൽ അധ്യാപികയായ ഭാവന കർണാട്ടിക് സംഗീതം അഭ്യസിച്ചിട്ടുണ്ട്. സഭയിലെ വർഷിപ് ലീഡറാണ്. രണ്ട് മക്കൾ.

എട്ടാംതലമുറ

13461111 യാന്ന മറിയാമ്മ മാത്യൂസ്

13461112 റ്റാലിയ കുരുവിള മാത്യൂസ്

13461111 യാന്ന മറിയാമ്മ മാത്യൂസ്

2017-ൽ ജനിച്ചു. ഗ്രേഡ് 3 വിദ്യാർഥിനിയാണ്.

1346112 റ്റാലിയ കുരുവിള മാത്യൂസ്

2022-ൽ ജനിച്ചു. പ്രീസ്കൂൾ വിദ്യാർഥിനിയാണ്.

PUNNAKKAD MALAYIL FAMILY HISTORY

Left to Right: Reno Mathews, Rejina Daniel-Mathews, Jonathan Thomas, Bhavna Kuruvila-Mathews, Yanna Mathews, Left RightRej Mathews, Talya Mathews, Rochelle Thomas, Mariamma Perinjelil (Jolly), Rhema Babyson-Thomas, Jimmy തോമസ്

1346112 റേമാ സൂസൻ ബേബിസൺ

1990 ജൂൺ 1-ന് ജനിച്ചു. ബാച്ചിലർ ഓഫ് ടെക്നോളജി, എം. എസ്സി. വിദ്യഭ്യാസത്തിനുശേഷം ക്ലിനിക്കൽ സ്റ്റഡി ആൻഡ് സുലേറ്ററി സ്പെഷലിസ്റ്റായി കാനഡയിൽ ജോലി ചെയ്യുന്നു. ഭർ അവ് ജിമ്മി തോമസ് കുലശേഖരം മുള്ളങ്കിലേത്ത് തോമസിന്റെയും ചീലയുടെയും മകനാണ്.

1346113 റെനോ ബേബിസൺ മാത്യൂസ്

1992 മെയ് 11 നു ജനിച്ചു. കാരുണ്യ യൂണിവേഴ്സിയിൽ നിന്നും മെക്കാനിക്കൽ എഞ്ചിനിയറിംഗിൽ ബാച്ലർ ഓഫ് ടെക്നോളജിയും 1992 മേയ് 11-ന് ജനിച്ചു. കാരുണ്യ യൂണിവേഴ്സിറ്റിയിൽ നിന്നും കാനഡയിൽ നിന്നും മാസ്റ്റേഴ്സ് ഇൻ എഞ്ചിനീയറിംഗും കരസ്ഥമാക്കി. എവിയേഷൻ ഇൻഡസ്ട്രിയിൽ അമേരിക്കയിൽ ജോലി ചെയ്യുന്നു. ചെങ്ങന്നൂർ തെക്കേടത്ത് ഡാനിയേൽ തെക്കേടത്ത് സാമുവേലിന്റെയും ാളി ഡാനിയേലിന്റെയും മകൾ റെജിന ആൻ ഡാനിയേലാണ് ഭാര്യ. മാജിന അമേരിക്കയിൽ നിന്നും മെൻറൽ ഹെൽത്ത് കൗൺസലിംഗിൽ മാസ്റ്റേഴ്സ് കരസ്ഥമാക്കിയിട്ടുണ്ട്.

1334612റെയ്ച്ചൽ സെലിൻ മാത്യൂസ്

1962 ഫെബ്രുവരി 20-ന് ജനിച്ചു. 1979-ൽ ബി.എ.യും എം.എഡും സോഷ്യോളജിയിലും ഇംഗ്ലീഷിലും മാസ്റ്റേഴ്സും കരസ്ഥമാക്കി. ന്യൂയോർക്കിൽ ജോലി ചെയ്യുന്നു. ജോർജ്ജ് കോശി വിവാഹം

134613 ബിജു ജോൺസൺ മാത്യൂസ്

1969 മേയ് 4-ന് ജനിച്ചു. കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് എം കോം പാസ്സായി. 1994 ആഗസ്റ്റ് 18-ന് മുണ്ടത്താനം വടക്കേമുറി ബൗണ്ടിൽ എബ്രഹാം വർഗീസിൻ്റെയും ശോശാമ്മ വർഗീസിന്റെയും മകൾ സിൻസി റോസിയെ വിവാഹം കഴിച്ചു. ബിജു ഇപ്പോൾ കുവൈറ്റിൽ അക്കൗണ്ട്സ് മാനേജരായും സിൻസി ബാങ്കിൽ ബിസിനസ് അനലിസ്റ്റായും ജോലി ചെയ്യുന്നു. രണ്ട് മക്കൾ.

എഴാംതലമുറ

1346131 റയൻ മാത്യൂസ് ജോൺസൺ

1346132റീസ് എബ്രഹാം ജോൺസൺ

1346131 റയൻ മാത്യൂസ് ജോൺസൺ

1999 മേയ് 12-ന് ജനിച്ചു. റയൻ എം.ബി.എ. ബിരുദധാരിയാണ്. കുവൈറ്റിലെ ഒരു ഷിപ്പിംഗ് കമ്പനിയിൽ കയൻ്റ് റിലേഷൻസിൽ ജോലി ചെയ്യുന്നു.

1346132 റീസ് എബ്രഹാം ജോൺസൺ

2000 ഒക്ടോബർ 21-ന് ജനിച്ചു. എംബിഎ ബിരുദധാരിയാണ ഇപ്പോൾ കുവൈറ്റിലെ ഒരു സ്വകാര്യ കമ്പനിയിൽ ബിസിന അഡ്മിനിസ്ട്രേറ്ററായി ജോലി ചെയ്യുന്നു.

13462 തോമസ് മാത്യൂസ് (ബേബി)

1939 ഏപ്രിൽ അഞ്ചിന് ജനിച്ചു. പത്തൊമ്പതാം വയസ്സിൽ ഇന്ത്യൻ എയർഫോഴ്സിൽ ചേർന്നു, 1962 സെപിതം. 20 ന് കീഴായ്പൂർ പട്ടു 1939 ഏപ്രിൽ അഞ്ചിന് ജനിച്ചു. പത്തൊമ്പതാം വയസിൽ ഇന്ത്യൻ കാലായിൽ തോമസിൻ്റെ മകൾ ഏലിയാമ്മയെ (തങ്കമ്മ) വിവാഫ് ചെയ്തു. 1971 ഫെബ്രുവരി 16-ന് സർജൻ്റ് പദവിയിൽ ആയിരിക്ക മ്പോൾ മുപ്പത്തിരണ്ടാം വയസ്സിൽ തോമസ് മാത്യൂസും ഏലിയാമ്മ 2005 ഡിസംബർ 4-നും നിര്യാതരായി. തോമസ് മാത്യൂസിനെ പുണ ആംഗ്ലിക്കൻ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. രണ്ട് മക്കള്

ആറാം തലമുറ

134621 റ്റോംസൺ ജോർലി

134622 റ്റോംസൺ ജഫ്രി

134621 റ്റോംസൺ ജോർലി

1963 നവംബർ 13 ന് ജനിച്ചു . 1992 മാർച്ച് 16 ന് പുല്ലാട്ട് തുണ്ടിയിൽ കാഞ്ഞിരത്തിൻ മൂട്ടിൽ എബ്രഹാമിൻ്റെയും റേച്ചലിന്റെയും മകൾ ജെസിയെ വിവാഹം കഴിച്ചു. ജെസി കോഴഞ്ചേരി സെൻ്റ് തോമസി മാർത്തോമ്മാ സ്കൂളിൽ അധ്യാപികയായി ജോലി ചെയ്തിരുന്നു. ഇവർക്ക് ഒരു മകളുണ്ട്.

1346211 ആർലിൻ റ്റോംസൺ

1993 മേയ് രണ്ടിന് ജനിച്ചു. ഡറാഡൂണിൽനിന്നും ഡോക്ടർ ഓഫ് ഫാർമസി കരസ്ഥമാക്കി. ചെത്തിപ്പുഴ സെൻറ് തോമസ് ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു

134622 റ്റോംസൺ ജഫ്രി

1970 മാർച്ച് 28-ന് ജനിച്ചു. 1998 ജനുവരി 15-ന് കുലശേഖരം മുളയിനിക്കാട്ടിൽ എം.എ. മാത്യുവിന്റെയും അന്നമ്മ മാത്യുവിന്റെയും മകൾ മിനിയെ വിവാഹം ചെയ്തു. എം.എൽ.ടി, ബ്യൂട്ടിഷൻ കോഴ്സസ് എന്നിവ പാസ്സായതിനുശേഷം മിനി ഈ മേഖലകളിൽ ജോല് ചെയ്തിട്ടുണ്ട്. ജഫ്രി ഹോട്ടൽ മാനേജ്മെൻറ് രംഗത്തെ വിദ്യഭ്യാസ ത്തിനുശേഷം സഫാരി ഹൈപ്പർ മാർക്കറ്റ് യുഎഇ & ഖത്തർ മേഖല യിൽ റീജനൽ മാനേജരായി ജോലി ചെയ്യുന്നു. ഇവർക്ക്രണ്ടു മക്കൾ ഉണ്ട്.

1346221 റ്റോംസൻ ജെറമി

1144232 റ്റോംസൻ ജോനസ്

1346221 റ്റോംസൻ ജെറമി

1999 ഒക്ടോബർ 28-ന് ജനിച്ചു. നിർമ്മല കോളേജിൽ നിന്ന് ബി എ കൾട്ടിമീഡിയയും ചണ്ഡിഗഡ് യൂണിവേഴ്സിറ്റിയിൽനിന്ന് ആനി ഷനിലും മൾട്ടിമീഡിയ ടെക്നോളജിയിലും എം.എസ്സി. യും കരസ്ഥമാക്കി ഇപ്പോൾ യു കെ യോർക്ക് യൂണിവേഴ്സിറ്റിയിൽ ഫിലിം ആൻഡ് ടെലിവിഷൻ വിത്ത് സൗണ്ട് കോഴ്സിൽ മാസ്റ്റേഴ്സിന് പഠി

1346222 റ്റോംസൻ ജോനസ്

2004 മേയ് ആറിന് ജനിച്ചു. ലണ്ടൻ ഗ്രീൻവിച്ച് യൂണിവേഴ്സി റ്റിയിൽ ഹോസ്പിറ്റാലിറ്റി മാനേജ്മെൻറിൽ ബിഎക്ക് പഠിക്കുന്നു.

13063 കെ. എം. ജോർജ്

1942 ആഗസ്റ്റ് ഒമ്പതിന് ജനിച്ചു. 1961 ൽ ഇന്ത്യൻ എയർഫോഴ്സിൽ ജോലിയിൽ പ്രവേശിച്ചു. 1962 സെപ്റ്റം 24ന് ചുഴനയ്ക്കൽ കോയി പുറത്ത് തോമസ് മാത്യുവിൻറെയും മറിയാമ്മയുടെയും മകൾ മേരിക്കുട്ടി . വിവാഹം ചെയ്തു. മേരിക്കുട്ടി വിവിധ എയർഫോഴ്സ് സ്കൂളു കളിൽ അധ്യാപികയായിരുന്നു.

ജോർജ് മൈസൂർ യൂണിവേഴ്സിറ്റിയിൽനിന്നും എം എയും ഡൽഹി യൂണിവേഴ്സിറ്റിയിൽനിന്നും റഷ്യൻ ഭാഷയിൽ അഡ്വാൻസ്ഡ് ഡിപ്ലോമയും സ്കൂൾ ഓഫ് ഫോറിൻ ലാംഗ്വേജ്സിൽ നിന്ന് റഷ്യൻ ഭാഷയിൽ ഡിപ്ലോമ ഇൻ ഇൻറർപ്രട്ടർഷിപ്പും കരസ്ഥമാക്കിയിട്ടുണ്ട്. റഷ്യൻ ഹെലികോപ്റ്റർ എം.ഐ. 17 ഇന്ത്യക്ക് റിഅസംബിൾ ചെയ്ത് കൈമാറുന്ന സന്ദർഭത്തിൽ റഷ്യൻ എഞ്ചിനിയേഴ്സിനൊപ്പം പ്രവർ ത്തിക്കുകയും പൈലറ്റിനൊപ്പം ടെസ്റ്റ് ഫ്ളയിംഗിൽ ഇൻറർ പട്ടർ എന്ന നിലയിൽ

പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. എയർഫോഴ്സിൽ നിന്നും വാറൻ്റ് ഓഫിസറായി വിരമിച്ചതിനുശേഷം എക്സ്പോർട്ട് കമ്പിനി യിൽ വിദേശകാര്യ മാനേജർ ആയിരുന്നു. ഇക്കാലത്ത് സിംഗപൂർ, റഷ്യ, ഇസ്രായേൽ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിച്ചു. ഇസ്രായേലി ലിലേക്ക് മാംഗോ കോൺസൻ്റ്റേറ്റ് എക്സ്പോർട്ട് ചെയ്യുമ്പോൾ ആവശ്യമായ കോഷർ സർട്ടിഫിക്കറ്റ് നൽകുന്നതിനായി എല്ലാ ജൂതർക്കും സമ്മതനായ ഒരു റബ്ബിയെ ഇന്ത്യയിൽ കൊണ്ടുവന്ന് ഫാക്ടറി ജയുടെ ചുമതല ഏൽപിച്ചു. ഉക്രെയിനിലെ കിവിൽ അഞ്ച് വർഷം കടുംബസമേതം താമസിച്ചു. ഇപ്പോൾ തിരുവനന്തപുരത്ത് താമസി ക്കുന്നു. രണ്ട് മക്കൾ.

ആറാംതലമുറ

54431 ഡോ. സോഫിയ ജോർജ്

194412 സോനിയ ജോർജ്

134631 ഡോ. സോഫിയ ജോർജ

(ഉഷ)M.Sc. Phd

1964 ഒക്ടോബർ 17-ന് ജനിച്ചു. 1992 ഡിസം. 31ന് ഇരവിപേരൂർ ശങ്കരമംഗലത്ത് മാനാന്തറയിൽ എം. വി. തോമസിന്റെയും എൽസിയുടെയും മകൻ പൈലറ്റ് എഞ്ചിനീയറായ സുനിൽ വിവാഹം ചെയ്തു. കാനഡയിലുള്ള കാൽഗരിയിൽ താമസിക്കുന്നു. മകൻ: കെവിൻ

134632 സോനിയ ജോർജ് (സ്വപ്ന) M.Sc, MPhil, B.Ed.

1967 ആഗസ്റ്റ് 16-ന് ജനിച്ചു. മണ്ണാരക്കുളഞ്ഞി മണ്ണിന്തോട്ടത്തിൽ എം. എം. ചെറിയാന്റെയും സാറാമ്മയുടെയും മകൻ എം. സി. മാത്യൂസ് സ്വപ്നയെ വിവാഹം ചെയ്തു. മാത്യുസ് ബാംഗ്ലൂരിൽ എം.സി.എം. അസോസിയേറ്റ് എന്ന സ്ഥാപനം നടത്തുകയാണ്. കുടുംബമായി ബാംഗ്ലൂരിൽ താമസിക്കുന്നു. മക്കൾ: ഷാരൻ, ഡോ. മെൽവിൻ

13464 ഏബ്രഹാം മാത്യുസ്

1946 ഒക്ടോബർ 8-ന് ജനിച്ചു. 1975 മേയ് 5-ന് തെള്ളിയൂർ വടക്കേ യറ്റത്ത് തോമസിൻ്റെ മകൾ മറിയാമ്മയെ (അമ്മിണി) വിവാഹം ചെയ്തു. വിവാഹശേഷം ഹൈദരാബാദിൽ സ്ഥിരതാമസമാക്കി. ലാൽ ബഹദൂർ സ്റ്റേഡിയ (ഹൈദരാബാദ്)ത്തിൽ മാനേജരായി മുപ്പത്തി രണ്ട് വർഷം ജോലി ചെയ്തു. 2005-ൽ വിരമിച്ചു. 2016 ഒക്ടോബർ 09-ന് നിര്യാതനായി. മൂന്ന് മക്കൾ.

ആറാംതലമുറ

134641 കോളിൻസ് ഏബ്രഹാം

134642 ക്രിസ്റ്റിന ഏബ്രഹാം

134643 സൈറസ് ഏബ്രഹാം

134641 കോളിൻസ് ഏബ്രഹാം

1976 സെപ്റ്റംബർ 22-ന് ജനിച്ചു. ലഷ്മി മെമ്മോറിയൽ കോളേജിൽ നിന്ന് ബാച്ലർ ഇൻ ഫിസിയോതെറാപ്പി പാസ്സായി (BPT). തുടർന്ന് യോഗ തെറാപ്പിയിൽ ഡിപ്ലോമ, അക്യുപങ്ചർ ഫൗണ്ടേഷൻ ഓഫ് കാനഡ ഇൻസ്റ്റിറ്റ്യൂട്ട് സർട്ടിഫിക്കറ്റും കരസ്ഥമാക്കി. ഹൈദരാബാദി ലുള്ള നിവേഡിത്ത ഹോസ്പിറ്റലിൽ ജോലി ചെയ്തു. 2001-2004 ഇന്ത്യൻ അസോസിയേഷൻ ഓഫ് ഫിസിയോതെറാപ്പിയുടെ ട്രഷറ റായി പ്രവർത്തിച്ചു. 2004 മുതൽ കാനഡയിലെ എഡ്മന്റണിൽ ഫിസിയോ തെറാ പ്പിസ്റ്റായി യൂണിവേഴ്സിറ്റി ഓഫ് ആൽബെർട്ട് ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു. കൂടാതെ മൊമെന്റ് എം ക്ലിനിക്കിൽ പ്രൈവറ്റ് പ്രാകി സ് ചെയ്തുവരുന്നു. 2005 ആഗസ്റ്റ് 29-ന് അയിരൂർ ചെറുകര തടത്തിൽ മാത്യൂസിന്റെയും ശോശാമ്മയുടെയും മകൾ മിനി മാത്യൂസിനെ വിവാഹം ചെയ്തു. മിനി ഭാരതിയാർ യൂണിവേഴ്-

PUNNAKKAD MALAYIL FAMILY HISTORY

Sean Abraham 1346411, Joshua Abraham 1346412, Caleb Varghese, Reji Varghese, Christina Malayil 134642, Carol Varghese, Mini Abraham, Collins Abraham 134641, Marlamma Abraham, Cyrus Abraham 134643, Jyothana

സിറ്റിയിൽ നിന്നു) MCA പഠനം പൂർത്തിയാക്കിയിട്ടുണ്ട്. എഡ്മൺറ്റിനിൽ ആൽബെർട്ട ഹെൽത്ത് സർവിസിൽ സോഫ്റ്റ്വെയർ എഞ്ചിനീയറായി ജോലി ചെയ്യുന്നു. രണ്ട് മക്കൾ.

ഏഴാംതലമുറ

1346411ഷോൺ മാത്യു എബ്രഹാം

1346412 ജോഷ്വ മാത്യു എബ്രഹാം

1346411ഷോൺ മാത്യു ഏബ്രഹാം

2007 ഏപ്രിൽ 15-ന് ജനിച്ചു. പ്ലസ്ടു പൂർത്തിയാക്കി.

1346412 ജോഷ്വ മാത്യു ഏബ്രഹാം

2010 മേയ് 29-ന് ജനിച്ചു. പത്താം ക്ലാസിൽ പഠിക്കുന്നു

134642 ക്രിസ്റ്റിന ഏബ്രഹാം

1979 ജൂലൈ 13-ന് ജനിച്ചു. അമേരിക്കയിലെ സൗത്ത് കരോലീനായിലുള്ള ക്ലെംസൺ യൂണിവേഴ്സിറ്റിയിൽനിന്നും MS കമ്പ്യൂട്ടർ സയൻസ് പാസ്സായി. 2006 ജനുവരി 9-ന് അടൂർ മാവിലയിൽ ബേബി വർഗീസിന്റെയും റേച്ചൽ ബേബിയുടെയും മകൻ റജി വർഗീസ് വിവാഹം ചെയ്തു. ക്രിസ്റ്റീന ഹൈദരാബാദിൽ ഒരു സോഫ്റ്റ്വെയർ കൺസൾട്ടിംഗ് കമ്പനി നടത്തുന്നു.

134643 സൈറസ് എബ്രഹാം

1985 മേയ് 5-ന് ജനിച്ചു. ഉസ്മാനിയ യൂണിവേഴ്സിറ്റിയിൽനിന്ന് എം.ബി.എ. പാസ്സായതിന് ശേഷം ഐ. ടി. മേഖലയിൽ എച്ച് ആർ ഹെഡ്

ആയി ജോലി ചെയ്യുന്നു. 2010 ഡിസംബർ 30-ന് ഹൈദരാബാദ് എൽ.ബി. നഗർ റവേല ഹൗസിൽ നെൽസൺ റവേലയുടെയും സ്വർണലതയുടെയും മകൾ ജ്യോത്സന ലത റവേലയെ വിവാഹം ചെയ്തു. ജ്യോത്സന ഫാർമസിയിൽ ബാച്ലർ ഡിഗ്രി എടുത്തിട്ടുണ്ട്. ഹൈദരാബാദിൽ ഇന്റർ നാഷണൽ സ്കൂളിൽ ടീച്ചറായി ജോലി ചെയ്യുന്നു. രണ്ട് മക്കൾഏഴാംതലമുറ
1346431 സെലിൻ ഏബ്രഹാം മലയിൽ
1346432 ലിയാന എബ്രഹാം മലയിൽ
1346431 സെലിൻ ഏബ്രഹാം മലയിൽ
2013 ജൂലൈ 3-ന് ജനിച്ചു ഇപ്പോൾ ഏഴാം ക്ലാസിൽ പഠിക്കുന്നു
1346432 ലിയാന എബ്രഹാം മലയിൽ
2017 ഏപ്രിൽ 15-ന് ജനിച്ചു. മൂന്നാം ക്ലാസിൽ പഠിക്കുന്നു.
13465പാസ്റ്റർ ജോൺ മാത്യൂസ്
1950 സെപ്റ്റംബർ 7-ന് ജനിച്ചു. മദ്രാസ് ശീലോഹാം ബൈബിൾ സെമിനാരിയിൽനിന്ന് തിയോളജിയിൽ ബിരുദം കരസ്ഥമാക്കി. 1976 ഏപ്രിൽ 12-ന് സീതത്തോട് വലിയപറമ്പിൽ (കുലത്താക്കൽ) വി.ജി. മത്തായിയുടെയും ശോശാമ്മ മത്തായിയുടെയും മകൾ അന്നമ്മ (റോസമ്മ)യെ വിവാഹം ചെയ്തു. ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റിന്റെ ഓതറ, കോഴിമല സഭകൾ സ്ഥാപിച്ചു. കണ്ണൂർ ഇരട്ടിയിൽ ചിൽഡ്രൻസ് ഹോമിന്റെ മാനേജരായി പ്രവർത്തിച്ചു. 'കൃപായുഗത്തിൽ അബ്രഹാം എന്ന ഗ്രന്ഥം രചിച്ചു. 1989 ജനുവരി 22-ന് നിര്യാതനായി. രണ്ട് ആൺ മക്കൾ, ഒരു മകൾ.
ആറാംതലമുറ
134651ബ്ലെസിൻ ജോൺ മലയിൽ
134652 ഗ്ലോറിൻ ജോൺ
134653 ഗ്ലോറിയ ആനി ജോൺ
134651 ബ്ലസിൻ ജോൺ മലയിൽ
1977 ഫെബ്രു. 15-ന് ജനിച്ചു. പതിനാലു വയസ്സുമുതൽ വിവിധ പത്രങ്ങളിൽ എഴുതിതുടങ്ങി. ജേർണലിസം, മാസ് കമ്മ്യൂണിക്കേഷൻ എന്നീ വിഷയങ്ങളിൽ മാസ്റ്റേഴ്സ് കരസ്ഥമാക്കി. 2007 ജനുവരി 31-ന് വടശേരിക്കര കുളങ്ങരമഠത്തിൽ കെ.കെ. കോശിയുടെയും മേരി കോശി യുടെയും മകൾ ബീനാ കോശിയെ വിവാഹം ചെയ്തു. ബീന എം.ബി. എ. വിദ്യഭ്യാസത്തിനു ശേഷം റിയാദ് അൽ മുവാസാത് ഹോസ്പിറ്റ ലിൽ എച്ച് ആർ. മാനേജരാണ്.
ബ്ലസിൻ ദീപിക ദിനപത്രത്തിൽ ജേർണലിസം ട്രെയ്നിയായി ജോലി ആരംഭിച്ചു. ഐ.ഇ.ടി.യോട് ചേർന്ന് ഇന്ത്യയിലെ ഒട്ടുമിക്ക മിഷൻ ഫീൽഡുകളും സന്ദർശിച്ച് ഫീച്ചറുകൾ തയ്യാറാക്കി. ഒരു ഡസനിലേറെ മാധ്യമങ്ങളുടെ പത്രാധിപ സമിതികളിൽ അംഗമായി. 2004 ൽ ഡൽഹി ഏഷ്യാഡ് വില്ലേജിലെ ദൂരദർശൻ നാഷണൽ സെന്ററൽ പ്രൊഡക്ഷൻ

സെന്ററിൽ ജോയിൻ ചെയ്തു. ഹിന്ദിയിലും ഇംഗ്ലീഷിലും പ്രോഗ്രാമുകൾ തയ്യാറാക്കി. സീനിയർ പ്രോഗ്രാം ഡയറ ക്ടറായി പല ടെലിവിഷൻ ചാനലുകളിലും പ്രവർത്തിച്ചു.

സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ളവരുമായി നടത്തുന്ന വിഷ്വൽ അഭിമുഖങ്ങളും ഡോക്കുമെന്ററികളും ജനശ്രദ്ധ പിടിച്ചുപറ്റി. ക്രിസോസ്റ്റം തിരുമേനിയുടെ ജീവിതരേഖയും (50 എപ്പിസോഡ്) ഡയറക്ട് ചെയ്തിട്ടുണ്ട്. പല പ്രമുഖ സ്ഥാപനങ്ങളുടെയും പബ്ലിക് റിലേഷൻസ് ഓഫിസറായി പെന്തെക്കൊസ്ത് വിഭാഗത്തെ പ്രതിനിധീ കരിച്ച് മുഖ്യമന്ത്രിമാരുടെ പ്രത്യേക സമ്മേളനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. നിലവിൽ പെന്തെക്കൊസൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നാഷ ണൽ മീഡിയ ഡയറക്ടറും ക്രിസ്ത്യൻ ലൈവ് ദിന പത്രത്തിന്റെ ചീഫ് എഡിറ്ററും ഓൺലൈൻ മീഡിയയുടെ മാനേജിംഗ് ഡയറക്ടറുമാണ്. ആത്മീയ പ്രഭാഷകനാണ്. രണ്ടു മക്കൾ.

ഏഴാംതലമുറ

1346511 ബ്രിയോണ ആൻ ബ്ലസിൻ

1346512 ബ്രിയോൺ ബ്ലസിൻ മലയിൽ

1346511ബ്രിയോണ ആൻ ബ്ലസിൻ

2008 ജനുവരി 24-ന് ജനിച്ചു. പന്ത്രണ്ടാം ക്ലാസിൽ പഠിക്കുന്നു.

1346512 ബ്രിയോൺ ബ്ലസിൻ മലയിൽ

2017 ഡിസംബർ 7-ന് ജനിച്ചു. രണ്ടാം ക്ലാസിൽ പഠിക്കുന്നു.

134652 ഗ്ലോറിൻ ജോൺ

1978 ഡിസംബർ 22-ന് ജനിച്ചു. ഹോട്ടൽ മാനേജ്മെന്റിൽ പഠനം നടത്തിയതിനുശേഷം ഡൽഹി ബെർക്കോസ് ഗാർഡൻ, ഹാവേലി ഹോട്ടലുകളിലും ദുബായ് ചെൽസിയ ഹോട്ടലിലും ജോലി ചെയ്തു. ഇപ്പോൾ ദോഹ സഫാരിമാളിൽ ഡിപ്പാർട്ട്മെന്റ് ഇൻ ചാർജായി ജോലി ചെയ്യുന്നു. 2007 ഒക്ടോബർ 31 ന് തിരുവല്ല നീരേറ്റുപുറം കല്ലുപുരയ്ക്കൽ കെ.ജി. രാജുവിന്റെയും ഉഷ രാജുവിന്റെയും മകൾ റീന കെ.രാജു (മഞ്ചു) വിനെ വിവാഹം ചെയ്തു. റീന കുവൈറ്റിൽ നഴ്സാണ്. മുമ്പ് സൗദി അറേബ്യയിലും യെമനിലും ജോലി ചെയ്തിട്ടുണ്ട്. രണ്ടു മക്കൾ.

ഏഴാംതലമുറ

1346521 ഗ്രാൻ ജോൺസ് ഗ്ലോറിൻ

1346522 റെയോൺ ജോൺസ് ഗ്ലോറിൻ

1346521 ഗ്രാൻ ജോൺസ് ഗ്ലോറിൻ

Bb2011 മാർച്ച് 10-ന് ജനിച്ചു. ഒമ്പതാം ക്ലാസിൽ പഠിക്കുന്നു

1346522 റെയോൺ ജോൺസ് ഗ്ലോറിൻ

2015 ജൂൺ അഞ്ചിന് ജനിച്ചു. അഞ്ചാം ക്ലാസിൽ പഠിക്കുന്നു

134653 ഗ്ലോറിയ ആനി ജോൺ

1981 ജൂലൈ 24-ന് ജനിച്ചു. 2007 ഏപ്രിൽ 18-ന് അടൂർ പന്നിവിഴ കോട്ടക്കയിൽ എം.എം.ജോർജിൻ്റെയും പെണ്ണമ്മ ജോർജിൻ്റെയും മകൻ നിക്സൻ ജോർജ് വിവാഹം ചെയ്തു. ഗ്ലോറിയ എം.കോം ബിരുദധാരിയാണ്.

13466 സാറാമ്മ മാത്യൂസ് (കുഞ്ഞുമോൾ)

1953 നവംബർ 4-ന് ജനിച്ചു. 1977 ഒക്ടോബർ 20-ന് മേൽപ്പാടം കറുകയിൽ ഉമ്മൻ്റെയും മറിയാമ്മയുടെയും മകൻ കെ.ഒ.തങ്കച്ചൻ വിവാഹം ചെയ്തു.

13467 പാസ്റ്റർ ജയിംസ് മാത്യു (ബാബു)

1958 മാർച്ച് 12-ന് ജനിച്ചു. ഹൈദരാബാദിൽ ഒരു സ്റ്റീൽ കമ്പനി ജീൻ ക്ലാർക്കായി ജോലി ചെയ്തശേഷം 1984-ൽ ജോലി രാജിവച്ച്

സുവിശേഷ വേലക്കായി സമർപ്പിച്ചു. 1984 ഒക്ടോബർ 25-ന് ഏഴംകുളം കാരിക്കോട്ട് പുത്തൻവീട്ടിൽ ജോണിൻ്റെയും പിന്നമ്മയുടെയും മകൾ ലിസിയെ വിവാഹം ചെയ്തു. ജയിംസ് മുളക്കുഴ ചർച്ച് ഓഫ് ഗോഡിൽ നിന്ന് 1988-ൽ ജി.റ്റി.എച്ച് പാസ്സായി ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ കേരള സ്റ്റേറ്റിൻ്റെ വാളക്കുഴി, ചുങ്കത്തറ, റാന്നി വലിയകാവ്, ഓമല്ലൂർ, മുളവന, എഴുമറ്റൂർ, റാന്നി ഒഴുവാൻപാറ, മാത്ര, പുത്തൻപീടിക എന്നിവിടങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ ഭവനത്തിൽ വിശ്രമിക്കുന്നു. ഒരു മകൻ 2 പെൺമക്കൾ.

ആറാംതലമുറ

134671റ്റിനോയ് ജെയിംസൺ മലയിൽ

134672 റ്റാനിയ മലയിൽ ജെയിംസ്

134673 റ്റെനിയ മലയിൽ ജെയിംസ്

134671 റ്റിനോയ് ജെയിംസൺ മലയിൽ (റ്റിനു)

1985 ഒക്ടോബർ 16-ന് ജനിച്ചു. ബി.എസ്സി. എം.സി.എ. എന്നിവ കരസ്ഥമാക്കി. തിരുവനന്തപുരം ടെക്നോപാർക്കിലെ എക്സ്ട്രീം സോഫ്റ്റ്വെയർ , കവസ്റ്റ് ഗ്ലോബൽ, യുഎസ്ടി ഗ്ലോബൽ, എൻകോർ ടെക്നോളജി (XStream Software, Quest Global, UST Global, NKORR technologies) എന്നീ കമ്പനികളിൽ 11 വർഷം സോഫ്റ്റ്വെയർ എഞ്ചിനീയറായി ജോലി ചെയ്തു. 2022 മുതൽ ഇംഗ്ലണ്ടിലെ ബ്രിസ്റ്റോ ളിൽ കുടുംബമായി താമസിച്ച് ലണ്ടൻ ആസ്ഥാനമായ ഡേവീസ് (Davies) കമ്പനിയിൽ സോഫ്റ്റ്വെയർ എഞ്ചിനീയറായി പ്രവർത്തി ക്കുന്നു.

2012 ഡിസംബർ 24 ന് തിരുവനന്തപുരം മുട്ട കറുക്കാഞ്ചേരിൽ (ഹരിപ്പാട് തുണ്ടുമഠത്തിൽ) പാപ്പച്ചൻ്റെയും പരേതയായ ആനിയുടെ യും മകൾ ബ്ലെസിയെ വിവാഹം ചെയ്തു. ബ്ലെസി ബി എസ്.സി.എം. എൽ.റ്റി. (BSc MLT) പാസ്സായ ശേഷം സൗത്ത് ഇന്ത്യൻ ബാങ്കിൽ അസിസ്റ്റന്റ് മാനേജരായി പത്ത്

വർഷം പ്രവർത്തിച്ചു. ബ്രിസ്റ്റളിലെ യൂണിവേഴ്സിറ്റി ഓഫ് വെസ്റ്റ് ഓഫ് ഇംഗ്ലണ്ടിൽനിന്നും എം. ബി. എ. പാസ്സായി ഇപ്പോൾ ക്ലിനിക്കൽ കോ ഓർഡിനേറ്ററായി യൂണിവേഴ്സിറ്റി ഹോസ്പിറ്റൽസ് ബ്രിസ്റ്റോൾ എൻ എച്ച് എസ് ട്രസ്റ്റിൽ ജോലി ചെയ്യുന്നു.

134672 റ്റാനിയ മലയിൽ ജെയിംസ് (റ്റീന)

1987 നവംബർ 1-ന് ജനിച്ചു. എം.എസ്.സി. നഴ്സിംഗിന് പാസ്സായി റോയൽ ലണ്ടൻ ഹോസ്പിറ്റലിൽ നഴ്സാണ്. 2013 ഡിസംബർ 23-ന് എലിക്കോട് ചക്കാലയിൽ ബാബു ജോർജിന്റെയും ജെസ്സിയുടെയും മകൻ ജോജി വിവാഹം ചെയ്തു.

134673 റ്റെനിയ മലയിൽ ജെയിംസ് (ടെനി)

1991 ജൂലൈ 31-ന് ജനിച്ചു. തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നിന്ന് ബി.ടെക്. ഇലക്ട്രിക്കൽ പാസ്സായതിന് ശേഷം ജർമനിയിൽ മേഴ്സിഡസ് ബെൻസ് കമ്പനിയിൽ (MBition, a Daimler Mercedez Benz Company) എംബെഡഡ് സോഫ്റ്റ്വെയർ എഞ്ചിനീയറാണ്. 2019 സെപ്റ്റംബർ 9-ന് കടമ്പനാട് പ്ലാവിളയിൽ ഗീവർഗീസ് ബെറ്റി ദമ്പതികളുടെ മകൻ ആൽവിൻ വിവാഹം ചെയ്തു.

1347 റാഹേലമ്മ മാത്തൻ

1908 ഏപ്രിൽ 2-ന് ജനിച്ചു. 1929 മേയ് 20-ന് കുറിയന്നൂർ ഏറാട്ട് തോമസിന്റെ മകൻ എ.റ്റി. തോമസ് റാഹേലമ്മയെ വിവാഹം ചെയ്തു.

137 കോശി

1045-ൽ ജനിച്ചു. ഇലന്തൂർ മേമുറിയിൽ ഇട്ടിയുടെ മകൾ മറിയാമ്മയെ വിവാഹം ചെയ്തു. 1112-ൽ നിര്യാതനായി. 3 ആൺമക്കൾ, 3 പെൺമക്കൾ

നാലാംതലമുറ

1371 അബ്രഹാം (കുഞ്ഞ്)

1372 അന്നമ്മ

1373 പി.കെ.മാത്യു (കുഞ്ഞൻ)

1374 ഏലിയാമ്മ

1375 മറിയാമ്മ

1376 പി.കെ.കോശി (കുഞ്ഞൻപൊടി)

1371 അബ്രഹാം (കുഞ്ഞ്)

1897-ൽ ജനിച്ചു.സ്കോളർഷിപ്പോടെ സ്കൂൾപഠനം നടത്തി. 1897-ൽ ജനിച്ചു. സന്നിപാതജ്വരംമൂലം 1912-ൽ നിര്യാതനായി.

1372 അന്നമ്മ

1900-ൽ ജനിച്ചു. മേലുകര കോനാലിൽ ചാക്കോയുടെ മകൻ കുര്യൻ വിവാഹം ചെയ്തു.

1373 പി.കെ.മാത്യു (കുഞ്ഞൻ)

1902-ൽ ജനിച്ചു. കീഴുകര പാലക്കുന്നത്തായ നെടുവേലിൽ അന്ന മ്മയെ വിവാഹം ചെയ്തു. 1936-ൽ പുന്നൂരേത്ത് പടിഞ്ഞാറേതിൽ താമസമാക്കി. സി.എസ്.ഐ. ചർച്ച് കമ്മറ്റി അംഗം, മലയിൽ കുടുംബ യോഗ കമ്മറ്റി അംഗം, YMCA പ്രവർത്തകൻ, സൺഡേസ്കൂൾ അധ്യാ പകൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. മാത്യു 1946-ലും അന്നമ്മ 1971-ലും നിര്യാതരായി. 6 ആൺമക്കൾ, 1 മകൾ.

അഞ്ചാംതലമുറ

13731 റവ. പി.എം. കോശി

13732 പി.എം. ജോർജ്ജ്

13733 അബ്രഹാം (കുഞ്ഞവറാച്ചൻ)

13734 മാത്യു (തങ്കച്ചൻ)

19735 അബ്രഹാം (ജോണി)

13736 മറിയാമ്മ (അമ്മിണി)

13737 തോമസ് പി. മാത്യു (പാപ്പച്ചൻ)

13731 റവ. പി.എം. കോശി

1994 നവംബർ 22 ന് ജനിച്ചു . B.Tech. (Mechanical), MBA (HR) എന്നീ വിദ്യാഭ്യാസയോഗ്യതകൾ കരസ്ഥമാക്കി. AGAM, കുവൈറ്റിൽ ജോലി ചെയ്തശേഷം ഇപ്പോൾ ബാംഗ്ലൂർ Accentur കമ്പനിയിൽ ജോലി ചെയ്യുന്നു. തിരുവനന്തപുരം കേശവദാസപുരം കടവിൽ സജി തോമസ് -ബിജി സൂസൻ ബാബു ദമ്പതികളുടെ മകൾ നീതു സൂസൻ സജിയെ 25/08/2025-ൽ വിവാഹം ചെയ്തു. നീതു BTech (Civil), MTech (Urban Planning) വിദ്യാഭ്യാസത്തിനുശേഷം ദുബായ് Atkins കമ്പനിയിൽ ജോലി ചെയ്യുന്നു.

1415532 കോശി സ്കറിയായുടെ മകൾ ഐറിൻ മറിയ കോശി (ഏഴാം തലമുറ)

2006 ജനുവരി 11-ാം തീയതി ജനിച്ചു. ബികോം വിദ്യാർഥിനിയാണ്.

14156 ചെറിയാൻറെ മുന്നാമത്തെ മകൾ തങ്കമ്മ

1932 ജൂലൈ 17-ാം തീയതി ജനിച്ചു. 1947-ൽ ഓമല്ലൂർ മണ്ണിൽ ഈശോയുടെ മകൻ മാത്യു വിവാഹം കഴിച്ചു.

1417 തര്യൻറെ നാലാമത്തെ മകൻ തര്യൻ (പൊടിയച്ചൻ) (നാലാം തലമുറ)

1893 ജൂലൈ 29-ാം തീയതി ജനിച്ചു. സാമാന്യ വിദ്യാഭ്യാസം കഴിഞ്ഞ്

1909 ഫെബ്രുവരി 18-ാം തീയതി പുന്നക്കാട് വള്ളിക്കാലായിൽ മാത്തുണ്ണിയുടെ മകൾ ഏലിയാമ്മയെ വിവാഹം ചെയ്. ഇദ്ദേഹം 1953 ജനുവരി 26-ാം തീയതിയും ഭാര്യ ഏലിയാമ്മ 1979 ജൂൺ 22-ാം തീയതിയും നിര്യാതരായി. തര്യൻ-ഏലിയാമ്മ ദമ്പതികൾക്ക് രണ്ട് പുത്രന്മാരും ആറു പുത്രിമാരും ജനിച്ചു.

തര്യന്റെ മക്കൾ (അഞ്ചാം തലമുറ)

1. കുഞ്ഞാമ്മ
2. മറിയാമ്മ
3. ജോർജ്
4. അന്നാമ്മ
5. ഏലിയാമ്മ
6. മത്തായി
7.തങ്കമ്മ
8. ശോശാമ്മ

14171 തര്യന്റെ മൂത്തമകൾ കുഞ്ഞമ്മ

1913 സെപ്റ്റംബർ 3-ാം തീയതി ജനിച്ചു. 1930-ൽ കുറിയന്നൂർ കണിയാംപറമ്പിൽ തോമസിന്റെ മകൻ തോമസ് വിവാഹം കഴിച്ചു. തോമസ് അധികനാൾ കഴിയുംമുമ്പ് മരിച്ചുപോയതിനാൽ 1937-ൽ റാന്നി താന്നിമൂട്ടിൽ ചാണ്ടിയുടെ മകൻ മത്തായി കുഞ്ഞമ്മയെ പുനർ വിവാഹം കഴിച്ചു.

14172 തര്യന്റെ രണ്ടാമത്തെ മകൾ മറിയാമ്മ

1917 മേയ് 28-ാം തീയതി ജനിച്ചു. 1933 മാർച്ച് 3-ാം തീയതി പെരളശ്ശേരി തൊണ്ടിയേത്ത് മലയിൽ ഇടിക്കുളയുടെ മകൻ ഗീവർഗീസിനെവിവാഹം കഴിച്ചു.

14173 തര്യന്റെ മൂത്തമകൻ ജോർജ്ജ് (അഞ്ചാം തലമുറ)

1921 ജനുവരി 27-ാം തീയതി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് 1944 മേയ് 23-ാം തീയതി പ്രക്കാനം വെട്ടിക്കൂട്ടത്തിൽ തോമസിന്റെ മകൾ ചിന്നമ്മയെ വിവാഹം ചെയ്തു. പുന്നക്കാട് മാർത്തോമ്മാ ഇടവക യുടെ ട്രസ്റ്റി, സഭാ മണ്ഡലം പ്രതിനിധി, കൈസ്ഥാനസമിതി അംഗം എന്നീ സ്ഥാനങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. സാമൂഹ്യ, സാംസ്കാരിക പ്രവർത്തനങ്ങളിൽ തല്പരനായിരുന്ന ഇദ്ദേഹം രാഷ്ട്രീയ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്തിരുന്നു. ജോർജ്ജിൻ ദീർഘവീക്ഷണംകൊണ്ടാണ് കുടുംബയോഗഹാൾ പണികഴിപ്പിച്ചിരിക്കുന്ന സ്ഥലം സമ്പാദിക്കുവാൻ സാധിച്ചത്. പൊതുകാര്യ പ്രസക്തനായ ജോർജ് നാടിന്റെ വളർച്ചക്കായി പത്തു സെന്റ് സ്ഥലം സർക്കാരിന് ദാനമായി നൽകി. അവിടെ ഗ്രാമ സേവക് ഓഫീസ് അനുവദിച്ചു.

ജോർജ്ജ് 1992 സെപ്റ്റംബർ 8-ാം തീയതിയും ചിന്നമ്മ 2017 ജൂലൈ 11-

ാം തീയതിയും നിര്യാതരായി, ജോർജ്ജ്-ചിന്നമ്മ ദമ്പതികൾക്ക് 2 പുത്രന്മാരും 2 പുത്രിമാരും ജനിച്ചു.

ജോർജ്ജിന്റെ മക്കൾ (ആറാം തലമുറ)

1. കുര്യാക്കോസ് ജോർജ്ജ്
2. സ്റ്റീഫൻ ജോർജ്ജ്
3. എലിസബത്ത് ജോർജ്ജ്
4. ജോയ്സ് ജോർജ്ജ്

141731 ജോർജ്ജിന്റെ മൂത്തമകൻ കുര്യാക്കോസ് ജോർജ്ജ് (രാജു) (ആറാം തലമുറ)

1950 നവംബർ 7-ാം തീയതി ജനിച്ചു. പ്രീഡിഗ്രിയും മറ്റ് കൊമേഴ്സ്യൽ വിദ്യാഭ്യാസവും കഴിഞ്ഞ് സൗദി അറേബ്യയിൽ Lloyds ഇൻഷു റൻസ് കമ്പനിയുടെ ബ്രോക്കേഴ്സിന് ഒപ്പം ജോലി ചെയ്തു. 1998-ൽ തിരികെ നാട്ടിൽ എത്തി തന്റെ പിതാവിനെപ്പോലെ പൂർണകർഷക നായി ജോലികാര്യങ്ങൾ നട നടത്തുന്നു. നാട്ടിലെ സാമൂഹിക രാഷ്ട്രീയ കാര്യങ്ങളിൽ സജീവമാണ്. എടത്വാ വരികളത്തിൽ ചെറിയാൻകുഞ്ഞി ന്റെയും എലിസബേത്തിന്റെയും മകളായ മിലിനിയെ 3/10/1983-ൽ വിവാഹം ചെയ്തു. പ്രീഡിഗ്രി വിദ്യാഭ്യാസം ഉള്ള മിലിനി ഗൃഹഭരണ ത്തിൽ നൈപുണ്യമുള്ള ആളും നല്ല പാചക വിദഗ്ദ്ധയുമാണ്. ഇവർക്ക് മൂന്ന് മക്കൾ

കുര്യാക്കോസിന്റെ മക്കൾ (ഏഴാം തലമുറ)

1. മീരാ അന്നാ കുര്യാക്കോസ്
2. ലീന എലിസബത്ത് കുര്യാക്കോസ്
3. തര്യൻ ജോർജ്ജ് കുര്യാക്കോസ്

1417311 കുര്യാക്കോസിന്റെ മൂത്തമകൾ മീര അന്നാ കുര്യാക്കോസ് (മീര)

1985 ജൂലൈ 2-ാം തീയതി ജനിച്ചു. ബിഎ (ഇക്കണോമിക്സ്), എംബിഎ പാസ്സായി പരുമല വടക്കേമുണ്ടകത്തിൽ വി.സി. ജോർജ്ജി ന്റെയും, മറിയാമ്മ ജോർജ്ജിന്റെയും മകൻ ചെറിയാൻ ജോർജ്ജ് (സുനിൽ) വിവാഹം കഴിച്ചു സ്കൂൾ ടീച്ചറായി ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു.

1417312 കുര്യാക്കോസിന്റെ രണ്ടാമത്തെ മകൾ ലീന എലിസബത്ത് കുര്യാക്കോസ് (താര)

1988 ഓഗസ്റ്റ് 17-ാം തീയതി ജനിച്ചു. ഫിസിയോതെറാപ്പി ബിരുദം നേടിയശേഷം, കാനഡയിൽ ജോലി ചെയ്യുകയും, സ്വന്തമായി ഫിസി യോതെറാപ്പി ക്ലിനിക് നടത്തുകയും ചെയ്യുന്നു. മലയാലപ്പുഴ വ്യന്ദാ വനത്തിൽ സുനിൽകുമാറിന്റെയും, ശിവഭാഗ്യത്തിന്റെയും മകൻ ആകാശ് സുനിലുമായി വിവാഹിതരായി.

1417313 കുര്യാക്കോസിന്റെ മകൻ തര്യൻ ജോർജ്ജ് കുര്യാക്കോസ് (തമ്പു)(ഏഴാം തലമുറ)

1990 നവംബർ 19-ാം തീയതി ജനിച്ചു. ബിടെക് ഇലക്ട്രിക്കല്ല എഞ്ചിനീയറിംഗ് പാസ്സായശേഷം വിദേശത്ത് ജോലി ചെയ്യുന്നു
141732 ജോർജ്ജിന്റെ രണ്ടാമത്തെ മകൻ സ്റ്റീഫൻ ജോർജ്ജ് (ജോസ്) (ആറാം തലമുറ)

1955 ഫെബ്രുവരി 10-ാം തീയതി ജനിച്ചു ബി.എ വിദ്യാഭ്യാസ യോഗ്യത നേടി 12 വർഷം സൗദി അറേബ്യയിൽ ജോലി ചെയ്തു. തുടർന്ന് എറണാകുളത്ത് വീടുവച്ച് താമസിച്ച് മക്കളെ പഠിപ്പിച്ചു. കൃഷി യിൽ ഏർപ്പെട്ടിരുന്നു. തുമ്പമൺ വാലുകാലായിൽ വി ജോൺ-മറിയാമ്മ ജോൺ (കളമശ്ശേരി) ദമ്പതികളുടെ മകൾ എലിസബത്ത് ജോണിനെ 18/05/1984-ൽ വിവാഹം ചെയ്തു. ബി.എസ്.സി. നഴ്സിംഗ് പാസ്സായി ട്ടുണ്ട്. കാക്കനാട് ക്രിസ്റ്റോസ് മാർത്തോമ്മാ പള്ളിയിലും പുന്നക്കാട് മാർത്തോമ്മാ പള്ളിയിലും മണ്ഡല അംഗമായി പ്രവർത്തിച്ചു. നാളിതു വരെയും കൈസ്ഥാനസമിതി അംഗമാണ്. 2017-ൽ മല്ലപ്പുഴശ്ശേരി പഞ്ചാ യത്തിലെ മികച്ച കർഷകനുള്ള അവാർഡ് കരസ്ഥമാക്കി. 2021 മുതൽ മലയിൽ കുടുംബയോഗം സെക്രട്ടറിയാണ്. ഇവർക്ക് മൂന്നുമക്കൾ.

സ്റ്റീഫൻ ജോർജ്ജിന്റെ മക്കൾ (ഏഴാം തലമുറ)
1. ഷെറിൻ സ്റ്റീഫൻ ജോർജ്ജി
2. മെറിൻ മേരി സ്റ്റീഫൻ
3. മാർത്ത ആൻ സ്റ്റീഫൻ

1417321 ഷെറിൻ സ്റ്റീഫൻ ജോർജ്ജ് (ഷെറിൻ)

1 986 ജനുവരി 20-ാം തീയതി ജനിച്ചു. ബികോം, എംബിഎ ബിരുദ ധാരിയാണ്. ഊന്നുകൽ കച്ചിറ പുത്തൻവീട്ടിൽ പരേതനായ ഹാൻലി പി. കോശിയുടെയും ലിസി കോശിയുടെയും മകൻ ജിന്റോ ഹാൻലി 2009 ജൂലൈ 6-ന് വിവാഹം കഴിച്ചു. കുടുംബമായി ദുബയിൽ താമസി ക്കുന്നു.

1417322 മെറിൻ മേരി സ്റ്റീഫൻ (മെറിൻ)

1987 ഡിസംബർ 7-ാം തീയതി ജനിച്ചു. എംഫാം ബിരുദധാരി യാണ്. മേൽപ്പാടം ചക്കിട്ടയിൽ ഐപ്പ് സി. ജേക്കബിന്റെയും സൂസൻ യും മകൻ ജെറി സി. ജേക്കബ് 2015 ജനുവരി 8-ാം തീയതി വിവാഹം കഴിച്ചു. കുടുംബമായി ദുബായിൽ താമസിക്കുന്നു.

1417323 മാർത്ത ആൻ സ്റ്റീഫൻ (മാർത്ത)

1991 ഓഗസ്റ്റ് 4-ാം തീയതി ജനിച്ചു. എംടെക് ബിരുദധാരിയാണ്. കുറിച്ചി വെട്ടുകുഴിയിൽ മാത്യു ജോണിന്റെയും സാലി ജോണിന്റെയും മകൻ മനു വി. മാത്യു 2017 ആഗസ്റ്റ് 24-ന് വിവാഹം കഴിച്ചു. കുടുംബ മായി ദുബയിൽ താമസിക്കുന്നു.

Stephen George (Jose) & Family

141733 ജോർജിന്റെ മൂത്തമകൻ എലിസബത് ജോർജ് (ജെസ്സി)
1960 ജൂൺ 13 ആം തീയതി ജനിച്ചു. ബി. എ. കഴിഞ്ഞു 1985 ജൂലൈ 18 ആം തിയതി പുറമറ്റം ഊരേപ്പടിക്കൽ കോശിയുടെ മകൻ ഷാജി വിവാഹം കഴിച്ചു.
141734 ജോർജ്ജിന്റെ രണ്ടാമത്തെ മകൾ ജോയിസ് ജോർജ്ജ് (ജോയ്സ്)
1965 ജൂലൈ 18-ാം തീയതി ജനിച്ചു. പ്രീഡിഗ്രി കഴിഞ്ഞ് 1989 ജൂലൈ മാസം 17-ാം തീയതി കുഴിക്കാല ഇടമല പടിഞ്ഞാറ്റേതിൽ സഖറിയാ രുടെ മകൻ വറുഗീസ് വിവാഹം കഴിച്ചു.
14174 തര്യന്റെ മൂന്നാമത്തെ മകൾ അന്നാമ്മ
1924 ആഗസ്റ്റ് 30-ാം തീയതി ജനിച്ചു. 1943 ഏപ്രിൽ 29-ാം തീയതി കടമ്മനിട്ട പ്ലാംകൂട്ടത്തിൽ മത്തായിയുടെ മകൻ തോമസിനെ വിവാ ഹം കഴിച്ചു.
14175 തര്യന്റെ നാലാമത്തെ മകൾ ഏലിയാമ്മ (പൊടിയമ്മ)
1928 ജനുവരി 12-ാം തീയതി ജനിച്ചു. 1946 ജനുവരി 26-ാം തീയതി ഉതിമൂട്ടിൽ മണപ്പുറത്ത് മത്തായിയുടെ മകൻ സൈമനെ വിവാഹം ക
14176 തര്യന്റെ രണ്ടാമത്തെ മകൻ മത്തായി (കുഞ്ഞുഞ്ഞൂട്ടി) (അഞ്ചാം തലമുറ)
1930 മേയ് 21-ാം തീയതി ജനിച്ചു. എസ്.എസ്.എൽ.സി. പാസ്സായ ശേഷം ഐ.എ.എഫ്.-ൽ ചേർന്ന് പരിശീലനം നേടി ഏതാനും വർ ഷം സേവനമനുഷ്ഠിച്ചു. അവിടെനിന്നും വിരമിച്ചശേഷം മലേഷ്യയിൽ പോയി അവിടുത്തെ പോലീസ് ഡിപ്പാർട്ട്മെന്റിൽ ദീർഘകാലം ജോലി ചെയ്തു. 1960 ജൂൺ 27-ാം തീയതി പുതുക്കുളം മണ്ണിൽ ജോണിന്റെ മകൾ തങ്കമ്മയെ വിവാഹം ചെയ്തു. മലേഷ്യയിൽ സ്ഥിരതാമസമാ ക്കിയ ഈ ദമ്പതികൾക്ക് രണ്ട് പുത്രന്മാരും ഒരു പുത്രിയും ജനിച്ചു. മത്തായി 18/05/2010-ലും തങ്കമ്മ 31/03/2014-ലും നിര്യാതരായി.
മത്തായിയുടെ മക്കൾ (ആറാം തലമുറ)
1 തരകൻ മത്തായി
2 ജോൺ മത്തായി
1 ലിസ്സി മത്തായി
141761 മത്തായിയുടെ മൂത്തമകൻ തരകൻ മത്തായി (സുരേഷ്) (ആറാം തലമുറ)
1961 ഒക്ടോബർ 11-ാം തീയതി ജനിച്ചു. കാലാലംപൂരിൽ PWD എഞ്ചിനീയറായി ജോലി ചെയ്തു. ഇപ്പോൾ മലേഷ്യയിൽ വിശ്രമ ജീവിതം

നയിക്കുന്നു.
141762 മത്തായിയുടെ രണ്ടാമത്തെ മകൻ ജോൺ മത്തായി (ജോ മോൻ) (ആറാം തലമുറ)
1963 ജനുവരി 19-ാം തീയതി ജനിച്ചു. ബി.ഡി.എസ്. പാസ്സാ ഡോക്ടറായി പ്രാക്ടീസ് ചെയ്യുന്നു. ജോമോൻ ബെറ്റിയെ വിവാഹം ചെയ്തു. ബെറ്റി മലേഷ്യയിൽ അഡ്വക്കേറ്റ് ആയി പ്രാക്തീൻ ചെയ്യുന്നു. മലേഷ്യയിൽ വിശ്രമജീവിതം നയിക്കുന്നു. ഇവർക്ക് ഒരു മകൻ
1417621 ജോൺ മത്തായിയുടെ മകൻ ജോനാഥൻ (ഏഴാം തലമുറ)
141763 മത്തായിയുടെ മകൾ ലിസ്സി മത്തായി (ജോളി)
1966 മേയ് 17-ാം തീയതി ജനിച്ചു. എഞ്ചിനീയറിംഗിൽ ബിരുദം. സമ്പാദിച്ചശേഷം വിവാഹിതയായി ആസ്ട്രേലിയയിൽ ഭർത്താവിനോ ടൊപ്പം താമസിക്കുന്നു.
14177 തര്യന്റെ അഞ്ചാമത്തെ മകൾ തങ്കമ്മ
1933 ജൂലൈ 22-ാം തീയതി ജനിച്ചു. സ്കൂൾ ഫൈനൽ പരീക്ഷ ജയിച്ചശേഷം 1956 ഏപ്രിൽ 30-ാം തീയതി മേക്കൊഴൂർ വലിയപറ മ്പിൽ സ്കറിയയുടെ മകൻ സഖറിയ വിവാഹം കഴിച്ചു.
14178 തര്യന്റെ ആറാമത്തെ മകൾ ശോശാമ്മ (പെണ്ണമ്മ)
1937 ജൂലൈ 28-ാം തീയതി ജനിച്ചു. എസ്.എസ്.എൽ.സി.യും റ്റി. റ്റി.സി യും പാസ്സായശേഷം 1958-ൽ കുമ്പളാംപൊയ്ക്ക് അമ്മനത്ത് ജോസഫിന്റെ മകൻ ജോർജ്ജ് വിവാഹം കഴിച്ചു.
142 വർഗീസിന്റെ മൂത്തമകൾ മറിയാമ്മ (മൂന്നാം തലമുറ
1850 സെപ്റ്റംബർ 1-ാം തീയതി ജനിച്ചു. 1864-ൽ ഇരവിപേരൂർ പുത്തേടത്ത് കുരുവിളയുടെ മകൻ കുരുവിള വിവാഹം കഴിച്ചു.
143 വർഗീസിന്റെ രണ്ടാമത്തെ മകൾ അന്നാമ്മ (മൂന്നാം തലമുറ)
1854 സെപ്റ്റംബർ 23-ാം തീയതി ജനിച്ചു. 1867-ൽ പൂവത്തൂർ കണ്ണം തോട്ടുകര മത്തായിയുടെ മകൻ വർഗീസ് വിവാഹം കഴിച്ചു.
144 വർഗീസിന്റെ മൂന്നാമത്തെ മകൾ അക്കാമ്മ (മൂന്നാം തലമുറ)
1857-ൽ ജനിച്ചു. 1869-ൽ പൂവത്തൂർ ഐക്കര ചാക്കോയുടെ മകൻ വർഗീസിനെ വിവാഹം കഴിച്ചു.
145 പുന്നൂരേത്ത് വർഗീസിന്റെ രണ്ടാമത്തെ മകൻ ചെറിയാൻ (മൂന്നാം തലമുറ)
1861 മേയ് 26-ാം തീയതി ജനിച്ചു. സാമാന്യ വിദ്യാഭ്യാസം കഴിഞ്ഞ് 1877-ൽ കുറിയന്നൂർ തോപ്പിൽ വർഗീസിന്റെ മകൾ ഏലിയാമ്മയെ വിവാഹം ചെയ്തു. ഭാര്യ മരിച്ചുപോയതിനാൽ ഏതാനും വർഷങ്ങൾ കഴിഞ്ഞ് ഇരവിപേരൂർ പുത്തേടത്തുമണ്ണിൽ ഏബ്രഹാമിന്റെ മകൾ ശോശാമ്മായെ ചെറിയാൻ പുനർവിവാഹം ചെയ്തു. 1893-ൽ പുത്തൻ

ചിറയിൽ മാറിതാമസമാക്കി. 1907 ഏപ്രിൽ മാസം 19-ാം തീയതി ചെറിയാൻ നിര്യാതനായി. ശോശാമ്മ 1941 ആഗസ്റ്റ് 5-ാം തീയതി നിര്യാതയായി. ചെറിയാൻ - ശോശാമ്മ ദമ്പതികൾക്ക് 4 പുത്രന്മാരും 4 പുത്രിമാരും ജനിച്ചു.

ചെറിയാന്റെ മക്കൾ (നാലാം തലമുറ)

1. മറിയാമ്മ
2. ഏലിയാമ്മ
3. അന്നാമ്മ
4. വർഗ്ഗീസ്
5. ഏബ്രഹാം
6. ശോശാമ്മ
7. ചെറിയാൻ
8. ചാക്കോ

1451 പുത്തൻചിറയിൽ ചെറിയാന്റെ മൂത്തമകൾ മറിയാമ്മ 1892-ൽ ജനിച്ചു. 1902-ൽ കോഴഞ്ചേരി വടക്കൻ തോടത്ത് വർഗീ സിന്റെ മകൻ വർഗീസ് വിവാഹം കഴിച്ചു.

1452 ചെറിയാന്റെ രണ്ടാമത്തെ മകൾ ഏലിയാമ്മ 1893 ആഗസ്റ്റ് 2-ാം തീയതി ജനിച്ചു. 1905-ൽ നാരങ്ങാനം കൊച്ചു തുണ്ടിയിൽ മാമ്മന്റെ മകൻ മാമ്മൻ വിവാഹം കഴിച്ചു.

1453 ചെറിയാന്റെ മൂന്നാമത്തെ മകൾ അന്നാമ്മ 1895 സെപ്റ്റംബർ 1-ാം തീയതി ജനിച്ചു. കുമ്പനാട് ചിറ്റേഴത്ത് ഇട്ടിയുടെ മകൻ ഇട്ടി വിവാഹം കഴിച്ചു.

1454 ചെറിയാൻറെ മൂത്തമകൻ വർഗീസ് (കുഞ്ഞച്ചൻ) നാലാം തല 1897 സെപ്റ്റംബർ 9-ാം തീയതി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസാന തമം 1914 ഫെബ്രുവരി 25-ാം തീയതി കുറിയന്നൂർ വടക്കേമുറി യിൽ മത്തായിയുടെ മകൾ അന്നമ്മയെ വിവാഹം കഴിച്ചു. 1928-ൽ കല്ലേലിൽ അക്കരക്കാലയിൽ കുടുംബസമേതം മാറിതാമസമാക്കി. കൃഷിയിലും ബിസ്സിനസ്സിലും ഏർപ്പെട്ടിരുന്ന വർഗീസ് മാർത്തോമ്മാ ഇടവകയുടെ ജസ്റ്റിയായും കൈസ്ഥാനസമിതി അംഗമായും സേവനമനുഷ്ഠിക്കു കയും മറ്റ് സാമൂഹ്യ സാംസ്കാരിക സംഘടനകളിൽ സജീവമായി വർത്തിക്കുകയും ചെയ്തിട്ടുണ്ട്. വർഗീസ് 1968 ഫെബ്രുവരി 28-ാം തീയതിയും ഭാര്യ അന്നാമ്മ 1972 ഒക്ടോബർ 13-ാം തീയതിയും നിര്യാ തരായി വർഗീസ് അന്നമ്മ ദമ്പതികൾക്ക് 2 പുത്രന്മാരും 2 പുത്രിമാരും ജനിച്ചു

വർഗീസിന്റെ മക്കൾ (അഞ്ചാം തലമുറ)

1. ചെറിയാൻ
2 ശോശമ്മ

3. മത്തായി

4. അന്നമ്മ

14541 വർഗീസിന്റെ മൂത്തമകൻ ചെറിയാൻ (കുഞ്ഞുഞ്ഞ്) അഞ്ചാം തലമുറ

1922 മാർച്ച് 30-ാം തീയതി ജനിച്ചു. എസ്.എസ്.എൽ.സി.വരെ പഠിച്ച ശേഷം പിതാവിനോടൊപ്പം ബിസിനസിൽ ഏർപ്പെട്ടു. 1943 നവംബർ 11-ാം തീയതി മാരാമൺ തേയിലപ്പുറത്ത് തോമസിന്റെ മകൾ ഏലിക്കുട്ടിയെ വിവാഹം ചെയ്തു. കോന്നിയിലെ ഒരു പ്രമുഖ ബിസ്സി നിസ്സുകാരനായി ഇദ്ദേഹം അറിയപ്പെട്ടിരുന്നു. ചെറിയാൻ 1973 ആഗസ്റ്റ് 29-ാം തീയതിയും ഭാര്യ ഏലിക്കുട്ടി 1996 നവംബർ 2-ാം തീയതി നിര്യാതരായി. ചെറിയാൻ ഏലിക്കുട്ടി ദമ്പതികൾക്ക് മൂന്നു പുത്രന്മാരും മൂന്നു പുത്രിമാരും ജനിച്ചു.

ചെറിയാന്റെ മക്കൾ (ആറാം തലമുറ

1. വർഗീസ്

2. ശോശാമ്മ

3. അന്നമ്മ

4. എൽസി

5. ചെറിയാൻ തോമസ്

6. ചെറിയാൻ

145411 ചെറിയാന്റെ മൂത്തമകൻ വർഗീസ് (ജോയി) (ആറാംതലമുറ)

1945 മേയ് 16-ാം തീയതി ജനിച്ചു. പി.യു.സി.വരെ പഠിച്ചു. 1970 ജൂലൈ 27-ാം തീയതി കോന്നി കോട്ടുമണ്ണിൽ ചാക്കോയുടെ മകൾ പൊന്നമ്മയെ വിവാഹം കഴിച്ചു. വർഗീസ് ദുബായിൽ കുറെക്കാലം ജോലി ചെയ്തശേഷം തിരികെ നാട്ടിൽ വന്നു ബിസിനസ്സിൽ ഏർ പ്പെട്ടിരുന്നു. 1999 ഏപ്രിൽ 8-ാം തീയതി വർഗീസ് നിര്യാതനായി. വർഗീസ്-പൊന്നമ്മ ദമ്പതികൾക്ക് രണ്ടുപുത്രന്മാരും ഒരു പുത്രിയും ജനിച്ചു

വർഗീസിന്റെ മക്കൾ (ഏഴാം തലമുറ)

1. ജോ വർഗീസ്

2. സീന എൽസ വർഗീസ്

3.എബി. ജേകബ് വർഗീസ്

14541111 ജോയിയുടെ മുതമകൻ ജോ. വർഗീസ് (ജിമോൻ)(ഏഴാം തലമുറ (

1971 ജൂലൈ 28-ാം തീയതി ജനിച്ചു. പ്രീഡിഗ്രി പാസ്സായി കുവൈ plal ജോലി ചെയ്യുന്നു. കൊട്ടാരക്കര പൂത്തൂർ എസ്.എൻ.പുരം സുമേഷ് വനിൽ ജോൺ മത്തായി-ആനിയമ്മ ജോൺ ദമ്പതികളുടെ മകൾ ngaloo 24/05/2004-05 ന് വിവാഹം ചെയ്തു. ബി. എസ്. സി. നഴ്സിംഗ് പാസ്സായി കുവൈറ്റ് MOH-ൽ ജോലി ചെയ്യുന്നു. ഇവർക്ക് മൂന്നു മക്കൾ.

എട്ടാം തലമുറ

1. ടെസ്സ റെയ്ച്ചൽ ജോ

2. ആൽവിനാ ആൻ ജോ
3. ഗ്ലെൻ ജോ വർഗീസ് (ടുട്ടു)
1541111 ജോ വർഗീസിൻ്റെ മൂത്തമകൾ ടെസ്റ്റ റെയ്ച്ചൽ ജോ (എട്ടാം തലമുറ)
2006 ഫെബ്രുവരി 5-ാം തീയതി ജനിച്ചു. വിദ്യാർഥിനിയാണ്
14541112 ജോ വർഗീസിൻ്റെ രണ്ടാമത്തെ മകൾ ആൽവിനാ ആൻ ജോ (എട്ടാം തലമുറ)
2009 ഡിസംബർ 10-ാം തീയതി ജനിച്ചു. വിദ്യാർഥിനിയാണ്.
14541113 ജോ വർഗീസിന്റെ മകൻ ഗ്ലെൻ ജോ വർഗീസ് (ടുട്ടു) (എട്ടാം തലമുറ)
2017 ജൂൺ 22-ാം തീയതി ജനിച്ചു. വിദ്യാർഥിയാണ്.
1454112 ജോയിയുടെ മകൾ സീനാ വർഗീസ് (എൽമ)
1975 ഏപ്രിൽ 2-ന് ജനിച്ചു. ബി.എ., ബി.എഡ്. ബിരുദധാരിയാണ്.
1997 ഡിസംബർ 20-ാം തീയതി റാന്നി തോപ്പുകല്ലിൽ മാത്യു-ലീലാമ്മ ദമ്പതികളുടെ മകൻ നിബു മാത്യു വിവാഹം കഴിച്ചു.
1454113 ജോയിയുടെ രണ്ടാമത്തെ മകൻ എബി ജേക്കബ് വർഗീസ് (എബി) (ഏഴാം തലമുറ)
1976 മേയ് 30-ന് ജനിച്ചു. ബി.എ. ഇക്കണോമിക്സ് ഡിഗ്രി കരസ്ഥ മാക്കി കാനഡയിൽ B.C. KELOWNA ജോലി ചെയ്യുന്നു. കോട്ടയം മുക്കത്ത് കുടുംബത്തിലെ മുംബൈ അംബർനാഥ് എം.ജെ. തോമസ്-മ റിയാമ്മ തോമസ് ദമ്പതികളുടെ മകൾ ബിസ്മി എബി ജേക്കബിനെ 28/8/2006-ൽ വിവാഹം ചെയ്തു. ബിസ്മി ബി.എ. ഇക്കണോമിക്സ് ബിരുദധാരിയാണ്. മുംബൈ റിലയൻസ് ജിയോയിൽ മാനേജരായി ജാലി ചെയ്തു. ഇവർക്ക് ഒരു മകൻ.
14541131 എബി ജേക്കബ് വർഗീസിൻ്റെ മകൻ ഷോൺ എബി (എട്ടാം തലമുറ)
2008 നവംബർ 20-ാം തീയതി ജനിച്ചു. വിദ്യാർഥിയാണ്.
145412 ചെറിയാൻ മൂത്തമകൾ ശോശാമ്മ (തങ്കമ്മ)
1947 ഡിസംബർ 10-ാം തീയതി ജനിച്ചു. ബി.എ. പാസ്സായശേഷം 1969 ജനുവരി 14-ാം തീയതി വടശ്ശേരിക്കര ചെറുകര ജോർജ്ജിൻ്റെ മകൻ തോമസ് വിവാഹം കഴിച്ചു.
145413 ചെറിയാന്റെ രണ്ടാമത്തെ മകൾ അന്നമ്മ (അക്കാമ്മ)
1950 ആഗസ്റ്റ് 18-ാം തീയതി ജനിച്ചു. ബി.എ., ബി.എഡ്. പാസ്സായ ശേഷം 1974 ഒക്ടോബർ 24-ാം തീയതി നെടുങ്ങാടപ്പള്ളി പള്ളിക്ക പ്പറമ്പിൽ ചാണ്ടിയുടെ മകൻ അലക്സ് വിവാഹം കഴിച്ചു.
145414 ചെറിയാന്റെ മുന്നാമത്തെ മകൾ ഏലിക്കുട്ടി (എൽസി)
1951 ഒക്ടോബർ 13-ാം തീയതി ജനിച്ചു. ബി.എ., ബി.എഡ്. ബിരുദ

ധാരിയാണ്. 1977 ജനുവരി 31-ാം തീയതി തിരുവല്ല വേങ്ങൽ പടിപ്പുര യ്ക്കൽ എബ്രഹാമിന്റെ മകൻ ബാബു വിവാഹം കഴിച്ചു.
145415 ചെറിയാന്റെ രണ്ടാമത്തെ മകൻ ചെറിയാൻ തോമസ് (തോമ സ്കുട്ടി) (ആറാം തലമുറ)
1953 ആഗസ്റ്റ് 29-ന് ജനിച്ചു. ബികോം പാസ്സായി. ഇപ്പോൾ M/s Geojit Financial Service Pvt. Firm നടത്തുന്നു. തീയാടിക്കൽ ചെറുകര പാലയ്ക്കമണ്ണിൽ പി.എ.മാത്യൂസ് മേരി മാത്യൂസ് ദമ്പതികളുടെ മകൾ ലിൻസി തോമസിനെ 30-01-1984-ൽ വിവാഹം ചെയ്തു. ലിൻസി എം. എ. സോഷ്യോളജി ബിരുദധാരിയാണ്. ഇവർക്ക് മൂന്നുമക്കൾ.
തോമസുകുട്ടിയുടെ മക്കൾ (ഏഴാം തലമുറ)
1. കിരൺ തോമസ് ചെറിയാൻ
2. ചിപ്പി എൽസാ തോമസ്
3. നേഹ മറിയം തോമസ്
1454151 തോമസ്കുട്ടിയുടെ മകൻ കിരൺ തോമസ് ചെറിയാൻ (കിരൺ) (ഏഴാം തലമുറ)
1986 ജനുവരി 8-ന് ജനിച്ചു. ചെന്നൈ HITയിൽനിന്ന് ഓട്ടോ മൊബൈൽ എഞ്ചിനീയറിംഗിൽ ഡിപ്ലോമ കരസ്ഥമാക്കി JLR Chennai യിൽ ജോലി ചെയ്തു. ഇപ്പോൾ J.L.R. Norwayയിൽ ജോലി ചെയ്യുന്നു. തിരുവനന്തപുരം വള്ളക്കടവ് T.C.34/805-ൽ ജോസഫ് ഒ.എൻ.-ബ്ലെസി ജോസഫ് ദമ്പതികളുടെ മകൾ അനീറ്റ സേറാ ജോസഫിനെ 15-11 -2021-ൽ വിവാഹം ചെയ്തു. അനീറ്റ Bcom, ICWA, Cost Accounting എന്നിവ പാസ്സായിട്ടുണ്ട്. ബാംഗ്ലൂർ Bechman Counter Life Scienceൽ സീനിയർ ഫിനാൻസ് അനലിസ്റ്റായി ജോലി ചെയ്തു. ഇവർക്ക് ഒരു മകൻ,
14541511 കിരൺ തോമസ് ചെറിയാന്റെ മകൻ ജൂഡ് തോമസ് ചെറി യാൻ (എട്ടാം തലമുറ)
2023 ഓഗസ്റ്റ് 12ാം തീയതി ജനിച്ചു
1454152 തോമസ്കുട്ടിയുടെ മൂത്തമകൾ ചിപ്പി എൽസാ തോമസ് (ചിപ്പി)
1988 സെപ്റ്റംബർ 10-ന് ജനിച്ചു. കോട്ടയം പുതുപ്പള്ളി പട്ടശ്ശേരി മടത്തിൽ സണ്ണിക്കുട്ടി എം. കുര്യൻ-മേരി പി. എബ്രഹാം ദമ്പതികളുടെ മകൾ എബി കുര്യൻ വിവാഹം കഴിച്ചു.
1454153 തോമസ്കുട്ടിയുടെ രണ്ടാമത്തെ മകൾ നേഹ മറിയം തോമസ് (നേഹ)
2000 സെപ്റ്റംബർ 11-ന് ജനിച്ചു. എം.എസ്സി. പാസ്സായി ഒരു വിദേശ കമ്പനിയിൽ ഇൻഷുറൻസ് അസിസ്റ്റന്റായി ജോലി ചെയ്യുന്നു.

145416 ചെറിയാന്റെ മൂന്നാമത്തെ മകൻ ചെറിയാൻ (അനിയൻ കുഞ്ഞ്)

(ആറാം തലമുറ)

1956 ഫെബ്രുവരി 11-ാം തീയതി ജനിച്ചു. എസ്.എസ്.എൽ.സി.യും ടെക്നിക്കൽ ട്രെയ്നിംഗും കഴിഞ്ഞ് ബോംബേയിൽ എയർ ഇന്ത്യ യിൽ ജോലി ചെയ്തു. ഇപ്പോൾ നാട്ടിൽ വിശ്രമജീവിതം നയിക്കുന്നു. 1987 ഫെബ്രുവരി 2-ാം തീയതി കൊട്ടാരക്കര വലിയവീട്ടിൽ അലക് സാണ്ടർ - ഏലിയാമ്മ ദമ്പതികളുടെ മകൾ റെയ്ച്ചലിനെ വിവാഹം കഴിച്ചു. ഇവർക്ക് ഒരു പുത്രി ജനിച്ചു.

1454161 ചെറിയാൻറെ മകൾ റിയാ എൽസാ ചെറിയാൻ (റിയ) (ഏഴാം തലമുറ)

1988 ജനുവരി 17-ാം തീയതി ജനിച്ചു. എഞ്ചിനീയറാണ്. അടൂർ കുറുമ്പികാലിൽ കെ.എം.വർഗീസ്-സാറാമ്മ ദമ്പതികളുടെ മകൻ ബിൻസൻ വർഗീസ് വിവാഹം കഴിച്ചു. ഇവർ ഓസ്ട്രേലിയയിൽ താമ സിക്കുന്നു.

14542 വർഗീസിൻറെ മൂത്തമകൾ ശോശാമ്മ

1926 മേയിൽ ജനിച്ചു. 1946 ജനുവരി 30-ന് നിര്യാതയായി.

14543 വർഗീസിൻറെ രണ്ടാമത്തെ മകൻ മത്തായി (തങ്കച്ചൻ) (അഞ്ചാം തലമുറ)

1929 ആഗസ്റ്റ് 11-ാം തീയതി ജനിച്ചു. ബികോം. പാസ്സായി. കുറെ ക്കാലം മാർത്താണ്ഡം കൊമേഴ്സ്യൽ ബാങ്കിൽ ജോലിചെയ്തു. പിന്നീട് ബിസിനസ്സിൽ ഏർപ്പെട്ടു. 1957 ഫെബ്രുവരി 25-ന് പ്രക്കാനം കോടിയാട്ടു മത്തായിയുടെ മകൾ പെണ്ണമ്മയെ വിവാഹം ചെയ്തു. മത്തായി കല്ലേലി മാർത്തോമ്മാ പള്ളി സ്ഥാപിക്കുന്നതിനു നേതൃത്വം നല്കു കയും ഇടവകയുടെ ട്രസ്റ്റി, മണ്ഡലം പ്രതിനിധി തുടങ്ങിയ സ്ഥാനങ്ങളിൽ സേവനമനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. കോന്നിയിൽ ഹോൾ സെയിൽ വ്യാപാരത്തിലേർപ്പെട്ടിരുന്ന ഇദ്ദേഹം എൽ.ഐ.സി. യും പാരി കമ്പനിയുടെ ഡീലറായും പ്രവർത്തിച്ചിരുന്നു. മത്തായി 1982 ഏപ്രിൽ 13ാം തീയതിയും പെണ്ണമ്മ 2022 സെപ്റ്റംബർ 7ാം തിയതി നിര്യാതരായി.

മത്തായിയുടെ മക്കൾ (ആറാം തലമുറ)

1. അന്നമ്മ മത്തായി
2. എലിസബേത്ത് മത്തായി
3. വർഗീസ് മാത്യു
4. സൂസൻ മാത്യു

145431 മത്തായിയുടെ മുത്തമകൾ അന്നമ്മ മത്തായി (ആനി)

1959 ഏപ്രിൽ 30-ാം തീയതി ജനിച്ചു. 1983 ഫെബ്രുവരി 3-ാം തീയതി റാന്നി വലിയകാലായിൽ ഫിലിപ്പോസിൻറെ മകൻ തോമസ് വിവാഹം കഴിച്ചു. അബുദബിയിൽ ജോലി ചെയ്തിരുന്ന തോമസ് ഏതാനും മാസങ്ങൾക്കുശേഷം ആകസ്മികമായി നിര്യാതനായി. അന്നമ്മയെ 1985 മാർച്ച്

18-ാം തീയതി വാഴൂർ പേഴമറ്റത്ത് വർഗീസിൻ്റെ മകൻ ജോർജ്ജുകുട്ടി പുനർവിവാഹം കഴിച്ചു.

145432 മത്തായിയുടെ രണ്ടാമത്തെ മകൾ എലിസബേത്ത് മത്തായി (ജോസി)

1962 ഫെബ്രുവരി 18-ാം തീയതി ജനിച്ചു. ബികോം പാസ്സായശേഷം പത്തനംതിട്ട വിളവിനാൽ യേശുദാസിൻ്റെ മകൻ അലക്സാണ്ടർ വിവാഹം കഴിച്ചു.

145433 മത്തായിയുടെ മകൻ വർഗീസ് മാത്യു (മോൻ) (ആറാം തലമുറ)

1965 ജൂലൈ 31-ാം തീയതി ജനിച്ചു. ബി.എ. ബിരുദധാരിയാണ്. 1994 ജനുവരിമാസം 17-ാം തീയതി പത്തനംതിട്ട അജന്താ പ്രസ്സ് ഉടമ പുത്തൻപീടികയിൽ പാലക്കുന്നിൽ ജോർജ്ജിൻ്റെ മകൾ ലിജി സൂസനെ വിവാഹം കഴിച്ചു. ലിജി ബി.എസ്സി. ബിരുദധാരിയാണ്. ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്ന വർഗീസ് ഇടവക പ്രവർത്തനങ്ങളിലും അതീവ തല്പരനാണ്. മാർത്തോമ്മാ ഇടവക ട്രസ്റ്റി, മണ്ഡലം പ്രതിനിധി, ഭദ്രാസന അസംബ്ലിമെമ്പർ എന്നീ ചുമതലകൾ വഹിച്ചിട്ടുള്ള വർഗീസ് ദീർഘ കാലമായി കൈസ്ഥാനസമിതി അംഗമായും സേവനമനുഷ്ഠിക്കുന്നു. കല്ലേലി മാർത്തോമ്മാ പള്ളിയുടെ പുനർനിർമാണത്തിന്റെ ജോയിന്റ് കൺവീനറായി പ്രവർത്തിച്ചിരുന്ന വർഗീസ്, മലയിൽ കുടുംബയോഗ ത്തിൻ്റെ കല്ലേലി യൂണിറ്റിൻ്റെ ചുമതലകളും നിർവഹിച്ചിരുന്നു. കോന്നി യിൽ പെയിൻ്റ് ബിസിനസ്സ് നടത്തിക്കൊണ്ടിരിക്കുന്ന ഇദ്ദേഹം കാർഷികവൃത്തിയിലും തല്പരനാണ്. വർഗീസ്-ലിജി ദമ്പതികൾക്ക് ഒരു പുത്രനും ഒരു പുത്രിയും ജനിച്ചു.

വർഗീസ് മാത്യുവിൻ്റെ മക്കൾ (ഏഴാം തലമുറ)

1. ഫെമി അന്നാ വർഗീസ്
2. അലൻ മാത്യു വർഗീസ്

1454331 വർഗീസ് മാത്യുവിൻ്റെ മകൾ ഫെമി അന്നാ വർഗീസ് (ഫെമി)

1995 മാർച്ച് 11-ാം തീയതി ജനിച്ചു. ബി.ഇ. സിവിൽ എഞ്ചിനീയ റിംഗ് പാസ്സായി. 2022-ൽ കട്ടപ്പന 20 ഏക്കറിൽ മഠത്തിനാൽ ടോണി വർഗീസ് വിവാഹം കഴിച്ചു. ഇവർ കുടുംബമായി കാനഡയിൽ താമസി ച്ച് ജോലി ചെയ്യുന്നു.

1454332 വർഗീസ് മാത്യുവിൻ്റെ മകൻ അലൻ മാത്യു വർഗീസ് (അ ലൻ) (ഏഴാം തലമുറ)

1998 ജൂലൈ 23-ാം തീയതി ജനിച്ചു. ബികോം ബിരുദം നേടിയ ശേഷം ഷാർജയിൽ ജോലി ചെയ്യുന്നു.

145434 മത്തായിയുടെ മൂന്നാമത്തെ മകൾ സൂസൻ മാത്യു (ബീന)

1969 ഫെബ്രുവരി 6-ാം തീയതി ജനിച്ചു. 1996 ഒക്ടോബർ 28-ാം തീയതി താമരക്കുളം വിളയിൽ റ്റി.പി.ഹൗസിൽ തോമസിൻ്റെ മകൻ

ജോൺസനെ വിവാഹം കഴിച്ചു.
14544 വർഗീസിന്റെ രണ്ടാമത്തെ മകൾ അന്നമ്മ
1936 ഡിസംബർ 20-ാം തീയതി ജനിച്ചു. ഇന്റർമീഡിയറ്റ് പാസ്സായ ശേഷം 1960 ജനുവരി 15-ാം തീയതി തുമ്പമൺ കടയ്ക്കാട്ട് കുളത്തിപ്പ ള്ളിൽ മത്തായിയുടെ മകൻ അഡ്വ. ഫിലിപ്പോസിനെ വിവാഹം കഴിച്ചു.
1455 ചെറിയാന്റെ രണ്ടാമത്തെ മകൻ എബ്രഹാം (പാപ്പി) (നാലാം തലമുറ)
1900 ഒക്ടോബർ 21-ാം തീയതി ജനിച്ചു. സാമാന്യ വിദ്യാഭ്യാസ ത്തിനുശേഷം 1921 ജനുവരി 30-ാം തീയതി കുഴിക്കാല കല്ലേത്ത് ഫിലിപ്പോസിന്റെ മകൾ ശോശാമ്മയെ വിവാഹം ചെയ്. എബ്രഹാം പൊതുകാര്യങ്ങളിൽ തല്പരനും സാമൂഹ്യ-സാംസ്കാരിക മേഖലക ളിലും, ഇടവക കുടുംബയോഗ പ്രവർത്തനങ്ങളിലും സജീവമായി പങ്കെ ടുത്തിരുന്നു. ഇടവകയുടെ കൈസ്ഥാനസമിതിയംഗമായും ട്രസ്റ്റിയായും സേവനമനുഷ്ഠിച്ചിരുന്ന എബ്രഹാം മലയിൽ കുടുംബയോഗകമ്മിറ്റി അംഗമായി ദീർഘകാലം പ്രവർത്തിക്കുകയും വൈസ് പ്രസിഡന്റ് പദവി വഹിക്കുകയും ചെയ്തു.
1976-ൽ അതിരുങ്കൽ വസ്തു സമ്പാദിച്ച് അവിടെ കുടുംബമായി താമസമാക്കി. 1981 ജൂലൈ 1-ാം തീയതി എബ്രഹാം നിര്യാതനായി. ഭാര്യ ശോശാമ്മ 1995 ഒക്ടോബർ 11-ാം തീയതി നിര്യാതയായി. ഇവർക്ക് ഒരു പുത്രൻ ജനിച്ചു.
14551 എബ്രഹാമിന്റെ മകൻ ചെറിയാൻ (ജോർജ്ജുകുട്ടി) (അഞ്ചം തലമുറ)
1934 ജൂൺ 1-ാം തീയതി ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം 1901 ജൂലൈ 13-ാം തീയതി കോഴഞ്ചേരി കോയിക്കലേത്ത് തോമസിന്റെ മകൾ കുഞ്ഞുമോളെ വിവാഹം കഴിച്ചു. അതിരുങ്കൽ കുടുംബസമേ തം താമസിച്ചിരുന്ന ഈ ദമ്പതികൾക്ക് മൂന്ന് പുത്രിമാരും രും ഒരു പുത്രനും ജനിച്ചു. ചെറിയാൻ 14/12/2024-ലും. അന്നമ്മ 19/09/2019-G1o നിര്യാതരായി.
ചെറിയാന്റെ മക്കൾ (ആറാം തലമുറ)
1. സൂസൻ ചെറിയാൻ
2. അന്നമ്മ ചെറിയാൻ
3. മേരി ചെറിയാൻ
4. ജൂലിയസ് ചെറിയാൻ
145511 ചെറിയാന്റെ മൂത്തമകൾ സുസൻ ചെറിയാൻ (സുജ)
1963 ഒക്ടോബർ 23-ാം തീയതി ജനിച്ചു. 1984 ഫെബ്രുവരി 28-ാം തീയതി എടത്വാ എട്ടിലൊന്നിൽ കുഞ്ഞൂഞ്ഞ്- പെണ്ണമ്മ ദമ്പതികളു ടെ മകൻ അലക്സാണ്ടർ വിവാഹം കഴിച്ചു.
145512 ചെറിയാന്റെ രണ്ടാമത്തെ മകൾ അന്നമ്മ ചെറിയാൻ (സുമ)
1965 ഏപ്രിൽ 27-ാം തീയതി ജനിച്ചു. 1990 ജനുവരി 20-ാം തീയതി

അതിരുങ്കൽ നിരവിൽ ഇട്ടി-ശോശാമ്മ ദമ്പതികളുടെ മകൻ മോൻസി വിവാഹം കഴിച്ചു.
145513 ചെറിയാൻ്റെ മൂന്നാമത്തെ മകൾ മേരി ചെറിയാൻ (സുധ)
1969 നവംബർ 25-ാം തീയതി ജനിച്ചു. 1995 ജനുവരി 27-ാം തീയതി കൊട്ടാരക്കര തെങ്ങുവിള അലക്സാണ്ടർ-അന്നമ്മ ദമ്പതികളുടെ മകൻ ഫിലിപ്പിനെക്കൊണ്ട് വിവാഹം കഴിപ്പിച്ചു.
145514 ചെറിയാൻ്റെ മകൻ ജൂലിയസ് ചെറിയാൻ (സാജൻ) (ആറാം തലമുറ)
1974 ഫെബ്രുവരി 9-ാം തീയതി ജനിച്ചു. ബിരുദധാരിയാണ്. സ്വഭവനത്തിൽ അതിരുങ്കൽ താമസിക്കുന്നു. കൃഷിക്കാരനാണ്. പുതുപ്പ ള്ളി കാലായിൽ പറമ്പിൽ കെ.ഐ. കുര്യൻ-സോമി കുര്യൻ ദമ്പതിക ളുടെ മകൾ ആഷ കുര്യനെ 27/10/2007-ൽ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് മക്കൾ.
ഏഴാം തലമുറ
1. ഫിയോണ ആൻ ജൂലിയസ്
2. ഫെയ്ൽ എ. ജൂലിയസ്
1455141 ജൂലിയസ് ചെറിയാൻറെ മകൾ ഫിയോണ ആൻ ജൂലിയസ് (ഏഴാം തലമുറ)
2010 ജൂൺ 22-ാം തീയതി ജനിച്ചു. വിദ്യാർഥിനിയാണ്
1455142 ജൂലിയസ് ചെറിയാൻ്റെ മകൻ ഫെയ്വൽ എ. ജൂലിയസ് (ഏഴാം തലമുറ)
2012 ഓഗസ്റ്റ് 20-ാം തീയതി ജനിച്ചു. വിദ്യാർഥിയാണ്.
1456 ചെറിയാൻറെ നാലാമത്തെ മകൾ ശോശാമ്മ
1902-ൽ ജനിച്ചു. 1916-ൽ പുത്തൻകാവിൽ തട്ടേൽ വർഗീസിനെ വി വാഹം കഴിച്ചു.
1457 ചെറിയാൻ്റെ മൂന്നാമത്തെ മകൻ ചെറിയാൻ (ഉണ്ണുണ്ണി) (നാലാം തലമുറ)
1904 ആഗസ്റ്റ് 21-ാം തീയതി ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് 1925 മേയ് 20-ാം തീയതി റാന്നി തേർവേലിൽ ഫിലിപ്പോസി ൻറെ മകൾ മറിയാമ്മയെ വിവാഹം ചെയ്തു. 1934-ൽ അക്കരക്കാലാ യിൽ മാറി താമസമാക്കിയ ചെറിയാൻ നല്ല കൃഷിക്കാരനും ശാന്തനും അസാധാരണ കായികശേഷിയുള്ള വ്യക്തിയുമായിരുന്നു. ചെറിയാൻ 1978 ഏപ്രിൽ 6-ാം തീയതിയും ഭാര്യ മറിയാമ്മ 1990 മാർച്ച് 18-ാം തീയതിയും നിര്യാതരായി. ഈ ദമ്പതികൾക്ക് 5 പുത്രന്മാർ ജനിച്ചു.
ചെറിയാന്റെ മക്കൾ (അഞ്ചാം തലമുറ)
1. ചെറിയാൻ
2. ഫിലിപ്പോസ്
3. വർഗീസ്

4. അബ്രഹാം
5. ചാക്കോ
14571 ചെറിയാന്റെ മുത്തമകൻ ചെറിയാൻ (ബേബി) (അഞ്ചാം തല മുറ)
1926 ഒക്ടോബർ 3-ാം തീയതി ജനിച്ചു. സ്കൂൾ ഫൈനൽ കഴിഞ്ഞ് ബോംബെയിൽ ജോലിയിൽ ഏർപ്പെട്ടു. 1954-ൽ ഇടനാട്ടിൽ മണക്കു പ്പിയിൽ പാപ്പിയുടെ മകൾ ശോശാമ്മയെ വിവാഹം ചെയ്തു. ബോം ബെയിലെ ജോലിയിൽ നിന്നും വിരമിച്ച് നാട്ടിൽ വന്ന് താമസമാ ക്കിയ ബേബി 1992 നവംബർ 18-ാം തീയതിയും ശോശാമ്മ 2023 ഒക്ടോ ബർ 16-ാം തീയതിയും നിര്യാതരായി.
145711 ബേബിയുടെ മകൾ മേരി ചെറിയാൻ (ആറാം തലമുറ)
1956 ഫെബ്രുവരി 3-ാം തീയതി ജനിച്ചു. എസ്.എസ്.എൽ.സി. പാസ്സായശേഷം 1977 ഏപ്രിൽ 25-ാം തീയതി കല്ലൂപ്പാറ പുളിയ്ക്കാ മണ്ണിൽ ജോർജ്ജിന്റെ മകൻ ബാബു വിവാഹം കഴിച്ചു.
14572 ചെറിയാൻറെ രണ്ടാമത്തെ മകൻ ഫിലിപ്പോസ് (അഞ്ചാം തല മുറ)
1928 ഒക്ടോബർ 22-ാം തീയതി ജനിച്ചു. 1953 നവംബർ 10-ാം തീയതി നിര്യാതനായി
14573 ചെറിയാന്റെ മൂന്നാമത്തെ മകൻ വർഗീസ് (തങ്കച്ചൻ) (അഞ്ചാം തലമുറ)
1935 മാർച്ച് 3-ാം തീയതി ജനിച്ചു. പ്രീയൂണിവേഴ്സിറ്റി പരീക്ഷ പാസ്സായശേഷം ആൻഡമാൻസിൽ ഗവൺമെന്റ് ഉദ്യോഗസ്ഥനായി ജോലി ചെയ്തു. 1962 ജൂൺ 18-ാം തീയതി അങ്ങാടിയ്ക്കൽ മേലേ പ്പുറത്ത് വർഗീസിന്റെ മകൾ കുഞ്ഞുമോളെ വിവാഹം കഴിച്ചു. ആൻഡ മാൻസിൽനിന്നും ജോലി കഴിഞ്ഞ് കുടുംബസമേതം നാട്ടിലെത്തി അക്കരക്കാലായിൽ താമസമാക്കിയ വർഗീസ് 1995 ഡിസംബർ 30-ാം തീയതിയും കുഞ്ഞുമോൾ 2026 ഫെബ്രുവരി 17-ാം തീയതിയും നിര്യാത രായി. വർഗീസ്-കുഞ്ഞുമോൾ ദമ്പതികൾക്ക് രണ്ട് പുത്രന്മാരും 2 പുത്രിമാരും ജനിച്ചു.
വർഗീസിന്റെ മക്കൾ (ആറാം തലമുറ)
1. ചെറിയാൻ വർഗീസ്
2. വർഗീസ് പി.വി.
3. മേരി വർഗീസ്
4. എലിസബേത്ത് വർഗീസ്
145731 വർഗീസിൻ്റെ മൂത്തമകൻ ചെറിയാൻ വർഗീസ് (സജി) (ആറാം തലമുറ)
1964 മേയ് 3-ാം തീയതി ജനിച്ചു. ബികോം പാസ്സായി ബിസിനസ്സ് ചെയ്യുന്നു. കോന്നി മങ്ങാരം ചരിവുകാലാപുത്തൻവീട്ടിൽ സി. മാത്യു -അന്നമ്മ

മാത്യു ദമ്പതികളുടെ മകൾ രമണി മാത്യുവിനെ (ലിസി) 30/04/1990ന് വിവാഹം ചെയ്തു. ലിസി എംഎ, എച്ച്ഡിസി പാസ്സായി 1995-ൽ ഗവൺമെൻ്റ് സെക്രട്ടറിയേറ്റിൽ ജോലിയിൽ പ്രവേശിച്ചു. ഐടി, വനം, റവന്യൂ, പൊതുഭരണം, ആഭ്യന്തരം, തദ്ദേശ സ്വയംഭരണം എന്നീ സുപ്രധാന വകുപ്പുകളിൽ വിവിധ ഗസറ്റഡ് തസ്തികകളിൽ സേവ നമനുഷ്ഠിച്ചു. 31/05/2022-ൽ സർവീസിൽനിന്നും ഗവൺമെന്റ് അഡീ ഷണൽ സെക്രട്ടറിയായി വിരമിച്ചു. ഓർത്തഡോക്സ്, മാർത്തോമ്മാ സഭകളുടെ അധീനതയിലുള്ള എയ്ഡഡ് കോളേജുകളിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനം സംബന്ധിച്ചുള്ള സെലക്ഷൻ കമ്മിറ്റി കളിലേക്കുള്ള സർക്കാർ നോമിനിയായി വളരെക്കാലം പ്രവർത്തിച്ചു. കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഡയറ ക്ടർ ബോർഡ് മെമ്പറായി പ്രവർത്തിച്ചു. റിട്ടയർമെൻ്റിനുശേഷം മാർ ത്തോമ്മാ സഭാമണ്ഡലം പ്രതിനിധി, മാർത്തോമ്മാ സഭാ കോർപ്പറേറ്റ്

PUNNAKKAD MALAYIL FAMILY HISTORY

Annamme Varghese, P.V Cheriyan, Remani Mathew, Christy Ann Cheriyan, Vimal Dany Varghese, Mizhi Susan Dany, Betsy Ann Cheriyan

മാനേജമെന്റ് സ്കൂൾ ഗവേണിംഗ് ബോർഡ് മെമ്പർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. ഇവർക്ക് രണ്ട് മക്കൾ.
ചെറിയാന്റെ മക്കൾ (ഏഴാം തലമുറ)
1. ക്രിസ്റ്റി ആൻ ചെറിയാൻ
2. ബെറ്റ്സി ആൻ ചെറിയാൻ
1457311 ചെറിയാന്റെ മൂത്തമകൾ ക്രിസ്റ്റി ആൻ ചെറിയാൻ (ക്രിസ്റ്റി)
1991 സെപ്റ്റംബർ 11-ാം തീയതി ജനിച്ചു. ബിടെക്, ട്രാൻസ്പോർട്ട് പ്ലാനിംഗിൽ മാസ്റ്റേഴ്സ് ബിരുദം നേടി. ദേശീയതലത്തിലുള്ള Prof. VN. Prasad National Best Thesis Award 2016-ൽ ലഭിച്ചു. ദുബയിൽ ജോലി ചെയ്യുന്നു. കോട്ടയം പാമ്പാടി മുള്ളനാംകുഴി വടക്കേടത്ത് റ്റി. ഡി. വർഗീസിന്റെ മകൻ വിമൽ ഡാനി വർഗീസിനെ വിവാഹം കഴിച്ചു.
1457312 ചെറിയാന്റെ രണ്ടാമത്തെ മകൾ അഡ്വ. ബെറ്റ്സി ആൻ ചെറിയാൻ (ഏഴാം തലമുറ)
1998 മാർച്ച് 21-ാം തീയതി ജനിച്ചു. കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ബിബിഎ, എൽഎൽബി പൂർത്തീകരിച്ചതിനുശേഷം University of Sheffield (UK)-യിൽ നിന്നും കോർപ്പറേറ്റ് & കൊമേഴ്സ്യൽ ലോ-യിൽ ബിരുദാനന്തര ബിരുദം നേടി. ദുബയിൽ ജോലി ചെയ്യുന്നു.
145732 വർഗീസിന്റെ രണ്ടാമത്തെ മകൻ വർഗീസ് പി.വി. (ബാബു ക്കുട്ടി)

(ആറാം തലമുറ)

1965 ഒക്ടോബർ 16-ാം തീയതി ജനിച്ചു. ബി.എസ്സി. പാസ്സായി ബിസിനസ്സ് ചെയ്തു. കോട്ടയം കഞ്ഞിക്കുഴി വാകശ്ശേരിൽ കുടുംബ ത്തിൽ പി. എ. ജോസഫ്-അമ്മുക്കുട്ടി ജോസഫ് ദമ്പതികളുടെ മകൾ വിൻസി വർഗീസിനെ (റിൻസി) 23-02-1998-ൽ വിവാഹം കഴിച്ചു. റിൻ സി പ്രീഡിഗ്രി പാസ്സായിട്ടുണ്ട്. ബിസിനസ്സ് ചെയ്യുന്നു. ബാബുക്കുട്ടി 10-08-2020-ൽ നിര്യാതനായി. ഇവർക്ക് ഒരു മകൻ.

1457321 ബാബുക്കുട്ടിയുടെ മകൻ അലൻ വർഗീസ് (അലൻ) (ഏഴാം തലമുറ)

2000 മേയ് 1-ന് ജനിച്ചു. ബി.എസ്.സി. ഫോറൻസിക് സയൻസ് പാസ്സായി. ഇപ്പോൾ ബിസിനസ്സ് ചെയ്യുന്നു.

145733 വർഗീസിൻ്റെ മൂത്തമകൾ മേരി വർഗീസ് (സുജ)

1970 ഡിസംബർ 4-ാം തീയതി ജനിച്ചു. 1994 മേയ് മാസം 11-ാം തീയതി കുമ്പഴ മൂലമുറിയിൽ കൊച്ചൂട്ടി-ലീലാമ്മ ദമ്പതികളുടെ മകൻ വിനു അലക്സാണ്ടർ വിവാഹം കഴിച്ചു.

166724 വർഗീസിന്റെ രണ്ടാമത്തെ മകൾ എലിസബേത്ത് വർഗീസ് (πυγκη)

1979 ഒക്ടോബർ 24-ാം തീയതി ജനിച്ചു. ബികോം കഴിഞ്ഞ് 2002 ഫെബ്രുവരി 2-ാം തീയതി വാകത്താനം കോച്ചേരിൽ വർക്കി-മേരി ക്കുട്ടി ദമ്പതികളുടെ ഫിലിപ്പ് വർക്കിയെ വിവാഹം കഴിച്ചു.

14574 ചെറിയാന്റെ നാലാമത്തെ മകൻ അബ്രഹാം (കൊച്ച്) (അഞ്ചാം തലമുറ)

1937 ജനുവരി 11-ാം തീയതി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസനന്തരം 1985 ഒക്ടോബർ 21-ാം തീയതി നാരങ്ങാനത്ത് മാവുങ്കൽ സ്കറിയായു ടെ മകൾ ഏലിയാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു പുത്രൻ ജനിച്ചു. അബ്രഹാം 22/09/2011-ാം തീയതി നിര്യാതനായി.

145741 അബ്രഹാമിൻ്റെ മകൻ ചെറിയാൻ എബ്രഹാം (കുഞ്ഞു മോൻ) (ആറാം തലമുറ)

1966 സെപ്റ്റംബർ 11-ാം തീയതി ജനിച്ചു. പ്രീഡിഗ്രി പാസ്സായ ശേഷം ഹൈദരാബാദിൽ ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നു. 199 ജനുവരി 28-ാം തീയതി വാകത്താനം മരോട്ടിമൂട്ടിൽ ജോർജ്ജിൻ്റെ മകൾ ഡോളിയെ വിവാഹം ചെയ്തു. ചെറിയാൻ-ഡോളി ദമ്പതികൾക്ക ഒരു പുത്രി ജനിച്ചു.

1457411 ചെറിയാൻ്റെ മകൾ ഹെപ്സിബ ഏലിസബേത്ത് ചെറിയാൻ (അച്ചുമോൾ) (ഏഴാം തലമുറ)

1995 ഡിസംബർ 27-ാം തീയതി ജനിച്ചു. ബിരുദധാരിയാണ്. മലയാ ലപ്പുഴ കയ്പ്പള്ളിയിൽ ജോൺ വിവാഹം കഴിച്ചു.

14575 ചെറിയാന്റെ അഞ്ചാമത്തെ മകൻ ചാക്കോ (അഞ്ചാം തലമുറ)

1946 ഡിസംബർ 14-ാം തീയതി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസ

ത്തിനുശേഷം ഐടിഐ പാസ്സായിട്ടുണ്ട്. കോഴഞ്ചേരി കോലത്ത് തോ ളൂർ മത്തായി വറുഗീസ്-കുഞ്ഞമ്മ വറുഗീസ് ദമ്പതികളുടെ മകൾ അന്നമ്മ ചാക്കോയെ 22/02/1979-ന് വിവാഹം കഴിച്ചു. എസ്. എസ്. എൽ.സി. പാസ്സായിട്ടുണ്ട്. ചാക്കോ 2009 മേയ് 9-ാം തീയതി നിര്യാത നായി. ഇവർക്ക് രണ്ട് മക്കൾ.

ചാക്കോയുടെ മക്കൾ (ആറാം തലമുറ)

1. ചെറിയാൻ എ.സി.

2 സുനോജ് സി. വർഗീസ്

145751 ചാക്കോയുടെ മൂത്തമകൻ ചെറിയാൻ എ.സി. (മനോജ്)

1980 സെപ്റ്റംബർ 30-ാം തീയതി ജനിച്ചു. എം.എസ്.സി. പാസ്സായി. മല്ലപ്പുഴശ്ശേരി പുലൂർ പുത്തൻവീട്ടിൽ ജോസഫ് മാത്യു-രജനി ദമ്പതി കളുടെ മകൾ റീജ റോസി മാത്യുവിനെ 30/01/2013-ന് വിവാഹം ചെയ്തു. റീജ എം.എസ്.സി. പാസ്സായി. ഇവർക്ക് ഒരു മകൻ.

1457511 ചെറിയാൻ എ.സി.യുടെ മകൻ ഹാബേൽ സി. ചെറിയാൻ (ഏഴാം തലമുറ)

2013 ഡിസംബർ 8-ാം തീയതി ജനിച്ചു. 6-ാം ക്ലാസ്സ് വിദ്യാർഥിയാണ്.

143752 ചാക്കോയുടെ ഇളയമകൻ സുനോജ് സി. വറുഗീസ് (കൊ ച്ചുമോൻ)

1984 നവംബർ 9-ാം തീയതി ജനിച്ചു. എം.എസ്.സി. ബയോ സ്റ്റാറ്റിക്സ് പാസ്സായി ഇപ്പോൾ ബാംഗ്ലൂരിൽ മരുന്ന് കമ്പനിയിൽ ഗവേ ണ വിഭാഗത്തിൽ ജോലി ചെയ്യുന്നു. മാവേലിക്കര ചെന്നിത്തല പുഞ്ച യിൽ ജേക്കബ് ഉണ്ണൂണ്ണി-അമ്മിണി ദമ്പതികളുടെ മകൾ ആഷു പി. ജേക്കബിനെ 30/08/2014-ന് വിവാഹം ചെയ്തു. ആഷു എഞ്ചിനീയ റിംഗ് പാസ്സായി ബാംഗ്ലൂരിൽ സോഫ്റ്റ്വെയർ എഞ്ചിനീയറായി ജോലി ചെയ്യുന്നു. സുനോജ് പൊതുപ്രവർത്തന രംഗത്ത് സജീവമായി പ്രവർത്തിക്കുന്നു. കൂടാതെ കോഴഞ്ചേരിയിൽ പെയിന്റ്, സ്റ്റീൽ, ഡോർ & വിൻഡോസ്. ലൈറ്റ് എന്നിവ വില്ക്കുന്ന കട നടത്തുന്നുണ്ട്. മലയിൽ കുടുംബയോഗം ചരിത്ര കമ്മറ്റിയംഗമായി പ്രവർത്തിക്കുന്നു. മർത്തോ മ്മാ സഭ ഭദ്രാസന അംഗമായും പ്രവർത്തിക്കുന്നു. ഇവർക്ക് മൂന്നു മക്കൾ.

ഏഴാം തലമുറ

1. ഇമ്മാനുവേൽ എസ്. ചാക്കോ

2. അഗ്നസ് അന്ന സുനോജ്

3. ഫെലിക്സ് ചാക്കോ സുനോജ്

1457521 സുനോജിന്റെ മുത്തമകൻ ഇമ്മാനുവേൽ എസ്. ചാക്കോ (ചാക്കോച്ചി) (ഏഴാം തലമുറ)

2019 ജനുവരി 8-ാം തീയതി ജനിച്ചു. വിദ്യാർത്ഥിയാണ്.

1457522 സുനോജിന്റെ മകൾ അഗ്നസ് അന്ന സുനോജ് (അന്ന) (ഏഴാംതലമുറ)

2024 ഏപ്രിൽ 30-ാം തീയതി ജനിച്ചു.
1457523 സുനോജിന്റെ ഇളയമകൻ ഫെലിക്സ് ചാക്കോ സുനോജ് (ഉണ്ണി) (ഏഴാം തലമുറ)
2024 ഏപ്രിൽ 30-ാം തീയതി ജനിച്ചു.
1458 ചെറിയാന്റെ നാലാമത്തെ മകൻ പി.സി. ചാക്കോ (നാലാം തലമുറ)
1906 ആഗസ്റ്റ് 27-ാം തീയതി ജനിച്ചു. ഇന്റർമീഡിയറ്റ് പാസ്സായശേഷം ബോംബെയിൽ ജോലിയിൽ ഏർപ്പെട്ടു. 1929 ഡിസംബർ 5-ാം തീയതി വെണ്ണിക്കുളത്ത് ഇടമുറിയിൽ ജോസഫിന്റെ മകൾ അന്നാമ്മയെ വിവാഹം കഴിച്ചു. പഠനത്തിലും സ്പോർസിലും സമർഥനായിരുന്ന ചാക്കോ ബോംബെയിലെ ബി.ഇ.എസ്.റ്റി., ടാറ്റാ ഓയിൽ കോർപ്പറേ ഷൻ, ഇന്ത്യൻ എയർലൈൻസ് എന്നീ സ്ഥാപനങ്ങളിൽ ജോലി ചെയ്ത ശേഷം വിരമിച്ച് അവിടെ സ്ഥിരതാമസമാക്കി. മലയിൽ കുടുംബയോഗം ബോംബെ യൂണിറ്റിന്റെ പ്രസിഡൻറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ചാക്കോ-അന്നമ്മ ദമ്പതികൾക്ക് ഒരു പുത്രനും ഒരു പുത്രിയും ജനിച്ചു. ചാക്കോ 2/11/1000-ലും, അന്നമ്മ 14/09/2000-ലും നിര്യാതരായി. ചാക്കോയുടെ മക്കൾ (അഞ്ചാം തലമുറ)
1. ജേക്കബ് ചെറിയാൻ
2. സൂസൻ
14581 ചാക്കോയുടെ മകൻ ജേക്കബ് ചെറിയാൻ (രാജൻ) (അഞ്ചാം തലമുറ)
1944 ഡിസംബർ 31-ാം തീയതി ജനിച്ചു. ഇന്ത്യൻ എയർലൈൻ സിൽ ഇലക്ട്രിക്കൽ എൻജിനീയറായി ജോലി ചെയ്തിരുന്ന ചെറിയാൻ 1964-ൽ തിരുവല്ല ആമല്ലൂർ മങ്ങാട്ട് മത്തായിയുടെ മകൾ വത്സയെ വിവാഹം കഴിച്ചു. ഇന്ത്യൻ എയർലൈൻസിൽ വിശിഷ്ട സേവനമനു ഷ്ഠിച്ച രാജൻ ഏവിയോണിക് ചീഫ് മാനേജർ എന്ന ഉയർന്ന പദവി യിലെത്തിയാണ് വിര വിരമിച്ചത്. ബോംബെ/ ബാംബെ/ കാനഡയിൽ സ്ഥിരതാമസ മാക്കിയിരുന്ന രാജൻ-വത്സ ദമ്പതികൾക്ക് രണ്ട് പുത്രിമാർ ജനിച്ചു.
രാജന്റെ മക്കൾ (ആറാം തലമുറ)
1. അന്നാ ജേക്കബ്
2. സൂസൻ ജേക്കബ്
145811 രാജന്റെ മൂത്തമകൾ അന്നാ ജേക്കബ് (ആനി)
1971 ഡിസംബർ 31-ാം തീയതി ജനിച്ചു. 1995 നവംബർ 23-ാം തീയതി ബോംബെയിലുള്ള തോമസിന്റെ മകൻ ഈപ്പൻ തോമസ് വിവാഹം കഴിച്ചു.
145812 രാജന്റെ രണ്ടാമത്തെ മകൾ സൂസൻ ജേക്കബ്
1977 മേയ് 2-ാം തീയതി ജനിച്ചു. ഓക്യുപ്പേഷണൽ തെറാപ്പിയിൽ പോസ്റ്റ് ഗ്രാജുവേറ്റ് ബിരുദധാരിയായ സൂസനെ ബോംബെയിലുള്ള ജോസഫിന്റെ

മകൻ ജോസഫ് വർഗീസ് വിവാഹം കഴിച്ചു.
14582 ചാക്കോയുടെ മകൾ സുസൻ
1951 ആഗസ്റ്റ് 26-ാം തീയതി ജനിച്ചു. വിദ്യാഭ്യാസാനന്തരം ബോംബെയിലുള്ള പെരേര വിവാഹം കഴിച്ചു.
146 വർഗീസിന്റെ നാലാമത്തെ മകൾ ഏലിയാമ്മ (മൂന്നാം തലമുറ)
1863-ൽ ജനിച്ചു. 1879-ൽ ചെറുകര കല്ലറവാളിക്കൽ ഏബ്രഹാമിന്റെ മകൻ ഏബ്രഹാം വിവാഹം കഴിച്ചു.
147 വർഗീസിന്റെ അഞ്ചാമത്തെ മകൾ അച്ചാമ്മ (മൂന്നാം തലമുറ)
1865-ൽ ജനിച്ചു. 1879-ൽ കണ്ണംകോട്ട് കൊച്ചുവീട്ടിൽ ചാണ്ടിയുടെ മകൻ ഈശോ വിവാഹം കഴിച്ചു.
148 വർഗീസിൻ്റെ ആറാമത്തെ മകൾ ആച്ചിയമ്മ (മൂന്നാം തലമുറ)
1867-ൽ ജനിച്ചു. 1881-ൽ ഇലന്തൂർ ചക്കാലയിൽ വർക്കിയുടെ മകൻ കോശി വിവാഹം കഴിച്ചു.
149 പുന്നൂരേത്ത് വർഗീസിൻ്റെ മൂന്നാമത്തെ മകൻ ഗീവർഗീസ് (മൂന്നാം തലമുറ)
1869 സെപ്റ്റംബർ 24-ാം തീയതി ജനിച്ചു. 1888 ജനുവരി 30-00 തീയതി മാരാമൺ മേമന തുണ്ടിയിൽ ചാണ്ടിയുടെ മകൾ ഏലിയാമ്മ യെ വിവാഹം ചെയ്തു. പിതൃഭവനത്തിൽ താമസമാക്കി. പുന്നക്കാട്ട് മാർത്തോമ്മാ പള്ളിയുടെ മുതൽപിടി ആയി കാൽനൂറ്റാണ്ടോളം പ്രശ നാമധേയത്തിലാണ് അറിയപ്പെട്ടിരുന്നത്. മലയിൽ കുടുംബയോഗത്തി സ്ത സേവനമനുഷ്ഠിച്ച 'ഗീവർഗീസ് മുതൽപിടിക്കാരൻ' എന്ന അപര എന്റെ രക്ഷാധികാരികളിൽ ഒരാളായിരുന്ന ഗീവർഗീസ്, 1956 ജൂൺ 15-ാം തീയതിയും ഭാര്യ ഏലിയാമ്മ 1944 ലും നിര്യാതരായി. ഗീവർഗീസ് - ഏലിയമ്മ ദമ്പതികൾക്ക് 4 പുത്രന്മാരും 2 പുത്രിമാരും ജനിച്ചു.
ഏലിയാമ്മ ഗീവർഗീസിന്റെ മക്കൾ (നാലാം തലമുറ)
1. തര്യൻ
2. മത്തായി
3. മറിയാമ്മ
4 അന്നമ്മ
5. ചെറിയാൻ
6. ചാക്കോ
1491 ഗീവർഗീസിൻ്റെ മൂത്തമകൻ തര്യൻ (നാലാം തലമുറ)
1893 ആഗസ്റ്റ് 15-ാം തീയതി ജനിച്ചു. സാമാന്യ വിദ്യാഭ്യാസം കഴിഞ്ഞ് 1904-ൽ കണ്ണംകോട് മണക്കാലായിൽ ഈശോയുടെ മകൾ സാറാമ്മ യെ വിവാഹം ചെയ്തു. 1926 ൽ ഇവർ കല്ലേലിൽ താമസമാക്കി. തര്യന്റെ ഭാര്യ സാറാമ്മ 1965 ഏപ്രിൽ 3-ാം തീയതി നിര്യാതയായി. 1989-ൽ തര്യൻ

നിര്യാതനായി. തര്യൻ-സാറാമ്മ ദമ്പതികൾക്ക് 2 പുത്രന്മാരും 3 പുത്രിമാരും ജനിച്ചു.

തര്യന്റെ മക്കൾ അഞ്ചാം തലമുറ

1. വർഗീസ്
2. മറിയാമ്മ
3. കുഞ്ഞമ്മ
4. ജോർജ്ജ്
5. സാറാമ്മ

14911 തര്യന്റെ മുത്തമകൻ വർഗീസ് (കുഞ്ഞച്ചൻ) (അഞ്ചാം തലമുറ)

1918 ഡിസംബർ 1-ാം തീയതി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസാനന്തരം 1940 മാർച്ച് 3-ാം തീയതി പ്രക്കാനത്ത് വെട്ടിക്കൂട്ടത്തിൽ കൊച്ചുകുഞ്ഞിന്റെ മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. കല്ലേലി മാർത്തോമ്മാ ഇടവക സ്ഥാപിക്കുന്നതിന് മുന്നിട്ടു പ്രവർത്തിച്ച വർഗീസ് ട്രസ്റ്റി, ആത്മായ ശുശ്രൂഷകൻ എന്നി നിലകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. സ്ഥലത്തെ വൈ. മലയിൽ കുടുംബയോഗ കമ്മിറ്റി അംഗമായി ദീർഘകാലമായി പ്രവർ ദീർഘം വർത്തിച്ചിട്ടുണ്ട് ഏലിയാമ്മ 1997 ഫെബ്രുവരി 11-ാം തീയതിയും തര്യൻ 2012 മാർച്ച് 7-ാം തീയതിയും നിര്യാതരായി തര്യൻ ഏലിയമ്മ ദമ്പതികൾക്ക് മൂന്നു പുത്രന്മാരും ഒരു പുത്രിയും ജനിച്ചു.

തര്യന്റെ മക്കൾ (ആറാം തലമുറ)

1. വർഗീസ് പി. തര്യൻ
2. ചാക്കോ
3. റവ.ജോർജ്ജ് വർഗ്ഗീസ്
4. സാറാമ്മ

149111 തര്യൻറെ മൂത്തമകൻ വർഗീസ് പി.തര്യൻ (ബേബി) ആറാം ത ലമുറ

1942 മാർച്ച് 12-ാം തീയതി ജനിച്ചു. എസ്.എസ്.എൽ.സി. പാസ്സാ യശേഷം ഡി.റ്റി.സി. പാസ്സായി ബോംബെയിൽ ടെലിഫോൺസിൽ ജോലി ലഭിച്ചു. 1972 ഏപ്രിൽ 24-ാം തീയതി ഇരവിപേരൂർ കുന്നത്തു വിവാഹം ചെയ്തു. വർഗീസ് കര നൈനാന്റെ മകൾ ആലീസിനെ വിവ ബോംബെയിലെ ജോലി ഉപേക്ഷിച്ച് അബുദാബിയിൽ ടെലിഫോൺ ഡിപ്പാർട്ടുമെന്റിൽ ദീർഘകാലം സേവനമനുഷ്ഠിച്ചു. ആലീസ് അബു ദബി ഗവണ്മെന്റ് ഹോസ്പിറ്റലിൽ സ്റ്റാഫ് നഴ്സ് ആയും ജോലി ചെയ്തു. വർഗീസ്-ആലീസ് ദമ്പതികൾക്ക് ഒരു ഒരു പുത്രനും ഒരു പുത്രിയും ജനിച്ചു. വർഗീസ് 14/03/2014-ലും ആലീസ് 26/08/2023-ലും നിര്യാതരായി.

വർഗീസിന്റെ (ബേബിയുടെ) മക്കൾ

(ഏഴാം തലമുറ)

1. റജി വർഗീസ്

2. ലിജി വർഗീസ്

1491111 ബേബിയുടെ മകൻ റജി വർഗീസ് (റജി) (ഏഴാംതലമുറ)

1976 നവംബർ 19-ാം തീയതി ജനിച്ചു. സി.എ., എം.ബി.എ. കരസ്ഥ മാക്കി ഇപ്പോൾ ദുബയിൽ ജോലി ചെയ്യുന്നു. ഓമല്ലൂർ തെക്കിനേത്ത് ജോൺ വർഗീസ്-ലീലാമ്മ ദമ്പതികളുടെ മകൾ ലിജിയെ 28/11/2005-ൽ വിവാഹം ചെയ്തു. ലിജി എം.എസ്സി., ബിഎഡ്. എന്നിവ കരസ്ഥ മാക്കി ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. ഇവർക്ക് രണ്ടുമക്കൾ.

എട്ടാം തലമുറ

1. സ്റ്റീവ് വർഗീസ് പുന്നൂരേത്ത്

2. അഭിഗേൽ എലിസബേത്ത് വർഗീസ്

14811111 റജി വർഗീസിൻ്റെ മകൻ സ്റ്റീവ് വർഗീസ് പുന്നൂരേത്ത് (എട്ടാം തലമുറ)

2007 ഒക്ടോബർ 2-ാം തീയതി ജനിച്ചു. എഞ്ചിനീയറിംഗ് വിദ്യാർഥിയാണ്.

14911112 റജി വർഗീസിൻ്റെ മകൾ അഭിഗേൽ എലിസബത്ത് വർഗീസ് (എട്ടാം തലമുറ)

2014 മേയ് 10-ാം തീയതി ജനിച്ചു. ആറാംക്ലാസ് വിദ്യാർഥിയാണ്.

1491112 ബേബിയുടെ മകൾ ലിജി വർഗീസ് (ലിജി)

1978 നവംബർ മാസം 19-ാം തീയതി ജനിച്ചു. ബി.എസ്.സി., എം.സി.എ. ബിരുദങ്ങൾ സമ്പാദിച്ചിട്ടുണ്ട്. 2002 ഒക്ടോബർ 21-ാം തീ യതി മാന്നാർ കടപ്ര കരുവേലിൽ തോമസ്-നിസ്സാമ്മ ദമ്പതികളുടെ മകൻ അബു തോമസ് വിവാഹം കഴിച്ചു.

19112 വർഗീസിന്റെ രണ്ടാമത്തെ മകൻ ചാക്കോ (രാജൻ) ആറാംതലമുറ

1945 മാർച്ച് മാസം 15-ാം തീയതി ജനിച്ചു. എസ്.എസ്.എൽ.സി.യും മെക്കാനിക്കൽ എഞ്ചിനിയറിംഗിൽ ഡിപ്ലോമയും പാസ്സായിട്ടുണ്ട്. 1976 ജനുവരി 19-ാം തീയതി അങ്കമാലി കൂരൻ വീട്ടിൽ വർക്കി-മറിയാമ്മ ദമ്പതികളുടെ മകൾ സിസിയെ വിവാഹം ചെയ്തു. ചാക്കോയും സിസി യും അബുദബിയിൽ ദീർഘകാലം ജോലി ചെയ്തശേഷം 2001-ൽ നാട്ടിൽ തിരിച്ചെത്തി കല്ലേലിൽ താമസിച്ചുവരവേ 2003 ജൂലൈ 4-ാം തീയതി സിസി നിര്യാതയായി. ചാക്കോ-സിസി ദമ്പതികൾക്ക് ഒരു പുത്രി ജനിച്ചു.

1491121 ചാക്കോയുടെ മകൾ സിനി എൽസാ ചാക്കോ (സിനി) (ഏഴാം തലമുറ)

1978 സെപ്റ്റംബർ 15-ാം തീയതി ജനിച്ചു. ബി.എസ്.സി., എം.ബി.എ. ബിരുദധാരിയായ സിനിയെ 2001 ഡിസംബർ 10-ാം തീയതി പാലയ് ക്കാട് തയംപാറ തുണ്ടിയിൽ കൊച്ചുകുഞ്ഞിൻ്റെ മകൻ സുനിൽ വിവാ ഹം

കഴിച്ചു.
149113 വർഗീസിൻ്റെ മൂന്നാമത്തെ മകൻ റവ, ജോർജ്ജ് വർഗ്ഗീസ് (ആറാം തലമുറ)

1948 മാർച്ച് 14-ാം തീയതി ജനിച്ചു. എം.എ. പാസ്സായശേഷം ജബൽ പൂർ വൈദിക കോളേജിൽ പഠിച്ചു ബി.ഡി. ബിരുദം സമ്പാദിച്ചു. 1975 ജൂൺ 14-ാം തീയതി മാർത്തോമ്മാ സഭയിലെ കശ്ശീശാ പട്ടമേറ്റ് വൈദിക വൃത്തിയിൽ പ്രവേശിച്ചു. 1977 ജൂൺ 23-ാം തീയതി തിരുവല്ല അമിച്ച ക്കരിയിൽ എൽ.റ്റി.വർഗീസ്-റേച്ചൽ ദമ്പതികളുടെ മകൾ ലൗലിയെ വിവാഹം ചെയ്തു. ബി.എ. ബി.എഡ്., ബിരുദധാരിയായ ലൗലി കല്ലേലി ജി.ജെ.എം.യു.പി. സ്കൂൾ അധ്യാപികയായിരുന്നു.
റവ.ജോർജ്ജ് വർഗ്ഗീസ് മാർത്തോമ്മാ സഭയിലെ ഗുജറാത്തിലെ വിവിധ ഇടവകകൾ, രാജ്കോട്ട്, കുറിയന്നൂർ ശാലേം, മുഖത്തല, കൂടൽ, കോന്നി പൂവൻപാറ, മല്ലശ്ശേരി, പത്തനംതിട്ട എന്നീ ഇടവകകളിൽ വികാരിയായി പ്രശംസാർഹമായ നിലയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.
റവ. ജോർജ്ജ് വർഗ്ഗീസ്-ലൗലി ദമ്പതികൾക്ക് രണ്ട് പുത്രിമാരും ഒരു പുത്രനും ജനിച്ചു. റവ. ജോർജ്ജ് വർഗീസ് 01/05/2025-ൽ നിവംഗര നായി.
റവ. ജോർജ്ജ് വർഗ്ഗീസിൻ്റെ മക്കൾ (ഏഴാം തലമുറ)
1. കൃപ എൽസാ ജോർജ്ജ്
2. രൂപ റയ്ച്ചൽ ജോർജ്ജ്
3. നിഥിൻ വർഗീസ് ജോർജ്ജ്
1491131 റവ. ജോർജ്ജ് വർഗീസിൻ്റെ മൂത്ത മകൾ കൃപ എൽസാ ജോർജ്ജ് (കൃപ)

1980 ഫെബ്രുവരി 17-ാം തീയതി തീയതി ജനിച്ചു. ബി.എസ്സി. നഴ്സിംഗ് പാസ്സായി. കുവൈറ്റ് ഗവൺമെൻ്റ് ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു. 2004 ജനുവരി 26-ാം തീയതി കൂടൽ കോലത്ത് ഏബ്രഹാം കോശി-മോളി ദമ്പതികളുടെ മകൻ ബിനോയ് വിവാഹം കഴിച്ചു. 1491132 റവ.ജോർജ്ജ് വർഗ്ഗീസിൻ്റെ രണ്ടാമത്തെ മകൾ രൂപ റയി ച്ചൽ ജോർജ്ജ് (രൂപ)

1981 ജൂലൈ 5-ാം തീയതി ജനിച്ചു. ബി.എ. ഡിഗ്രി പാസ്സായി. 2004 ഏപ്രിൽ 28-ാം തീയതി കൊച്ചി ചേരനല്ലൂർ കനകശ്ശേരി ജേക്കബ്-ആലീസ് ദമ്പതികളുടെ മകൻ അനിൽ ജേക്കബ് വിവാഹം കഴിച്ചു. 1491133 റവ.ജോർജ്ജ് വർഗ്ഗീസിൻ്റെ മകൻ നിഥിൻ വർഗീസ് ജോർ ജ്ജ് (നിഥിൻ) ഏഴാം തലമുറ

1989 മാർച്ച് 24-ാം തീയതി ജനിച്ചു. എം.ബി.എ. ബിരുദധാരിയാണ്. ബഹ്റൈനിൽ അക്കൗണ്ട്സ് വിഭാഗത്തിൽ ജോലി ചെയ്യുന്നു. കുമളി അണക്കര കലമാലിൽ ജോയി പൗലോസ്-സാലി ദമ്പതികളുടെ മകൾ ജോസി കെ. ജോയിയെ 11/05/2015-ൽ വിവാഹം കഴിച്ചു. എം.ബി.എ. ബിരുദധാരിയായ

ജോസി ബഹ്റൈനിൽ ഹ്യൂമൻ റിസോഴ്സ് വിഭാഗ ത്തിൽ ജോലി ചെയ്യുന്നു. ഇവർക്ക് രണ്ടുമക്കൾ.
എട്ടാം തലമുറ
1. നിയ
2 ദിയ
14911331 നിഥിൻ വർഗീസ് ജോർജ്ജിൻ്റെ മകൾ നിയ (എട്ടാം തലമുറ)
2016 ജൂലൈ 30-ാം തീയതി ജനിച്ചു. നാലാം ക്ലാസ് വിദ്യാർഥിനി
14911332 നിഥിൻ വർഗീസ് ജോർജ്ജിന്റെ രണ്ടാമത്തെ മകൾ ദിയ (എട്ടാം തലമുറ)
2019 ഓഗസ്റ്റ് 15-ാം തീയതി ജനിച്ചു. ഒന്നാംക്ലാസ്സിൽ പഠിക്കുന്നു.
49114 വർഗീസിൻ്റെ മകൾ സാറാമ്മ (റോസമ്മ)
1956 നവംബർ 30-ാം തീയതി ജനിച്ചു. ബി.എ. കഴിഞ്ഞ് 1980 നവം ബർ 10-ാം തീയതി പുനലൂർ ആറ്റുമാലി വരമ്പിൽ അബ്രഹാമിന്റെ മകൻ അനിയച്ചൻ വിവാഹം കഴിച്ചു.
14912 തര്യന്റെ മൂത്തമകൾ മറിയാമ്മ
1921 സെപ്റ്റംബർ 29-ാം തീയതി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് 1939 ൽ പുന്നക്കാട്ട് മേലത്തേതിൽ മുരുപ്പേൽ യോഹന്നാൻ്റെ മകൻ ജോൺ വിവാഹം കഴിച്ചു.
14913 തര്യന്റെ രണ്ടാമത്തെ മകൾ കുഞ്ഞമ്മ
1925 മേയ് 30-ാം തീയതി ജനിച്ചു. 1945 ജൂൺ 8-ാം തീയതി ഓമല്ലൂർ പാറയ്ക്കൽ തോമസ് കത്തനാരുടെ മകൻ തോമസ് വിവാഹം കഴിച്ചു. 14914 തര്യന്റെ രണ്ടാമത്തെ മകൻ ജോർജ്ജ് (കുഞ്ഞൂഞ്ഞ്) അഞ്ചാംതലമുറ
1928 ജനുവരി 31-ാം തീയതി ജനിച്ചു. സ്കൂൾ ഫൈനൽ പാസ്സായ ശേഷം ബോംബെയിൽ ജോലി ചെയ്തു. 1950 ഏപ്രിൽ 13-ാം തീയതി കാട്ടൂർ തേവർകാട്ടിൽ കോശിയുടെ മകൾ കുഞ്ഞൂഞ്ഞമ്മയെ വിവാഹം ചെയ്തു. ബോംബെയിൽ വോൾട്ടാസ് കമ്പിനിയിൽ 26 വർഷം ജോലി ചെയ്ത ജോർജ്ജ്, 1978 ഫെബ്രുവരി 23-ാം തീയതി നിര്യാതനായി. ജോർജ്ജ്-കുഞ്ഞൂഞ്ഞമ്മ ദമ്പതികൾക്ക് ഒരു പുത്രനും ഒരു പുത്രിയും ജനിച്ചു.
ജോർജ്ജിന്റെ മക്കൾ ആറാം തലമുറ
1. ഡോ. വർഗീസ് ജോർജ്ജ്
2 ഷാജി
149141 ജോർജ്ജിൻ്റെ മകൻ വർഗീസ് (ജോളി)
1956 ജൂലൈ 6-ാം തീയതി ജനിച്ചു. എം.എസ്സി. പാസ്സായശേഷം ബോംബെയിൽ കോളേജ് ലക്ചററായി ജോലിചെയ്തിരുന്ന ജോർജ്ജ് പി.എച്ച്.ഡി. ബിരുദം സമ്പാദിച്ച് Thadomol Shahani Engeering College A Chmistry വിഭാഗത്തിൽ Head of the Department ആയി സേവനം അനുഷ്ഠിച്ചിരുന്നു. ഡോ.

വർഗീസ് ജോർജ്ജ് എം.എം.എം. ബിരുദവും സമ്പാദിച്ചിട്ടുണ്ട്. EMerck Pharam Co-ൽ ജോലിചെയ്തു. 1986 സെപ്റ്റം ബർ 25-ാം തീയതി ബോംബെയിൽ സ്ഥിരതാമസമാക്കിയ പി.സി. തോമസിൻ്റെ മകൾ സൂസനെ വിവാഹം കഴിച്ചു. സൂസൻ സി.എ. പാസ്സാ യിട്ടുണ്ട്. വർഗീസ് 2024-ൽ നിര്യാതനായി. ഈ ദമ്പതികൾക്ക് രണ്ടു പുത്രിമാർ ജനിച്ചു.
വർഗീസിൻ്റെ മക്കൾ ഏഴാം തലമുറ
1. പ്രിയ മേരി ജോർജ്ജ്
2 നിഷമേരി ജോർജ്ജ്
1491411 വർഗ്ഗീസിൻ്റെ മുത്ത മകൾ പ്രിയ മേരി ജോർജ്ജ (ഏഴാം തലമുറ)
1987 ഓഗസ്റ്റ് 23-ാം തീയതി ജനിച്ചു.
1491412 വർഗ്ഗീസിന്റെ രണ്ടാമത്തെ മകൾ നിഷ മേരി ജോർജ് (ഏഴാം തലമുറ)
1993 ജൂൺ 12-ാം തീയതി ജനിച്ചു.
149142 ജോർജ്ജിൻ്റെ മകൾ ഷാജി (ആറാം തലമുറ)
1958 ആഗസ്റ്റ് 25-ാം തീയതി ജനിച്ചു. മാതാവും സഹോദരനുമൊപ്പം ബോംബെയിൽ താമസിക്കുന്നു.
14915 തര്യൻ മൂന്നാമത്തെ മകൾ സാറാമ്മ
1932 ഏപ്രിൽ 5-ാം തീയതി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞd
1949 ഏപ്രിൽ 12-ാം തീയതി കിഴക്കുപുറത്ത് പുലിമുഖത്ത് ഗീവർഗീസ് കത്തനാരുടെ മകൻ ഫിലിപ്പോസ് വിവാഹം കഴിച്ചു.
1492 ഗീവർഗീസിന്റെ രണ്ടാമത്തെ മകൻ മത്തായി (നാലാം തല മുറ)
1896 നവംബർ 16-ാം തീയതി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം 1911 ഫെബ്രുവരിയിൽ കോഴഞ്ചേരി കൊച്ചുതുണ്ടിയിൽ മാമ്മൻ മകൾ മറിയാമ്മയെ വിവാഹം ചെയ്തു. 1952-ൽ കല്ലേലിൽ താമസ മാക്കി. മത്തായി 1958 ആഗസ്റ്റ് 14-ാം തീയതിയും ഭാര്യ മറിയാമ്മ 1981 ജനുവരി 26-ാം തീയതിയും നിര്യാതരായി. മത്തായി-മറിയാമ്മ ദമ്പതികൾക്ക് ഒരു പുത്രിയും മൂന്ന് പുത്രന്മാരും ജനിച്ചു.
മത്തായിയുടെ മക്കൾ അഞ്ചാം തലമുറ
1. ഏലിയാമ്മ
2. വർഗീസ്
3. മാമ്മൻ
4. മാത്യു
14921 മത്തായിയുടെ മകൾ ഏലിയാമ്മ (തങ്കമ്മ)
1918 സ്പറ്റംബർ 20-ാം തീയതി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് 1937-ൽ ഇലന്തൂർ മുട്ടത്തിൽ മത്തായിയുടെ മകൻ സ്കറിയ വിവാഹം കഴിച്ചു.

14922 മത്തായിയുടെ മുത്തമകൻ വർഗീസ് (ജോർജ്ജ്) (അഞ്ചാം ത ലമുറ)

1921 ഏപ്രിൽ 27-ാം തീയതി ജനിച്ചു. എസ്.എസ്.എൽ.സി. പാസ്സായ ശേഷം ബോംബെയിൽ വോൾട്ടാസ് കമ്പനിയിൽ ജോലിയിൽ ഏർ പ്പെട്ടു. 1947 ഒക്ടോബർ 30-ാം തീയതി ഇടനാട്ടിൽ മണക്കുപ്പിയിൽ ഈപ്പൻറെ മകൾ തങ്കമ്മ വർഗീസിനെ വിവാഹം കഴിച്ചു. 35 വർഷം വോൾട്ടാസിൽ വിൽ സേവനമനുഷ്ഠിച്ചശേഷം വിരമിച്ച് ബോംബെയിൽ സ്ഥികനാമസമാക്കിയ ജോർജ്ജ് 1999 ജൂലൈ 29-ാം തീയതിയും തങ്കമ്മ വർഗീസ് 16.12.2016 ലും നിര്യതയായി ജോർജ് -തങ്കമ്മ ദമ്പതികൾക്ക് 3 പുത്രന്മാരും 1 പുത്രിയും ജനിച്ചു

ജോർജ്ജിന്റെ മക്കൾ (ആറാം തലമുറ)

1. റോയി വർഗീസ്
2. പ്രസാദ് വർഗീസ്
3. റൂബി വർഗീസ്
4 ജോർജ്ജ് വർഗീസ്

149221 ജോർജ്ജിന്റെ മൂത്തമകൻ റോയി വർഗീസ് (റോയി)

1952 മാർച്ച് 8-ാം തീയതി ജനിച്ചു. ബി.എ., എം.ബി.എ. ബിരുദധാരി യാണ്. 1982 സെപ്റ്റംബർ 6-ാം തീയതി കടമ്മനിട്ട കിഴക്കേപ്പറമ്പിൽ ജോർജ്ജിന്റെ മകൾ എൽസിയെ വിവാഹം ചെയ്തു. ബോംബെയിൽ ജോലി ചെയ്തിരുന്ന റോയിയും ഭാര്യയും പിന്നീട് കുവൈറ്റ്, മസ്ക്കറ്റ് എന്നീ വിദേശരാജ്യങ്ങളിലും ജോലിചെയ്തശേഷം യു.കെ.യിൽ താമസിക്കുന്നു. ജോർജ്ജ്-എൽസി ദമ്പതികൾക്ക് 1 പുത്രിയും ഒരു പുത്രനും ജനിച്ചു.

റോയിയുടെ മക്കൾ ഏഴാം തലമുറ

1.ഷാരൻ മേരി അലക്സാണ്ടർ
2. ബെൻസൻ റോയ് വർഗീസ്

1492211 റോയിയുടെ മകൾ ഷാരൻ മേരി അലക്സാണ്ടർ (ഷാരൻ) (ഏഴാം തലമുറ)

1983 ജൂൺ 30-ാം തീയതി ജനിച്ചു. ബി.ടെക്. എം.ബി.എ. ബിരുദ ധാരിയാണ്. പത്തനംതിട്ട അലക്സാണ്ടർ-ലീലാമ്മ ദമ്പതികളുടെ മകൻ ബിൻസിലിനെ 06/01/2011-ന് വിവാഹം ചെയ്തു. ഇവർ മുംബൈ യിൽ താമസിക്കുന്നു.

1492212 റോയിയുടെ മകൻ ബെൻസൻ റോയി വർഗീസ് (ബൻസ്) (ഏഴാം തലമുറ)

1986 സെപ്റ്റംബർ 24-ാം തീയതി ജനിച്ചു. ബെൻസൻ യു.കെ.യിൽ ജോലി ചെയ്യുന്നു.

149222 ജോർജ്ജിന്റെ രണ്ടാമത്തെ മകൻ പ്രസാദ് വർഗീസ് (പ്രസാദ്) (ആറാം

തലമുറ)

1955 നവംബർ 11-ാം തീയതി ജനിച്ചു. ബി.കോം. പാസ്സായശേഷം ലണ്ടനിൽ പോയി ഹോട്ടൽ മാനേജ്മെന്റ് കോഴ്സിൽ പരിശീലനം നെടി 1986 ഡിസംബർ 22-ാം തീയതി ഇരവിപേരൂർ മംഗലശ്ശേരിൽ ജോണിന്റെ മകൾ റാണിയെ വിവാഹം വിവ കഴിച്ചു. ബോംബെയിൽ ജോലിയിലായിരുന്ന പ്രസാദും റാണിയും അത് ഉപേക്ഷിച്ച് യു. എസ്.എ.യിൽ പോയി പ്രസാദ് ബാങ്കിലും റാണി സ്റ്റാഫ് നഴ്സായും ജോലി ചെയ്തതുകൊണ്ടിരിക്കുന്നു. കുടുംബമായി അമേരിക്കയിൽ താമസിക്കുന്ന ഈ ദമ്പതികൾക്ക് 1 പുത്രനും 1 പുത്രിയും ജനിച്ചു
പ്രസാദിന്റെ മക്കൾ ഏഴാം തലമുറ
1. ആരൻ പ്രസാദ്
2. റയ്ച്ചൽ പ്രസാദ്
1492221 പ്രസാദിന്റെ മകൻ ആരൻ പ്രസാദ് (ഏഴാംതലമുറ)

1988 ഒക്ടോബർ 6-ാം തീയതി ജനിച്ചു. അമേരിക്കയിൽ സർജനായി സേവനമനുഷ്ഠിക്കുന്നു. ആരൻ അമേരിക്കയിൽ ഡോക്ടറായ മെലിസ വർഗീസിനെ വിവാഹം ചെയ്തു. ഇവർക്ക് ഒരു മകൾ ജനിച്ചു.
14922211 ആരൻ പ്രസാദിന്റെ മകൾ ഇസ്ല ബീ വർഗീസ് (എട്ടാം തലമുറ)

2023 ഫെബ്രുവരി 5-ാം തീയതി ജനിച്ചു.
1492222 പ്രസാദിന്റെ മകൾ റയ്ച്ചൽ പ്രസാദ്

1993 ആഗസ്റ്റ് 30-ാം തീയതി ജനിച്ചു. അമേരിക്കയിൽ ഡോക്ടറായി സേവനം ചെയ്യുന്നു. ഭർത്താവ് ജസ്റ്റിൻ അലക്സാണ്ടർ അമേരിക്ക യിൽ സേവനം ചെയ്യുന്നു.

149223 ജോർജ്ജിന്റെ മകൾ റൂബി

1959-ൽ ജനിച്ചു. ബി.എ. ബിരുദധാരിയാണ്. 1990 ജൂൺ മാസം 14-ാം തീയതി മുംബൈയിലുള്ള പിന്റോയുടെ മകൻ ലാസ്സർ വിവാഹം കഴിച്ചു.
149224 ജോർജ്ജിന്റെ മൂന്നാമത്തെ മകൻ ജോർജ്ജ് വർഗീസ് (ജോർ ജ്ജി) (ആറാം തലമുറ)

1962 ജൂൺ 4-ാം തീയതി ജനിച്ചു. ബി.കോം. പാസ്സായി ബോംബെ യിൽ ജോലി ചെയ്യുന്നു. 1994 നവംബർ 17-ാം തീയതി ബോംബെയി ലുള്ള ജോർജ്ജ് ചെറിയാന്റെ മകൾ നമിതയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു പുത്രൻ ജനിച്ചു.
1492241 ജോർജ്ജിയുടെ മകൻ രോഹൻ ജോർജ്ജ് (രോഹൻ) (ഏഴാം തലമുറ)

1995 ആഗസ്റ്റ് 21-ാം തീയതി ജനിച്ചു.
14923 മത്തായിയുടെ രണ്ടാമത്തെ മകൻ മാമ്മൻ (കുഞ്ഞൂഞ്ഞ്) (ആറാം തലമുറ)

1927 മേയ് 19-ാം തീയതി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം മേക്കൊഴൂർ കുളങ്ങര തോമസിന്റെ മകൾ അന്നാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് 4 പുത്രിമാരും 2 പുത്രന്മാരും ജനിച്ചു. മാമ്മൻ 04/10/2023-നും ഭാര്യ അന്നമ്മ 18/11/2022-ലും നിര്യാതരായി.

മാമ്മന്റെ മക്കൾ ആറാം തലമുറ

1. മേരിക്കുട്ടി
2. മാത്യു മാമ്മൻ
3.ലീലാമ്മ
4.തോമസ് മാത്യു
5. ആനി
6.റെനി

149231 മാമ്മന്റെ മൂത്തമകൾ മേരിക്കുട്ടി

1949 മേയ് 2-ാം തീയതി ജനിച്ചു. ബി.എസ്.സി. ബി.എഡ്. പാസ്സാ യശേഷം 1977 ഫെബ്രുവരി 6-ാം തീയതി അടൂർ അറപ്പുരയ്ക്കൽ ഇട്ടി ച്ചെറിയായുടെ മകൻ കോശി വിവാഹം കഴിച്ചു.

149232 മാമ്മന്റെ മൂത്തമകൻ മാത്യു മാമ്മൻ (ജെയിംസ്) (ആറാം തലമുറ)

B1952 മേയ് 10-ാം തീയതി ജനിച്ചു. പഠിക്കാൻ സമർഥനായ മാത്യു 1972-ൽ ബി.എസ്സി. ഫസ്റ്റ് ക്ലാസിൽ പാസ്സായി. തുടർന്ന് തിരുവന ന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ പഠിച്ച് 1974-ൽ എം.എസ്സി. ഫസ്റ്റ് ക്ലാസിൽ പാസ്സായശേഷം ബോംബെയിൽനിന്നും ഡി.എച്ച്.ഇ. (ഡിപ്ലോമ ഇൻ ഹയർ എഡ്യൂക്കേഷൻ) സമ്പാദിച്ചു. മാത്യു 1977-ൽ ബോംബെ കസ്റ്റംസിൽ പ്രിവൻറീവ് ആഫീസറായി ജോലിയിൽ പ്രവേ ശിച്ചു. 1981 ഫെബ്രുവരി 26-ാം തീയതി ഉതിമൂട് കുളത്തിനാൽ ജോർ ജ്ജ്- ഏലിയാമ്മ ദമ്പതികളുടെ മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. മറിയാമ്മ എം.എസ്.സി. ബിരുദധാരിയാണ്. മാത്യു-മറിയാമ്മ ദമ്പതി മാർക്ക് രണ്ടുപുത്രിമാർ ജനിച്ചു.

വിദ്യാർഥി ആയിരിക്കുമ്പോൾതന്നെ രാഷ്ട്രീയത്തിൽ തല്പരനായി രുന്ന മാത്യു കെ.എസ്.യു. യൂത്ത് കോൺഗ്രസ്സ് പ്രവർത്തകനായിരു ന്നു. അരുവാപ്പുലം പഞ്ചായത്ത് കോൺഗ്രസ്സ് പ്രസിഡൻറ്, യൂണിവേഴ് സിറ്റി കോളേജ് എക്സിക്യൂട്ടീവ് കൗൺസിൽ മെമ്പർ തുടങ്ങിയ പദവി കൾ വഹിച്ചിട്ടുണ്ട്. ഔദ്യോഗിക ജീവിതത്തിൽ അനേകം കള്ളക്കട ത്തുകാരെ പിടികൂടുകയും, കള്ളക്കടത്തു സംഘങ്ങളെ കീഴ്പ്പെടുത്തു കയും ചെയ്ത്, കേന്ദ്ര ഗവൺമെൻറിൽനിന്നും വിശിഷ്ഠ സേവനത്തി നുള്ള അവാർഡുകളും പ്രശംസാപത്രങ്ങളും ലഭിച്ചിട്ടുണ്ട്. സാമൂഹിക സാംസ്കാരിക രംഗങ്ങളോടൊപ്പം ആധ്യാത്മിക പ്രവർത്തനങ്ങളിലും തല്പരനായ മാത്യു ബോംബെ മാരോൾ സെൻറ് സ്റ്റീഫൻസ് മാർത്തോ മ്മാ പള്ളി സ്ഥാപിക്കുന്നതിന് നേതൃത്വം നൽകുകയും, അതിന്റെ എല്ലാ ഔദ്യോഗിക

സ്ഥാനങ്ങളിലും സേവനമനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. മാരോളിലെ മലയാളി സംഘടനായ 'ഓടക്കുഴൽ' രൂപീകരിക്കുന്നതിന് നേതൃത്വം നൽകിയ മാത്യു അതിന്റെ സെക്രട്ടറി, ട്രഷറർ തുടങ്ങിയ ഔദ്യോഗിക ചുമതല സ്ഥാനങ്ങളിൽ പ്രവർത്തിക്കുകയും ചെയ്തിട്ടു ജെ. മാത്യു ബോംബെയിൽ കസ്റ്റംസ് ഓഫീസറായി ജോലി ചെയ്തു 2012 ൽ വിരമിച്ചു. എറണാകുളം മഹാരാജാസ് കോളേജിൽ പഠിച്ച് കെമിസ്ട്രിയിൽ രണ്ടാംറാങ്കോടുകൂടി എം.എസ്സി. പാസ്സായ മാത്യുവിന്റെ ഭാര്യ ഏലി യാമ്മയും മാരോൾ മാർത്തോമ്മാ ഇടവകസംബന്ധമായ കാര്യങ്ങളിലും മറ്റ് സാമൂഹ്യ-സാംസ്ക്കാരിക പ്രവർത്തനങ്ങളിലും സജീവമായി പങ്കെ ടുക്കുന്നുണ്ട്. മാത്യു കുടുംബസമേതം ബോംബെയിൽ താമസിക്കുന്നു. മാത്യുവിന്റെ മക്കൾ ഏഴാം തലമുറ

1. അഞ്ജു ആൻ മാത്യു
2. രഞ്ജു എല്ല മാത്യു

1492321 മാത്യുവിന്റെറെ മൂത്തമകൾ അഞ്ജു ആൻ മാത്യു (അഞ്ജു)

1982 ജൂലൈ 27-ാം തീയതി ജനിച്ചു. ഇലക്ട്രോണിക്സ് ആൻഡ് ടെലികമ്മ്യൂണിക്കേഷൻസ് എഞ്ചിനീയറിംഗ് MBA with specialization in Google Cloud Technology കരസ്ഥമാക്കി. സ്കൂൾ, കോളേജ്, തലത്തി ലും, ഇടവകയുമായി ബന്ധപ്പെട്ട വിവിധമത്സരങ്ങളിലും പങ്കെടുത്ത് വിജയിച്ച് നിരവധി ട്രോഫികളും സമ്മാനങ്ങളും അഞ്ജുവിനു ലഭി ച്ചിട്ടുണ്ട്. മുക്കത്ത് വാൻകരിമ്പിൽ ഡോ. ജോസ് മാമ്മൻറെ മകൻ വിമൽ മാമ്മനെ വിവാഹം ചെയ്തു. ഇവർ സൗത്ത് ആഫ്രിക്കയിൽ താമസി ക്കുന്നു.

1492322 മാത്യുവിന്റെ രണ്ടാമത്തെ മകൾ രഞ്ജു എല്ല മാത്യു (രെജു)

1985 മാർച്ച് 21-ാം തീയതി ജനിച്ചു. ബി.ടെക് SAS Programming Training ചെയ്തു. സ്കൂൾ, കോളേജ് തലത്തിലും ഇടവകയിലും വിവിധ മത്സരങ്ങളിൽ വിജയിച്ച് അനേകം സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും ലഭിച്ചിട്ടുള്ള രഞ്ജു ബോംബെയെ പ്രതിനിധീകരിച്ച് ജൂനിയർ കരോട്ടാ ചാമ്പ്യഷിപ്പ് മൽസരത്തിൽ പങ്കെടുത്ത് ഒന്നാംസ്ഥാനം കരസ്ഥാക്കി. മല്ലശ്ശേരി ചോളമംഗൽ വീട്ടിൽ തോമസ് എബ്രഹാമിന്റെ മകൻ സ്റ്റീവ് തോമസിനെ വിവാഹം ചെയ്ത് യു.എസ്.എ.യിൽ താമസിക്കുന്നു.

149233. മാമ്മന്റെ രണ്ടാമത്തെ മകൾ ലീലാമ്മ

1955 ജൂലൈ 15-ാം തീയതി ജനിച്ചു. ബി.എ. പാസ്സായശേഷം 1980 ഫെബ്രുവരി 11-ാം തീയതി തിരുവല്ല വാരിക്കാട്ട് വഴിമണ്ഡലത്ത് ജോസഫിന്റെ മകൻ കോശി വിവാഹം കഴിച്ചു.

149234 മാമ്മന്റെ രണ്ടാമത്തെ മകൻ തോമസ് മാത്യു (മോനച്ചൻ) (ആറാം തലമുറ)

1959 ഏപ്രിൽ 8-ാം തീയതി ജനിച്ചു. ബി.കോം. പാസ്സായശേഷം

ബോംബെയിൽ ബിസ്സിനസ്സിൽ ഏർപ്പെട്ടിരിക്കുന്നു. 1989 ജൂൺ 3-ാം തീയതി തിരുവല്ല ആമല്ലൂർ ഇടവപ്പറമ്പിൽ ബാബു ചാക്കോ-ഗ്രേസി ദമ്പതികളുടെ മകൾ അനിലയെ വിവാഹം കഴിച്ചു. ബി.എസ്.സി. ബി. എഡ്.. ബിരുദധാരിയായ അനില ബോംബെയിൽ ഹൈസ്കൂൾ അധ്യാപികയായി 30 വർഷം ജോലി ചെയ്തു. കുടുംബമായി ബോംബെ യിൽ താമസിക്കുന്ന ഈ ദമ്പതികൾക്ക് ഒരു പുത്രി ജനിച്ചു.

1492341 തോമസ് മാത്യുവിൻ്റെ മകൾ എമി അന്നതോമസ് (എമി)

1990 നവംബർ 17-ാം തീയതി ജനിച്ചു. മാസ് മീഡിയ കമ്മ്യൂണിക്കേഷനിൽ ഡിഗ്രി പാസ്സായശേഷം പരസ്യരംഗത്തുള്ള കമ്പനികളിൽ ജോലിചെയ്യുന്നു. തിരുവല്ല ചേരിയിൽ വീട്ടിൽ അനിയൻ ചാക്കോ-മറിയാമ്മ ചാക്കോ ദമ്പതികളുടെ മകൻ റോഷ് അനിയൻ 2017 ഒക്ടോബർ 16-ന് വിവാഹം കഴിച്ചു. ഇൻറർനാഷണൽ ബിസിനസ്സിൽ ബിരുദാനന്തരബിരുദം നേടിയ റോഷ് ദുബയിലെ ജോലിക്കുശേഷം കുടുംബമായി കാനഡയിൽ താമസിക്കുന്നു.

149235 മാമ്മൻ മൂന്നാമത്തെ മകൾ ആനി

1962 ഏപ്രിൽ 12-ാം തീയതി ജനിച്ചു. കോളേജ് വിദ്യാഭ്യാസം കഴിഞ്ഞ് 1984 മേയ് 17-ാം തീയതി തിരുവല്ല മാവേലിൽ ജേക്കബിന്റെ മകൻ സാബു വിവാഹം കഴിച്ചു.

149236 മാമ്മന്റെ നാലാമത്തെ മകൾ റെനി

1967 മാർച്ച് 30-ാം തീയതി ജനിച്ചു. ബി.എസ്.സി., ബി.എഡ്, ബിരുദധാരിയാണ്. 1991 നവംബർ 20-ാം തീയതി പുത്തൻകാവ് പുളിക്കേരിൽ ഡോ. കോശിയുടെ മകൻ ഡോ. വർഗീസ് കോശി വിവാഹം കഴിച്ചു. **14924 മത്തായിയുടെ മൂന്നാമത്തെ മകൻ മാത്യു (ബേബി) (അഞ്ചാം തലമുറ)**

1939 ജൂലൈ 1-ാം തീയതി ജനിച്ചു. ഇൻറർമീഡിയേറ്റ് പാസ്സായശേഷം ബോംബെയിൽ റെയിൽവേയിൽ ജോലിയിൽ ഏർപ്പെട്ടു. 1968 മേയ് 23-ാം തീയതി കുഴിക്കാല കുളത്തുങ്കൽ മുള്ളനാക്കുഴിയിൽ ഗീവർഗീസിന്റെ മകൾ ചിന്നമ്മയെ വിവാഹം ചെയ്തു. വെസ്റ്റേൺ റെയിൽവേ യിൽ ജോലിചെയ്തിരുന്ന മാത്യു 2000 ജൂൺ 30-ാം തീയതി സൂപ്രണ്ടാ യി ജോലിയിൽനിന്നും വിരമിച്ചു. സാൻറാക്രൂസ് മാർത്തോമ്മാ ഇടവക യുടെ കൈസ്ഥാന സമിതി അംഗമായി 38 വർഷമായി പ്രവർത്തിച്ചു. മാത്യൂഇടവകയുടെ വകയായി സ്ഥാപിച്ചിരിക്കുന്ന സെൻറ് തോമസ് മാർത്തോമ്മാ സ്കൂളിൻറെ അഡ്മിനിസ്ട്രേറ്ററായി പ്രവർത്തിച്ചിട്ടുണ്ട്. ഭദ്രാസന അസംബ്ലി മെമ്പറായും സേവനമനുഷ്ഠിച്ചിട്ടുള്ള മാത്യു ഇടവകയുടെ മറ്റ് സാമൂഹ്യപ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്തു വരുന്നു. മലയിൽ കുടുംബത്തിൻറെ ബോംബെ യൂണിറ്റിൻറെ കമ്മിറ്റി മെമ്പർ, സെക്രട്ടറി, ട്രഷറർ എന്നീ ചുമതലകളും ഇദ്ദേഹം വഹിച്ചിരുന്നു. മാത്യു-ചിന്നമ്മ ദമ്പതികൾക്ക്

ഒരു പുത്രനും ഒരു പുത്രിയും ജനിച്ചു. 2/07/2009-ന് നിര്യാതനായി.

മാത്യുവിൻറെ മക്കൾ ആറാം തലമുറ

1. മെറിന മാത്യു
2. ബോബി മാത്യു

149241 മാത്യുവിൻറെ മകൾ മെറിന മാത്യു (മെറിന)

1974 മാർച്ച് 28ാം തീയതി ജനിച്ചു. എം.കോം പാസ്സായി കമ്പ്യൂട്ടർ ഡിപ്ലോമയും കരസ്ഥമാക്കിയശേഷം ബോംബെയിൽ ജോലിചെയ്യ 19742) 28-30 se ന്നു. പഠനത്തിൽ സമർഥയായ മെറിന സ്കൂൾ-കോളേജ് തലത്തിൽ ള്ള എല്ലാ പരീക്ഷകളിലും ഉയർന്ന മാർക്ക് വാങ്ങിയാണ് വിജയിച്ചത് വിദ്യാലയങ്ങളിലും ഇടവകയിലും നടന്നിട്ടുള്ള വിവിധ മത്സരങ്ങളിൽ വിജയിച്ച് അനേകം സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും കരസ്ഥമാക്കു കയും ചെയ്തിട്ടുണ്ട്.

149242 മാത്യുവിൻറെ മകൻ ബോബി മാത്യു (ബോബി) (ആറാംതലമുറ)

15523221 ബിജു മകൻ ജസ്റ്റിൻ ബിജു (ജസ്റ്റിൻ)

2011 ഒക്ടോബർ 27-ാം തീയതി ജനിച്ചു. 9-ാം സ്റ്റാൻഡേർഡിൽ പഠിക്കുന്നു.

15523222 ബിജു മകൾ ബെറ്റി ബിജു (ബെറ്റി)

2011 ഒക്ടോബർ 27-ാം തീയതി ജനിച്ചു. 9-ാം സ്റ്റാൻഡേർഡിൽ പഠിക്കുന്നു.

1552323 എം.എ. സകറിയായുടെ മകൾ എം.എസ്. ബീന (ബീന)

1980 മേയ് 23-ാം തീയതി ജനിച്ചു. പി.ഡി.സി.യും കമ്പ്യൂട്ടർ കോഴ്സും കഴിഞ്ഞതിനുശേഷം യു.പി.സ്കൂളിൽ കമ്പ്യൂട്ടർ പഠിപ്പിച്ചു. 2005 ഡിസംബർ 26-ാം തീയതി കൊടുമൺ പരവളളിൽ പുത്തൻവീട്ടിൽ ജോസഫ്-കുഞ്ഞൂഞ്ഞമ്മ ദമ്പതികളുടെ മകൻ പ്രകാശ് ജോസഫ്

1553233 റ്റി. എസ്. എബ്രഹാമിൻറെ മകൻ എം.എ. ജോർജ്ജുകുട്ടി (ജോർജ്ജുകുട്ടി)

1952 ഡിസംബർ 17-ാം തീയതി ജനിച്ചു. 1983 ജൂലൈ 14-ാം തീ യതി ചിറ്റാർ വയ്യാറ്റുപുഴ നെടുംപതാലിൽ ജോർജ്ജ് വർഗീസ്- റേച്ചൽ ദമ്പതികളുടെ മകൾ അമ്മിണിക്കുട്ടി ജോർജ്ജിനെ (ജസി) വിവാഹം ചെയ്തു. ഇരുവരും 30 വർഷം ഡെൽഹിയിൽ ജോലി ചെയ്തു. ഇപ്പോൾ വകയാറിൽ വിശ്രമജീവിതം നയിക്കുന്നു. അവർക്ക് ഒരു മകനും ഒരു മകളും ജനിച്ചു.

എം. എ. ജോർജ്ജുകുട്ടിയുടെ മക്കൾ (ഏഴാം തലമുറ)

1552331 ജിജോ ജോർജ്ജ്

1552332 ജനി ജോർജ്ജ്

1552331 മകൻ ജിജോ ജോർജ്ജ് (ജിജോ)

1984 ഏപ്രിൽ 16-ാം തീയതി ജനിച്ചു. ബികോം പാസ്സായശേഷം ഹോട്ടൽ മാനേജ്മെൻറിൽ ബിരുദം നേടി. തുടർന്ന് ഹോട്ടൽ മാനേജർ ആയി ചൈന, നൈജീരിയ എന്നീ രാജ്യങ്ങളിൽ ജോലി ചെയ്തു. 2012 ഒക്ടോബർ 13-ാം തീയതി ഓമല്ലൂർ ചക്കാലേത്ത് വർഗീസ് ജെ യിംസ് -അന്നക്കുട്ടി ദമ്പതികളുടെ മകൾ അഞ്ജു വർഗീസിനെ (ആ ഞ്ജു) വിവാഹം ചെയ്തു. അഞ്ജു ബി.എസ്.സി. നഴ്സിംഗ് പാസ്സാ യിട്ടുണ്ട്. ഇരുവരും കുടുംബസമേതം അയർലൻഡിൽ ജോലി ചെയ് തുവരുന്നു. ജിജോ അയർലൻഡിൽ ചെന്നശേഷം ഹെൽത്ത് കെയർ ഗിവർ പഠനശേഷം ഇപ്പോൾ കെയർഗിവർ ആയി ജോലി ചെയ്യുന്നു.അവർക്ക് ഒരു മകനും ഒരു മകളും ജനിച്ചു.

ജിജോയുടെ മക്കൾ (എട്ടാം തലമുറ)

15523311 അലക്സിയ ജിജോ ജോർജ്ജ്

15523312 എയ്ഡൻ ജിജോ ജോർജ്ജ്

15523311 മകൾ അലക്സിയ ജിജോ ജോർജ്ജ് (അലക്സിയ)

2014 സെപ്റ്റംബർ 30-ാം തീയതി ജനിച്ചു. ഇപ്പോൾ 5-ാം സ്റ്റാൻ

ഡേർഡിൽ പഠിക്കുന്നു.
15523312 മകൻ എയ്ഡൻ ജിജോ ജോർജ്ജ് (എയ്ഡൻ)
2017 ഒക്ടോബർ 30-ാം തീയതി ജനിച്ചു. ഇപ്പോൾ 2-ാം സ്റ്റാൻഡേർഡിൽ പഠിക്കുന്നു.
1552332 ജോർജ്ജുകുട്ടിയുടെ മകൾ ജനി ജോർജ്ജ് (ജനി)
1989 ജനുവരി 26-ാം തീയതി ജനിച്ചു. ബി.എസ്.സി. നഴ്സിംഗ് പാസ്സായി. 2017 ഫെബ്രുവരി 26-ാം തീയതി തൃശ്ശൂർ കളത്തിൽ തോമസ് മാത്യു-തങ്കമ്മ ദമ്പതികളുടെ മകൻ സൂരജ് തോമസ് (സൂരജ്) വിവാഹം കഴിച്ചു.
155234 റ്റി.എസ്. എബ്രഹാമിന്റെ മകൻ എം.എ. ഫിലിപ്പ് (ബാജി)
1955 മാർച്ച് 23-ാം തീയതി ജനിച്ചു. കോന്നിയിൽ തടിവ്യാപാരം നടത്തിയിരുന്നു. ഇപ്പോൾ ഭവനത്തിൽ വിശ്രമിക്കുന്നു. 1981 ഫെബ്രുവരി 5-ാം തീയതി കല്ലേലി വാളിക്കൽ മത്തായി-പൊടിയമ്മ ദമ്പതികളുടെ മകൾ തങ്കമ്മ മത്തായിയെ (തങ്കമ്മ) വിവാഹം ചെയ്തു. അവർക്ക് ഒരു മകനും ഒരു മകളും ജനിച്ചു.
എം. എ. ഫിലിപ്പിന്റെ മക്കൾ (ഏഴാം തലമുറ)
1552341 ബൈജു ഫിലിപ്പ്
1552342 ബിജി ഫിലിപ്പ്
1552341 മകൻ ബൈജു ഫിലിപ്പ് (ബൈജു)
1982 നവംബർ 24-ാം തീയതി ജനിച്ചു. ഹെവി ഡ്യൂട്ടി ഡ്രൈവറായി ജോലി ചെയ്യുന്നു. 2010 ജൂൺ 14-ാം തീയതി വകയാർ ഐരിയിൽ എൻ.കെ.ജോയി-ഡെയ്സി ദമ്പതികളുടെ മകൾ ജിബി ജോയ്മെയെ (ജാൻ സി) വിവാഹം ചെയ്തു. ജാൻസി പ്ലസ്ടു പാസ്സായിട്ടുണ്ട്. അവർക്ക് രണ്ട് പുത്രന്മാർ ജനിച്ചു.
ബൈജുവിന്റെ മക്കൾ (എട്ടാം തലമുറ)
15523411 ബിനിൽ ബൈജു
15523412 നിബിൽ ബൈജു
15523411 മകൻ ബിനിൽ ബൈജു (ബിനിൽ)
2012 ഏപ്രിൽ 17-ാം തീയതി ജനിച്ചു. 9-ാം സ്റ്റാൻഡേർഡിൽ പഠിക്കുന്നു.
15523412 മകൻ നിബിൽ ബൈജു (നിബിൽ)
2015 ഒക്ടോബർ 17-ാം തീയതി ജനിച്ചു. 5-ാം സ്റ്റാൻഡേർഡിൽ പഠിക്കുന്നു.
1552342 എം.എ. ഫിലിപ്പിന്റെ മകൾ ബിജി ഫിലിപ്പ് (ബിജി)
1985 മേയ് 20-ാം തീയതി ജനിച്ചു. നഴ്സിംഗ് പഠനത്തിനുശേഷം 2010 ജനുവരി 28-ന് പൂങ്കാവ് പുതിയമേലേതിൽ ജോയ്-കുഞ്ഞമ്മ ദമ്പതികളുടെ

മകൻ പി.ജെ. റോയ് (റോയ്) വിവാഹം കഴിച്ചു.
184235 റ്റി.എസ്. എബ്രഹാമിന്റെ മകൻ എം.എ. സണ്ണി (സണ്ണി)
1948 മാർച്ച് 3-ാം തീയതി ജനിച്ചു. എസ്.എസ്.എൽ.സി. പാസ്സായ തിനുശേഷം ഇറാഖ്, കാശ്മീർ എന്നിവിടങ്ങളിൽ ജോലി ചെയ്തു. 1988 ഫെബ്രുവരി 2-ാം തീയതി കൂടൽ നെടുമങ്കാവ് പെരുമല പുത്തൻ വീട്ടിൽ കോശി യോഹന്നാൻ-അമ്മിണി ദമ്പതികളുടെ മകൾ പി.വെ. റോസമ്മയെ (റോസമ്മ) വിവാഹം ചെയ്തു. അവർക്ക് ഒരു പുത്രനും ഒരു പുത്രിയും ജനിച്ചു.
എം.എ. സണ്ണിയുടെ മക്കൾ (ഏഴാം തലമുറ)
1552351 സുമി എം. സണ്ണി
1552352 സുബിൻ എം. സണ്ണി

1552351 മകൾ സുമി എം. സണ്ണി (സുമി)
1988 സെപ്റ്റംബർ 7-ാം തീയതി ജനിച്ചു. പ്ലസ്ടു പാസ്സായശേഷം സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കരസ്ഥമാക്കി. 2014 ഒക്ടോബർ 20-ാം തീയതി വകയാർ കുളത്തുങ്കൽ നെടിയകാലായിൽ എൻ. മത്തായി -സൂസമ്മ ദമ്പതികളുടെ മകൻ എൻ.എം.അനീഷ് (സോമു) വിവാഹം
1552352 മകൻ സുബിൻ എം. സണ്ണി (സുബിൻ)
1990 നവംബർ 12-ാം തീയതി ജനിച്ചു. പ്ലസ്ടു പാസ്സായശേഷം കമ്പ്യൂട്ടർ എഞ്ചിനീയറിംഗിൽ ഡിപ്ലോമ പാസ്സായി. ഇപ്പോൾ ദുബ യിൽ ജോലി ചെയ്യുന്നു. 2021 ജനുവരി 30-ാം തീയതി തേക്കുതോട് നെടിയകാലാ മണ്ണിൽ എൻ.ജെ.തങ്കച്ചൻ-റേച്ചൽ ദമ്പതികളുടെ മകൾ തനുഷ മേരി തങ്കച്ചനെ (തനുഷ) വിവാഹം ചെയ്തു. ബി.എസ്.സി. നഴ്സിംഗ് പാസ്സായ തനുഷ ദുബയിൽതന്നെ നഴ്സായി ജോലി ചെയ്യുന്നു.
15524 സ്കറിയയുടെ മകൻ റ്റി.എസ്. ജോൺ (ജോണി)
1925 ജനുവരി 17-ാം തീയതി ജനിച്ചു. 1944 ഏപ്രിൽ 7-ാം തീയതി പൂവൻപാറ ചിറ്റുവത്ത് എബ്രഹാമിന്റെ മകൾ ചിന്നമ്മയെ വിവാഹം ചെയ്തു. ഇവർക്ക് മൂന്ന് പുത്രന്മാരും രണ്ട് പുത്രിമാരും ജനിച്ചു. ജോണി 2000 സെപ്റ്റംബർ 26-ാം തീയതിയും ചിന്നമ്മ 2012 ഏപ്രിൽ 14-ാം തീ യതിയും നിര്യാതരായി.
റ്റി. എസ്. ജോണിന്റെ മക്കൾ (ആറാം തലമുറ)
155241 എം.എസ്. ജോർജ്ജ്
155242 എം.എസ്. മറിയാമ്മ
155243 എം.എസ്. സൂസമ്മ
155244 എം.എസ്. ഏബ്രഹാം
155245 എം.ജെ. ശമുവേൽ

155241 മകൻ എം. എസ്. ജോർജ്ജ് (കുഞ്ഞുമോൻ)

1947 ജൂൺ 22-ാം തീയതി ജനിച്ചു. ബോംബെയിൽ ഏറെനാൾ ജോലി ചെയ്തു. 1988 ജനുവരി 27-ാം തീയതി കോന്നി ചിറ്റൂർമുക്ക് പാറയ്ക്കൽ ഡേവിഡിന്റെ മകൾ ഓമനയെ വിവാഹം ചെയ്തു. അവർക്ക് ഒരു മകനും ഒരു മകളും ജനിച്ചു. ഓമന 2002 സെപ്റ്റംബർ 8-ാം തീയതി നിര്യാതയായി. കുഞ്ഞുമോൻ തിരികെ നാട്ടിലെത്തി വകയാറിൽ താമസിക്കുന്നു.

എം.എസ്. ജോർജ്ജിന്റെ മക്കൾ (ഏഴാം തലമുറ)

1552411 ജീനാ മേരി ജോർജ്ജ്

1552412 ജിതിൻ ജോർജ്ജ്

1552411 മകൾ ജീന മര്യാദ ജോർജ് (ജീന)

1990 ഫെബ്രുവരി 24-ാം തീയതി ജനിച്ചു. അഞ്ചാം സ്റ്റാൻഡേർഡിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ 2002 ജൂൺ 17-ാം തീയതി അകാല ചരമം അടഞ്ഞു. നാഗപ്പൂരിൽ അടക്കം ചെയ്തു.

1552412 മകൻ ജിതിൻ ജോർജ്ജ് (ജിബു)

1993 ഡിസംബർ 16-ാം തീയതി ജനിച്ചു. ബിബിഎ പാസ്സായശേഷം ബോംബെയിൽ ഓയിൽ കമ്പനിയിൽ ജോലി ചെയ്യുന്നു. 193242 റ്റി.എസ്. ജോണിന്റെ മകൾ എം.എസ്. മറിയാമ്മ (മോളി) 1950 ഏപ്രിൽ 24-ാം തീയതി ജനിച്ചു. 1972 സെപ്റ്റംബർ 15-ാം തീയതി പത്തനാപുരം ചരുവിള പുത്തൻവീട്ടിൽ ജോസഫിന്റെ മകൻ എബ്രഹാം വിവാഹം കഴിച്ചു.

153243 റ്റി.എസ്. ജോണിന്റെ മകൾ എം.എസ്. സൂസമ്മ (സുസമ്മ)

1954 ഒക്ടോബർ 2-ാം തീയതി ജനിച്ചു. 1978 മേയ് 8-ാം തീയതി കൂടൽ മട്ടയ്ക്കൽ ഉമ്മന്റെ മകൻ എബ്രഹാം വിവാഹം കഴിച്ചു.

155244 റ്റി.എസ്. ജോണിന്റെ മകൻ എം.എസ്. എബ്രഹാം (ബാബു)

1957 സെപ്റ്റംബർ 10-ാം തീയതി ജനിച്ചു. SSLC വരെ പഠിച്ചു. ഇ പ്പോൾ വകയാറിൽ ബിസിനസ് ചെയ്യുന്നു. 1987 ആഗസ്റ്റ് 24-ാം തീയതി അതിരുങ്കൽ മാമൻറയ്യത്ത് എം.കെ. ചെറിയാൻ-മറിയാമ്മ ദമ്പതികളു ടെ മകൾ എം.സി.വത്സമ്മയെ (വത്സമ്മ) വിവാഹം ചെയ്തു. വത്സമ്മ പി.ഡി.സി. പാസ്സായിട്ടുണ്ട്. അവർക്ക് ഒരു മകനും ഒരു മകളും ജനിച്ചു.

എം.എസ്. എബ്രഹാമിന്റെ മക്കൾ ((ഏഴാം തലമുറ)

1552441 ബിൻസി സാറാ എബ്രഹാം

1552442 ബിജോ ജെ. എബ്രഹാം

1552441 മകൾ ബിൻസി സാറാ എബ്രഹാം (ബിൻസി)

1988 ഡിസംബർ 31-ാം തീയതി ജനിച്ചു. ബി.എസ്.സി. നഴ്സിംഗ് പാസ്സായശേഷം 2015 ഒക്ടോബർ 12-ാം തീയതി പത്തനാപുരം പിടവൂർ മലയിൽ ആലുംമൂട്ടിൽ പി.വി.വർഗീസ്-ശോശാമ്മ ദമ്പതികളുടെ മകൻ

സിബിൻ വർഗീസ് (സിബിൻ) വിവാഹം കഴിച്ചു.
1552442 മകൻ ബിജോ ജെ. എബ്രഹാം (ബിജോ)
1994 മാർച്ച് 27-ാം തീയതി ജനിച്ചു. ബിടെക്. പാസ്സായശേഷം ഇ പ്പോൾ അബുദാബിയിൽ ഓയിൽ കമ്പനിയിൽ ജോലി ചെയ്യുന്നു.
155245 റ്റി.എസ്. ജോണിൻ്റെ ഇളയ മകൻ എം.ജെ. ശമുവേൽ (ഷാജി)
1964 മേയ് 25-ന് ജനിച്ചു. SSLC പാസ്സായശേഷം കുറെനാൾ പൂനെയിൽ ജോലി ചെയ്തു. ഇപ്പോൾ നാട്ടിൽ വിശ്രമജീവിതം നയി ക്കുന്നു. 1996 ജൂലൈ 25-ാം തീയതി ഊന്നുകൽ തുണ്ടിയിൽ കെ.സി.മത്തായി മേരി മകൾ മിന്നി മാത്യുവിനെ (മിനി) വിവാഹം ചെ മിനി പിഡിസി പാസ്സായിട്ടുണ്ട്. അവർക്ക് ഒരു മകനും ഒരു കേന്ദ ജനിച്ചു.
എം. ജെ. ശമുവേലിൻ്റെ മക്കൾ (ഏഴാം തലമുറ)
1552451ജിഷ സാം
1652452 ജിതിൻ ശമുവേൽ
1552451 മകൾ ജിഷ സാം (ജിഷ)
1997 സെപ്റ്റംബർ 29-ാം തീയതി ജനിച്ചു. ബി.എസ്.സി. നഴസിക് 2025 നവംബർ 22-ാം തീയതി അമ്പലക്കര ക്കൽ വാഴവിള പാസ്സായശേഷം 202 യിൽ ഷിബു സി. ജേക്കബ്-സുജ ദമ്പതികളുടെ മകൻ ജിബിൻ എസ്. ജേക്കബ് (ജിബിൻ) വിവാഹം കഴിച്ചു.
1552452 മകൻ ജിതിൻ ശമുവേൽ (ജിതിൻ)
2001 ഡിസംബർ 9-ാം തീയതി ജനിച്ചു. എം.കോം. പാസ്സായി ഇപ്പോൾ കോന്നി മെഡിക്കൽ കോളേജിനുസമീപം ആധുനിക രീതിയി ലുള്ള കഫേ നടത്തുന്നു.
15525 സ്കറിയയുടെ മകൻ റ്റി.എസ്. ഗീവറുഗീസ് (കൊച്ചുണ്ണുണ്ണി
1928 ജൂൺ 6-ാം തീയതി ജനിച്ചു. സാമാന്യ വിദ്യാഭ്യാസത്തിനു ശേഷം 1957 മേയ് 9-ാം തീയതി റാന്നി കളമ്പാല തെയ്യിൽ വറുഗീസ് -മറിയാമ്മ ദമ്പതികളുടെ മകൾ ഏലിയാമ്മ വറുഗീസിനെ (കുഞ്ഞമ്മ) വിവാഹം ചെയ്തു. അവർക്ക് നാല് പുത്രന്മാർ ജനിച്ചു. ഇപ്പോൾ ഇരു വരും വകയാറിലുള്ള ഭവനത്തിൽ വിശ്രമജീവിതം നയിക്കുന്നു.
റ്റി. എസ്. ഗീവറുഗീസിൻ്റെ മക്കൾ (ആറാം തലമുറ)
155251 എം.വി. ജയ്ക്കബ്
155252 എം.വി. മാത്യൂസ്
155253 എം.വി. തോമസ്
155254 എം.വി. ജെയിംസ്
155251 മകൻ എം.വി. ജയ്ക്കബ് (ജോസി)
1958 മേയ് 1-ാം തീയതി ജനിച്ചു. പ്രീഡിഗ്രിക്കുശേഷം മെക്കാനി ക്കൽ എഞ്ചിനീയറിംഗിൽ ഡിപ്ലോമ പാസ്സായി. ബോംബെയിൽ എയർ ഇന്ത്യയിൽ

വിവിധ തസ്തികകളിൽ ജോലി നോക്കിയതിനുശേഷം സീനിയർ മാനേജർ (എഞ്ചിനീയറിംഗ്) ആയി വിരമിച്ചു. 1984 ജൂലൈ 16-ാം തീയതി കീക്കൊഴൂർ ചരിവുകാലായിൽ സി.ജോർജ്ജ്-തങ്കമ്മ ദമ്പതികളുടെ മകൾ ജെസ്സി ജോർജ്ജിനെ (ജെസ്സി) വിവാഹം ചെയ്തു. ജെസ്സി ബി.എസ്.സി. ബിരുദധാരിയാണ്. ഇവർ കുടുംബമായി ബോം ബെയിൽ താമസിക്കുന്നു. അവർക്ക് രണ്ട് പുത്രിമാരും ഒരു പുത്രനും ജനിച്ചു.

PUNNAKKAD MALAYIL FAMILY HISTORY

വകയാർ മലയിൽ റ്റി. എസ്. ഗീവർഗ്ഗീസ് [കൊച്ചുണ്ണുണി]ഏലിയാമ്മ വർഗ്ഗീസ്

എം. വി. ജയ്ക്കബിൻ്റെ മക്കൾ (ഏഴാം തലമുറ)

1552511ആൻസി എം. ജേക്കബ്

1552512 ബിൻസി എം. ജയ്ക്കബ്

1552513 ജെയ്സൺ മലയിൽ ജേക്കബ്

1552511 മകൾ ആൻസി എം. ജേക്കബ് (ആൻസി)

1986 നവംബർ 22-ാം തീയതി ജനിച്ചു. ഇലക്ട്രോണിക്സിൽ ബിടെക് ബിരുദം നേടിയശേഷം 2018 ജനുവരി 10-ാം തീയതി കോട്ടയം മകൻ വിജയ് കുര്യൻ (വിജയ്) വിവാഹം അതിരമ്പുഴ കീരങ്കഴിയിൽ കുര്യൻ മാത്യു-സുജ കുര്യൻ ദമ്പതികളുടെ മകൻ വിജയ് കുര്യൻ (വിജയ്) വിവാഹം കഴിച്ചു.

കഴിച്ചു.

1552512 മകൾ ബിൻസി എം. ജയ്ക്കബ് (ബിൻസി)

1990 ഫെബ്രുവരി 13-ാം തീയതി ജനിച്ചു. ബികോം ബിരുദം നേടി യതിനുശേഷം ചാർട്ടേഡ് അക്കൗണ്ടൻസി പരീക്ഷ പാസ്സായി. 2015 ഡിസംബർ 28-ാം തീയതി ചന്ദനപ്പള്ളി പകലോമറ്റം മലയിൽ പടിഞ്ഞാ റ്റേതിൽ ജോയിക്കുട്ടി ഡാനിയേൽ-ലീലാമ്മ ദമ്പതികളുടെ മകൻ ലിജോ ജോയ്ക്കുട്ടി (ലിജോ) വിവാഹം കഴിച്ചു.

1552513 മകൻ ജയ്സൺ മലയിൽ ജയ്ക്കബ് (ജയ്സൺ)

1995 സെപ്റ്റംബർ 15-ാം തീയതി ജനിച്ചു. ബിടെക് എംബിഎ ബിരു ദങ്ങൾ കരസ്ഥമാക്കിയതിനുശേഷം* ഡിലോയിറ്റ് എന്ന കമ്പനിയുടെ ബോംബെ ശാഖയിൽ ജോലി ചെയ്യുന്നു. 2024 ഏപ്രിൽ 18-ാം തീയതി പൂനെയിൽ താമസിക്കുന്ന സാംസൺ കൗണ്ട്സ്-ലിസി കൗണ്ട്സ് ദമ്പതികളുടെ മകൾ നേഹ സാംസൺ കൗണ്ട്സ് (നേഹ)നെ വിവാഹം ചെയ്തു. കമ്പ്യൂട്ടർ എഞ്ചിനീയറിംഗിൽ ബിടെക് ബിരുദമുള്ള നേഹ ഐടി കമ്പനിയിൽ ജോലി ചെയ്യുന്നു. ഇവർ കുടുംബമായി ബോംബെ യിൽ താമസിക്കുന്നു.

155252 റ്റി.എസ്. ഗീവർഗീസിൻ്റെ മകൻ എം.വി. മാത്യൂസ് (റെഞ്ചി)

1959 ജൂലൈ 15-ാം തീയതി ജനിച്ചു. ബി.എസ്.സി. ബിരുദവും പി

ജിഡിസിഎയും പാസ്സായതിനുശേഷം ദുബയിൽ ദീർഘവർഷം ജോലി ചെയ്ത സ്ഥാപനത്തിൽനിന്നും ഐടി മാനേജർ ആയി വിരമിച്ചു. 1988 ഡിസംബർ 29-ാം തീയതി കീക്കൊഴൂർ മാടത്തേത്ത് എം.സി. എബ്രഹാം-സൂസമ്മ ദമ്പതികളുടെ മകൾ എം.മറിയാമ്മ എബ്രഹാമി നെ (കൊച്ചുമോൾ) വിവാഹം ചെയ്തു എം.എസ്.സി. ബിഎഡ് ബിരുദ ധാരിയായ കൊച്ചുമോൾ ദുബായ് സ്കൂളിൽനിന്നും അധ്യാപികയായി വിരമിച്ചു. അവർക്ക് രണ്ട് പുത്രിമാരും ഒരു പുത്രനും ജനിച്ചു. ഇപ്പോൾ ഇരുവരും വകയാറിലുള്ള ഭവനത്തിൽ വിശ്രമജീവിതം നയിക്കുന്നു.

എം. വി. മാത്യൂസിന്റെ മക്കൾ (ഏഴാംതലമുറ)

1552521 രമ്യ എൽസ് മാത്യൂസ്

1552522 റിയ സൂസൻ മാത്യൂസ്

1552523 ഡോ. രൂബൻ മാത്യൂസ്

1552521 മകൾ രമ്യ എൽസ മാത്യൂസ് (രമ്യ)

1990 ജൂൺ 15-ാം തീയതി ജനിച്ചു. കമ്പ്യൂട്ടർ സയൻസിൽ എം. ടെക്. ബിരുദം കരസ്ഥമാക്കി. 2014 ജൂലൈ 24-ാം തീയതി ആറന്മുള കടവണ പുത്തൻവീട്ടിൽ എബ്രഹാം മാത്യു-ലീലാമ്മ ദമ്പതികളുടെ മകൻ മാത്സൺ എബ്രഹാം (സ്റ്റാൻലി) വിവാഹം കഴിച്ചു.

1552522 മകൾ റിയ സൂസൻ മാത്യൂസ് (റിയ)

1995 ഏപ്രിൽ 26-ാം തീയതി ജനിച്ചു. ബിആർക് ഡിഗ്രി കരസ്ഥ മാക്കി. 2021 ഡിസംബർ 30-ാം തീയതി പാലാരിവട്ടം ജറോമി വീട്ടിൽ ജോൺ മാത്യു-ഏലിയാമ്മ ദമ്പതികളുടെ മകൻ ജോമി ജോൺ മാത്യു (ജോമി) വിവാഹം കഴിച്ചു.

1552523 മകൻ ഡോ. രുബൻ മാത്യൂസ് (റൂബൻ)

2002 മേയ് 13-ാം തീയതി ജനിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളജിൽനിന്നും എം.ബി.ബി.എസ്. പരീക്ഷ പാസ്സായതിനുശേഷം ആശുപത്രിയിൽ ജോലി ചെയ്യുന്നു. ബിരുദാനന്തര ബിരുദ പഠന ത്തിനുള്ള തയ്യാറെടുപ്പുകൾ നടത്തുന്നു.

155253 റ്റി. എസ്. ഗീവർഗീസിൻ്റെ മകൻ എം.വി. തോമസ് (സാനിച്ചൻ)

1962 മേയ് 24-ാം തീയതി ജനിച്ചു. ബികോം പാസ്സായതിനുശേഷം വകയാറിൽ മലയിൽ റബേഴ്സ് എന്ന പേരിൽ ലാറ്റക്സ് ബിസിനസ്സ് ചെയ്യുന്നു. 1993 ജനുവരി 28-ാം തീയതി വടശ്ശേരിക്കര മുളവേലി പള്ളിക്കൽ പി.സി.ജയ്ക്കബ്-ലില്ലിക്കുട്ടി ദമ്പതികളുടെ മകൾ ആനി ജയ്ക്കബിനെ (ജോളി) വിവാഹം ചെയ്തു. അവർക്ക് രണ്ട് പുത്രന്മാർ ജനിച്ചു.

എം. വി. തോമസിൻ്റെ മക്കൾ (ഏഴാം തലമുറ)

1552531 ഹാബിൻ വർഗീസ് തോമസ്
1552532 ഫെബിൻ ജേക്കബ് തോമസ്
1552531 മകൻ ഹാബിൻ വർഗീസ് തോമസ് (ഹാബിൻ)

1995 ഫെബ്രുവരി 27-ാം തീയതി ജനിച്ചു. ബിടെക് ഡിഗ്രി പാസ്സായതിനുശേഷം തിരുവനന്തപുരം ടെക്നോപാർക്കിൽ കുറെനാൾ ജോലി ചെയ്തു. ഇപ്പോൾ യു. കെ.യിൽ ജോലി ചെയ്യുന്നു. 2022 ആഗസ്റ്റ് 22-ാം തീയതി ഇരവിപേരൂർ വെട്ടീരേത്ത് സോജി തോമസ്-സൂസൻ ദമ്പതികളുടെ മകൾ സില്ല എൽസ സോജിയെ (സില്ല) വിവാഹം ചെയ്തു. എം.എസ്.സി. നഴ്സിംഗ് പാസ്സായ സില്ലയും യു.കെ.യിൽ ജോലി ചെയ്യുന്നു. അവർക്ക് ഒരു പുത്രൻ ജനിച്ചു.

PUNNAKKAD MALAYIL FAMILY HISTORY

വകയാർ മലയിൽ ജെയിംസും കുടുംബവും.
ജെയിനി,അമീലിയ, ബേസിൽ (USA) ജസ്റ്റിൻ, ജെയിംസ്,ഷീബ,ഡോക്ടർ ഷൈനി (UK)
ഹാബിൻ്റെ മകൻ (എട്ടാം തലമുറ)
15525311 മകൻ ഇലോൺ ഹാബിൻ (ഇലോൺ)

2024 ഫെബ്രുവരി 21-ാം തീയതി ജനിച്ചു.
1552532 എം.വി. തോമസിൻ്റെ മകൻ ഫെബിൻ ജയ്ക്കബ് തോമസ് (ഫെബിൻ)

1997 മേയ് 6-ാം തീയതി ജനിച്ചു. പ്രീഡിഗ്രി പാസ്സായശേഷം കുറെ നാൾ ദുബയിൽ ജോലി ചെയ്തു ഇപ്പോൾ തിരികെ നാട്ടിലെത്തി പിതാവിനൊപ്പം മലയിൽ റബേഴ്സ് എന്ന ലാറ്റക്സ് വ്യാപാര സ്ഥാപനം നടത്തുന്നു.
155254 റ്റി. എസ്. ഗീവർഗീസിൻ്റെ ഇളയമകൻ എം.വി. ജയിംസ് (ജയിംസ്)

1967 മേയ് 12-ാം തീയതി ജനിച്ചു. ബികോം പാസ്സായി കമ്പ്യൂട്ടർ പഠനവും കഴിഞ്ഞ് ദുബയിൽ ജോലി ചെയ്തു. അതോടൊപ്പം മാറുകയും അവിടെ ദുബയിൽ ബിസിനസ്സും നടത്തി. 2018-ൽ യു.കെ.യിലേക്ക് താമസം ടെ ബിസിനസ്സ് ആരംഭിക്കുകയും ചെയ്തു. ദുബയിലെ സ്ഥാപനവും തുടർന്നുപോകുന്നു. 1994 മേയ് 26-ാം തീയതി അട്ടച്ചാക്കൽ പുത്തൻചിറയിൽ ജോസഫ് മാത്യൂസ്-അച്ചാമ്മ ദമ്പതികളുടെ മകൾ ഷീബ മാത്യൂസിനെ വിവാഹം ചെയ്തു. എം.എസ്സി. ബിഎഡ് ബിരുദ ധാരിയായി ഷീബ ദുബയിൽ അധ്യാപികയായിരുന്നു. പഠനത്തിൽ സമർഥയായിരുന്ന ഷീബ എല്ലാ പരീക്ഷയിലും ഉന്നതവിജയം കരസ്ഥ മാക്കിയിരുന്നു. ഇപ്പോൾ യു.കെ.യിൽ അഡ്മിനിസ്ട്രേറ്റർ പദവിയിൽ ജോലി ചെയ്യുന്നു. അവർക്ക് രണ്ട് പുത്രിമാരും ഒരു പുത്രനും ജനിച്ചു.
എം. വി. ജയിംസിന്റെ മക്കൾ (ഏഴാം തലമുറ)
1552541 ജയ്നി എൽസ ജെയിംസ്

1552542 ഡോ. ഷൈനി അൻസ ജയിംസ്
1552543 ജസ്റ്റിൻ വർഗീസ് ജയിംസ്
1552541 മകൾ ജയ്നി എൽസ ജയിംസ് (ജയ്നി)

1996 ഫെബ്രുവരി 11-ാം തീയതി ജനിച്ചു. യു.എസ്.എ.യിൽ നിന്നും കമ്പ്യൂട്ടർ സയൻസിൽ ബിരുദാനന്തരബിരുദം കരസ്ഥമാക്കി. 2021 മേയ് 9-ാം തീയതി മൂവാറ്റുപുഴ മുളയംകുഴിയിൽ സാജു മുളയംകുഴിയിൽ അമ്മിണി സാജു ദമ്പതികളുടെ മകൻ ബേസിൽ സാജു മുളയംകുഴി യിൽ (ബേസിൽ) വിവാഹം കഴിച്ചു. ടെക്സസിൽ താമസിക്കുന്നു.

1552542 മകൾ ഡോ. ഷൈനി അൻസ ജയിംസ് (ഷൈനി)

1998 ഫെബ്രുവരി 5-ാം തീയതി ജനിച്ചു. എം.ബി.ബി.എസ്. പാസ്സാ യശേഷം ഇപ്പോൾ ലണ്ടനിൽ ജോലി ചെയ്യുന്നതിനൊപ്പം ബിരുദാന ന്തര ബിരുദ പഠനവും നടത്തുന്നു.

1552543 മകൻ ജസ്റ്റിൻ വർഗീസ് ജയിംസ് (ജസ്റ്റിൻ)

2001 ജൂൺ 2-ാം തീയതി ജനിച്ചു. യു.കെ.യിൽ നിന്നും മെക്കാനി ക്കൽ എഞ്ചിനീയറിംഗിൽ ബിരുദം കരസ്ഥമാക്കിയതിനുശേഷം യു.കെ. യിൽതന്നെ എ.സി.എ.ക്കുള്ള പഠനം തുടരുന്നു.

15526 സ്കറിയയുടെ മകൾ ശോശാമ്മ സ്കറിയ (ശോശാമ്മ)

1930 മാർച്ച് 2-ാം തീയതി ജനിച്ചു. 1933 ഏപ്രിൽ 28-ന് ശൈശവ പ്രായത്തിൽ മരിച്ചു.

15527 സ്കറിയയുടെ മകൾ മേരിക്കുട്ടി സ്കറിയ (മേരിക്കുട്ടി)

1935 ഫെബ്രുവരി 1-ാം തീയതി ജനിച്ചു. സാമാന്യ വിദ്യാഭ്യാസ ത്തിനുശേഷം 1954-ൽ കീക്കൊഴൂർ പാലയ്ക്കൽ ചാക്കോയുടെ മകൻ ചാക്കോയെ വിവാഹം കഴിച്ചു.

15528 സ്കറിയയുടെ മകൻ റ്റി.എസ്. ഫിലിപ്പ് (ബേബി)

1936 നവംബർ 13-ാം തീയതി ജനിച്ചു. ബി.എ.(ഹിന്ദി) പാസ്സായി. അധ്യാപകനായി ജോലി ചെയ്തു. 1964 മേയ് 25-ാം തീയതി തീയാടി ക്കൽ കുഴിവേലിക്കാവുങ്കൽ കുറ്റിക്കണ്ടത്തിൽ കെ.ജി.തോമസ്-മറിയാമ്മ ദമ്പതികളുടെ മകൾ മറിയാമ്മയെ (അമ്മിണി) വിവാഹം ചെയ്തു. എസ്.എസ്.എൽ.സി.യും ടി.ടി.സി.യും പാസ്സായ അമ്മിണിയും അധ്യാ പികയായി ജോലി ചെയ്തു. അവർക്ക് രണ്ട് പുത്രന്മാരും രണ്ട് പുതി മാരും ജനിച്ചു. ഇരുവരും റിട്ടയർ ചെയ്തു ഭവനത്തിൽ വിശ്രമിച്ചു വരവേ ബേബി 2002 ഒക്ടോബർ 27-ാം തീയതി നിര്യാതനായി.

റ്റി. എസ്. ഫിലിപ്പിന്റെ മക്കൾ (ആറാം തലമുറ)

155281 ജയ്ക്കബ് ഫിലിപ്പ്
155282 ജെസ്സി ഫിലിപ്പ്
155283 ജെയിംസ് ഫിലിപ്പ്

155284 സൂസൻ ഫിലിപ്പ്
155281 മകൻ ജയ്ക്കബ് ഫിലിപ്പ് (ലാലു)
1966 മേയ് 30-ാം തീയതി ജനിച്ചു. പിഡിസി, ഐടിസി പാസ്സായി. കുറെനാൾ നാട്ടിലും തുടർന്ന് ദുബായിലും ബിസിനസ് ചെയ്തതിനു ശേഷം ഇപ്പോൾ അമേരിക്കയിൽ ന്യൂയോർക്കിൽ ജോലി ചെയ്യുന്നു.
1992 ആഗസ്റ്റ് 12-ാം തീയതി പുല്ലാട് പാറയിൽ പി.എം. ശമുവേൽ-അന്നമ്മ ദമ്പതികളുടെ മകൾ റേച്ചൽ ശമുവേലിനെ (ഷൈനി) വിവാഹം ചെയ്തു. ഷൈനി ബി.എ. പാസ്സായിട്ടുണ്ട്. അവർക്ക് രണ്ട് പുത്രന്മാർ ജനിച്ചു. കുടുംബമായി ന്യൂയോർക്കിൽ താമസിക്കുന്നു.
ജയ്ക്കബിന്റെ മക്കൾ (ഏഴാംതലമുറ)
1552811 നിതിൻ ജയ്ക്കബ്
1552812 നോബിൻ ജയ്ക്കബ്

PUNNAKKAD MALAYIL FAMILY HISTORY

Jacob Philip (Lalu Malayil) & Raichel (Shiney)
Nithin & Jency, Nobin & kesia

PUNNAKKAD MALAYIL FAMILY HISTORY

VAKAYAR MALAYIL JAMES PHILIP WIFE JOYCE JAMES & SON NOEL JAMES

1552811 മകൻ നിതിൻ ജേക്കബ് (നിതിൻ)
1993 സെപ്റ്റംബർ 30-ാം തീയതി ജനിച്ചു. ബികോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പാസ്സായതിനുശേഷം ഇപ്പോൾ ന്യൂയോർക്കിൽ ജോലി ദമ്പതികളുടെ മകൾ ജെൻസി ബാബുവിനെ (ജെൻസി) വിവാഹം കല്ലുപറമ്പിൽ ഗ്ലോറി വില്ലയിൽ പാസ്റ്റർ എൻ.റ്റി. ബാബു-കുഞ്ഞുമോൾ ചെയ്തു. ബി.എസ്.സി. നഴ്സിംഗ് പാസ്സായ ജൻസിയും ന്യൂയോർ ക്കിൽ ജോലി ചെയ്യുന്നു.
1552812 മകൻ നോബിൻ ജയ്ക്കബ് (നോബിൻ)
1994 നവംബർ 17-ാം തീയതി ജനിച്ചു. ബിടെക് ബിരുദം നേടിയ തിനുശേഷം ന്യൂയോർക്കിൽ ജോലി ചെയ്യുന്നു. 2025 നവംബർ 15-ാം തീയതി പുനലൂർ ഇളമ്പൽ ഗിൽഗാൽ ഭവനത്തിൽ പാസ്റ്റർ ആർ. മോഹനൻ-രമ ദമ്പതികളുടെ മകൾ കെസിയ പോളിനെ (കെസിയ) വിവാഹം ചെയ്തു. ബി.എസ്.സി. നഴ്സിംഗ് പാസ്സായ കെസിയ ഇപ്പോൾ യു.കെ.യിൽ ജോലി ചെയ്യുന്നു. 155282 റ്റി.എസ്. ഫിലിപ്പിന്റെ മകൾ ജെസ്സി ഫിലിപ്പ് (ജെസ്സി)
1969 മെയ് 25ാം തീയതി ജനിച്ചു. നഴ്സിംഗ് പാസ്സായി. 1994 ൽ ചാത്തങ്കേരി കല്ലേത്ത് കെ.വി. ജോൺസന്റെ മകൻ പാസ്റ്റർ ജോൺ ജോൺസൻ വിവാഹം കഴിച്ചു. ഇവർ കുടുംബമായി ന്യൂയോർക്കിൽ ജോലി ചെയ്യുന്നു.
155283 റ്റി.എസ്. ഫിലിപ്പിന്റെ മകൻ ജയിംസ് ഫിലിപ്പ് (ജയിംസ്)

1971 മേയ് 17-ന് ജനിച്ചു. മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ പാസ്സായശേഷം ഇന്ത്യൻ നേവിയിൽ നേവൽ എഞ്ചിനീയറിംഗ് ആഫീ സറായി ഗസറ്റഡ് റാങ്കിൽ ജോലി ചെയ്യുന്നു. 1998 ജനുവരി 19-ാം തീയതി റാന്നി ചെത്തോങ്കര വാഴയിൽ വി.സി.സാമുവൽ-എതേ റമ്മ ദമ്പതികളുടെ മകൾ സാറാമ്മ സാമുവലിനെ (ജോയ്സ്) വിവാ ഹം ചെയ്തു. എം.എസ്സി.യും എം.ബി.എ.യും കഴിഞ്ഞ് കമ്പ്യൂട്ടർ എഞ്ചിനീയറായി ബോംബെയിൽ ജോലി ചെയ്തിരുന്നു. ഇവർ കുടും ബസമേതം ബോംബെയിൽ താമസിക്കുന്നു. അവർക്ക് ഒരു മകൻ ജനിച്ചു.

ജയിംസ് ഫിലിപ്പിൻറെ മകൻ (ഏഴാം തലമുറ)

1552831 മകൻ നോയൽ ജയിംസ് (നോയൽ)

2003 ജൂലൈ 11-ന് ജനിച്ചു. ബി.എസ്സി. കമ്പ്യൂട്ടർ സയൻസിൽ ഡിഗ്രി കരസ്ഥമാക്കി. മാതാപിതാക്കളോടൊപ്പം ബോംബെയിൽ താമസിക്കുന്നു.

155284 റ്റി.എസ്, ഫിലിപ്പിന്റെറെ മകൾ സൂസൻ ഫിലിപ്പ് (സുസൻ)

1972 മേയ് 17-ാം തീയതി ജനിച്ചു. ബികോം, ഡിഫാം എന്നിവ ഫസ്സായി. 1997-ൽ കലഞ്ഞൂർ പ്ലാവിളയിൽ പി.എം.സാമുവലിന്റെ മകൻ റവ. ഡോ. പി.എസ്. പ്രിൻസ് ((പ്രിൻസ്) വിവാഹം കഴിച്ചു. കുടുംബമായി അമേരിക്കയിൽ സുവിശേഷവേല ചെയ്യുന്നു.

15529 സ്കറിയയുടെ ഇളയമകൻ എം.എസ്. ശമുവേൽ (തമ്പാൻ)

1940 ജൂൺ 8-ാം തീയതി ജനിച്ചു. എസ്എസ്എൽസി പാസ്സായതി നുശേഷം ബോംബെയിൽ ജോലി ചെയ്തു. 1969 മാർച്ച് 10-ാം തീയതി വെൺമണി പടിഞ്ഞാറ്റിൻകര വറുഗീസിന്റെ മകൾ മറിയാമ്മയെ (അമ്മിണി) വിവാഹം ചെയ്തു. തുടർന്ന് അമേരിക്കയിലേക്ക് പോവു കയും തമ്പാൻ ബാങ്കിലും അമ്മിണി നഴ്സായും ജോലി ചെയ്തു. ന്യൂയോർക്കിൽ വിശ്രമജീവിതം നയിച്ചുവരവേ തമ്പാൻ 2022 ഫെബ്രു വരി 8-ന് നിര്യാതനായി. അവർക്ക് രണ്ട് പുത്രിമാർ ജനിച്ചു.

എം. എസ്. ശമുവേലിന്റെ മക്കൾ (ആറാം തലമുറ)

155291 ഹെലൻ ശമുവേൽ

155292 മേരി ശമുവേൽ

155291 മകൾ ഹെലൻ ശമുവേൽ (ഹെലൻ)

1971 ആഗസ്റ്റ് 17-ാം തീയതി ജനിച്ചു. വിദ്യാഭ്യാസാനന്തരം ന്യൂയോർ ക്കിൽ ജോലി ചെയ്യുന്നു.

155292 മകൾ മേരി ശമുവേൽ (ലീന)

1975 ഡിസംബർ 2-ാം തീയതി ജനിച്ചു. പി.ജി.യ്ക്കുശേഷം കോടുകുളഞ്ഞിയിൽ സജിയെക്കൊണ്ട് വിവാഹം കഴിപ്പിച്ചു. ഇരുവരും അമേരിക്കയിൽ താമസിക്കുന്നു.

1553 വട്ടംപറമ്പിൽ വർഗീസിന്റെ മകൾ അന്ന

1075-ാം ആണ്ട് ജനിച്ചു. അവിവാഹിതയായി ജീവിച്ചു. 1961 ആഗസ്റ്റ് 26-ാം തീയതി നിര്യാതയായി.

1554 വട്ടംപറമ്പിൽ വർഗീസിന്റെ മകൻ തോമസ്

1902 ജൂൺ 1-ാം തീയതി ജനിച്ചു. 1919-ൽ ഇരവിപേരൂർ മരുതിമൂട്ടിൽ ഈപ്പന്റെ മകൾ സാറാമ്മയെ വിവാഹം കഴിച്ചു. 1937 ഫെബ്രുവരി 11-ാം തീയതി കൊച്ചേത്തുകാലായിൽ മാറിതാമസിച്ചു. അവർക്ക് ഒരു പുത്രിയും രണ്ട് പുത്രന്മാരും ജനിച്ചു. തോമസ് 1955 ജൂൺ 20-ാം തീയതിയും സാറാമ്മ 1984 സെപ്റ്റംബർ 27-ാം തീയതിയും നിര്യാതരായി.

കൊച്ചേത്തുകാലായിൽ തോമസിന്റെ മക്കൾ (അഞ്ചാം തലമുറ)

15541 റാഹേലമ്മ തോമസ്

15542 വി.റ്റി. ജോർജ്ജ്

15543 കെ.റ്റി. ഈപ്പൻ

15541 മകൾ റാഹേലമ്മ തോമസ് (തങ്കമ്മ)

1925 നവംബർ 22-ാം തീയതി ജനിച്ചു. 1943 മേയ് 20-ാം തീയതി അട്ടച്ചാക്കൽ പേരങ്ങാട്ട് വർഗീസിന്റെ മകൻ ചെറിയാൻ വിവാഹം കഴിച്ചു.

18542 കൊച്ചേത്തുകാലായിൽ തോമസിന്റെ മകൻ വി.റ്റി. ജോർജ്ജ് (a)

1928 ജൂൺ 28-ാം തീയതി ജനിച്ചു. സാമാന്യവിദ്യാഭ്യാസത്തിനു ശേഷം 1948 മേയ് 27-ാം തീയതി ഇലന്തൂർ പേർക്കോട്ട് എബ്രഹാ മിന്റെ മകൾ ഏലിയാമ്മ എബ്രഹാമിനെ (ചിന്നമ്മ) വിവാഹം കഴിച്ചു. ഇവർക്ക് നാല് പുത്രന്മാരും രണ്ട് പുത്രിമാരും ജനിച്ചു. ബേബി 1990 മാർച്ച് 19-ാം തീയതിയും ചിന്നമ്മ 2019 ഫെബ്രുവരി 4-ാം തീയതിയും നിര്യാതരായി.

വി. റ്റി. ജോർജ്ജിന്റെ മക്കൾ (ആറാം തലമുറ)

155421 സാറാമ്മ ജോർജ്ജ്

155422 കെ.ജി. റെയ്ച്ചൽ

155423 തോമസ് ജോർജ്ജ്

155424 എബ്രഹാം ജോർജ്ജ്

155425 കെ. ജോർജ്ജ്

155426 സജി ജോർജ്ജ്

155421 മകൾ സാറാമ്മ ജോർജ്ജ് (സൂസി)

1949 സെപ്റ്റംബർ 2-ന് ജനിച്ചു. എസ്.എസ്.എൽ.സി. പാസ്സായതി നുശേഷം 1969 ജനുവരി 22-ാം തീയതി നെല്ലിക്കാലാ പ്ലാംകൂട്ടത്തിൽ മത്തായിയുടെ മകൻ തോമസ് വിവാഹം കഴിച്ചു.

155422 മകൾ കെ.ജി. റെയ്ച്ചൽ (റോസമ്മ)

1953 ഏപ്രിൽ 10-ന് ജനിച്ചു. ഡെൽഹി ഡെൽഹി സെന്റ് സ്റ്റീഫൻസ് ആശുപത്രിയിൽനിന്നും നഴ്സിംഗ് പാസ്സായി. 1983 മെയ് 26-ാം തീയതി

വാര്യാപുരം ആലുനിൽക്കുന്നതിൽ ശമുവേലിന്റെ മകൻ പാപ്പച്ചൻ വിവാഹം കഴിച്ചു.

155423 മകൻ തോമസ് ജോർജ്ജ് (രാജൻ)

1955 ജൂൺ 18-ന് ജനിച്ചു. വിദ്യാഭ്യാസാനന്തരം ഡൽഹി, ദുബയ്, ഷാർജ എന്നിവിടങ്ങളിൽ ജോലി ചെയ്തു. 1987 ഫെബ്രുവരി 7-ാം തീയതി റാന്നി ചീങ്കപ്പുറത്ത് സി.റ്റി. എബ്രഹാം-തങ്കമ്മ ദമ്പതികളുടെ മകൾ ശോശാമ്മ എബ്രഹാമിനെ (പൊന്നമ്മ) വിവാഹം ചെയ്തു. ബി.എ, നഴ്സിംഗ് വിദ്യാഭ്യാസ യോഗ്യതകൾ നേടിയ പൊന്നമ്മ ദീർഘ നാൾ ബോംബെയിൽ ജോലി ചെയ്തു. ഇപ്പോൾ കുടുംബമായി പുന്നയ് ക്കാട് താമസിക്കുന്നു. അവർക്ക് ഒരു മകൾ ജനിച്ചു.

തോമസ് ജോർജ്ജിന്റെ മകൾ (ഏഴാം തലമുറ)

1554231 മകൾ റിൻകി തോമസ് (റിൻകി)

1989 മേയ് 19-ന് ജനിച്ചു. എം.കോം പാസ്സായി. 2023 ജൂൺ 1-ാം തീയതി കോട്ടയം വിൽസൻ സ്ട്രീറ്റ് ചന്തക്കടവ്, ചള്ളിയിൽ ഡോ. ജേക്കബ് മാണി വൽസ ദമ്പതികളുടെ മകൻ മാണി ജേക്കബ് വിവാഹം കഴിച്ചു. അവർക്കു ഒരു മകനും ഒരു മകളും ജനിച്ചു. റിൻകി ഏകമകൾ ആകയാൽ മാണി, തോമസിന്റെ പിന്തുടർച്ചവകാശിയായി

എട്ടാം തലമുറ

15542311 മകൻ ഈത്തൻ ജേക്കബ് മാണി (ഈത്തൻ)

2024 മാർച്ച് 27-ന് ജനിച്ചു.

15542312 മകൾ എമ്മ വൽസ മാണി (എമ്മ)

2025 സെപ്റ്റംബർ 17-ാം തീയതി ജനിച്ചു.

155424 വി.റ്റി. ജോർജ്ജിന്റെ മകൻ എബ്രഹാം ജോർജ്ജ് (ബാബു)

1957 നവംബർ 19-ാം തീയതി ജനിച്ചു. എസ്.എസ്.എൽ.സി.യ്ക്കു ശേഷം റേഡിയോ & ടിവി എഞ്ചിനീയറിംഗ് പഠനശേഷം ഡൽഹി. കുവൈറ്റ്, ഖത്തർ എന്നീ സ്ഥലങ്ങളിൽ ജോലി ചെയ്തു. 1986 സെപ്റ്റം ബർ 4-ാം തീയതി കോഴഞ്ചേരി പുളിയിലേത്ത് പി.സി.യോഹന്നാൻ -കുഞ്ഞമ്മ ദമ്പതികളുടെ മകൾ സൂസൻ എബ്രഹാമിനെ (സൂസൻ) വിവാഹം ചെയ്തു. സൂസൻ ബികോം പാസ്സായിട്ടുണ്ട്. അവർക്ക് ഒരു

പുത്രൻ ജനിച്ചു, എബ്രഹാം ജോർജ്ജിന്റെ മകൻ (ഏഴാംതലമുറ)

1554241 മകൻ ബിജോ ജി. എബ്രഹാം (ബിജോ)

1987 ഒക്ടോബർ 30-ന് ജനിച്ചു. എംകോം പാസ്സായതിനുശേഷം ഇപ്പോൾ ഷാർജയിൽ സ്വകാര്യ കമ്പനിയിൽ ജോലി ചെയ്യുന്നു. 2015 ആഗസ്റ്റ് 31-ന് കോഴഞ്ചേരി വയലിറമ്പിൽ ജയ്ക്കബ് മാത്യു-നിസ്സി ദമ്പതികളുടെ മകൾ റ്റിനി തങ്കം ജയ്ക്കബിനെ (റ്റിനി) വിവാഹം ചെയ്തു. ബി.എ. പാസ്സായ റ്റിനി സ്വകാര്യബാങ്കിൽ ജോലി ചെയ്യുന്നു.

അവർക്ക് രണ്ട് പുത്രന്മാർ ജനിച്ചു.
ബിജോയുടെ മക്കൾ (എട്ടാം തലമുറ)
15542411 എൽവിൻ എബ്രഹാം ബിജോ
15542412 നെൽവിൻ ജയ്ക്കബ് ബിജോ
15542411 മകൻ എൽവിൻ എബ്രഹാം ബിജോ (അപ്പു)
2016 സെപ്റ്റംബർ 15-ാം തീയതി ജനിച്ചു. ഇപ്പോൾ 4-ാം സ്റ്റാൻഡേർഡിൽ പഠിക്കുന്നു.
15542412 മകൻ നെൽവിൻ ജയ്ക്കബ് ബിജോ (നിച്ചു)
2020 സെപ്റ്റംബർ 23-ന് ജനിച്ചു. ഇപ്പോൾ യു.കെ.ജി.യിൽ പഠി ക്കുന്നു.
155425 വി.റ്റി. ജോർജ്ജിൻ്റെ മകൻ കെ. ജോർജ്ജ് (മോനി)
1959 ഡിസംബർ 14-ന് ജനിച്ചു. പിഡിസി, അക്കൗണ്ടൻസി, കമ്പ്യൂട്ടർ പ്രോഗ്രാമിംഗ് പഠനശേഷം ഗൾഫിലും ഡെൽഹിയിലും ജോലി ചെ യ്തു. 1988 ഫെബ്രുവരി 25-ാം തീയതി ഇടശ്ശേരിമല മോടിയിൽ ഏബ്രഹാം-മേരിക്കുട്ടി ദമ്പതികളുടെ മകൾ ഏലിക്കുട്ടി ഏബ്രഹാമിനെ (പ്രസീല) വിവാഹം ചെയ്തു. നഴ്സിംഗ് പാസ്സായ പ്രസീല സൗദിയി ലും ഡെൽഹിയിലും ജോലി ചെയ്തു. ഇപ്പോൾ ഇവർ കുടുംബസമേ തം യു.കെയിലെ പൂൾ എന്ന സ്ഥലത്ത് താമസിച്ച് ജോലി ചെയ്യുന്നു.
അവർക്ക് മൂന്നു പുത്രിമാർ ജനിച്ചു.
കെ. ജോർജ്ജിൻ്റെ മക്കൾ (ഏഴാം തലമുറ)
1554251പ്രീതി എൽസ ജോർജ്
1554252 പ്രിയ മെർളിൻ ജോർജ്ജ്
1554253 കൃപ സൂസൻ ജോർജ്ജ്
1554251 മകൾ പ്രീതി എൽസ ജോർജ്ജ് (പ്രീതി)
1989 ആഗസ്റ്റ് 1-ാം തീയതി ജനിച്ചു. സിവിൽ എഞ്ചിനീയറിംഗ് പാസ്സായി. 2018 ജനുവരി 12-ാം തീയതി പൂനെയിൽ താമസം ചാൾസ് ലൂക്ക്-ഹെതർ ദമ്പതികളുടെ മകൻ വിൻസ്റ്റൺ ലൂക്ക് (വിൻസ്റ്റൺ) വിവാഹം കഴിച്ചു.
1554252 മകൾ പ്രിയ മെർളിൻ ജോർജ്ജ് (പ്രിയ)
1995 ആഗസ്റ്റ് 4-ാം തീയതി ജനിച്ചു. യു.കെ.യിൽനിന്നും ഇന്റർനാഷണൽ ബിസിനസ്സ് സ്റ്റഡീസിൽ ബിരുദം നേടിയശേഷം അവിടെ ത്തന്നെ ജോലിചെയ്യുന്നു.
1554253 മകൾ കൃപ സൂസൻ ജോർജ്ജ് (കൃപ)
1999 ജൂലൈ 19-ാം തീയതി ജനിച്ചു. യു.കെ.യിൽ നിന്നും സൈക്കോളജിയിൽ ബി.എസ്.സി. (ഹോണേഴ്സ്) ബിരുദം നേടിയശേഷം ലണ്ടനിൽ ജോലിചെയ്യുന്നു.
155426 വി.റ്റി. ജോർജ്ജിൻ്റെ ഇളയമകൻ സജി ജോർജ്ജ് (സജി)
1969 ഫെബ്രുവരി 27-ന് ജനിച്ചു. പിഡിസിയും കമ്പ്യൂട്ടർ ഉപയോ ഗത്തിൽ

പ്രായോഗിക പരിജ്ഞാനവും നേടിയശേഷം ഡെൽഹിയിൽ ജോലി ചെയ്യുന്നു. 1997 ഒക്ടോബർ 23-ാം തീയതി ഇടയാറന്മുള പ്ലാവേ ലിൽ കുന്നംപള്ളിൽ പി.എം.മത്തായി - അന്നമ്മ ദമ്പതികളുടെ മകൾ ബിജി മാത്യുവിനെ (ബിജി)വിവാഹം ചെയ്തു. പിഡിസിയും കമ്പ്യൂട്ടർ വിദ്യാഭ്യാസവും നേടിയശേഷം ഡെൽഹിയിൽ ഏറെനാൾ ജോലി ചെയ്തു. ഇവർക്ക് രണ്ട് പുത്രിമാർ ജനിച്ചു.

സജി ജോർജ്ജിൻ്റെ മക്കൾ (ഏഴാം തലമുറ)

1554261 ബ്രിജിത് എൽസ സജി

1554262 ക്രിസ്റ്റി അന്ന സജി

1554261 മകൾ ബ്രിജിത് എൽസ സജി (ചിഞ്ചു)

1999 ജൂലൈ 7-ാം തീയതി ജനിച്ചു. നഴ്സിംഗിൽ ബി.എസ്.സി. (ഹോണേഴ്സസ്) നേടിയതിനുശേഷം ലണ്ടനിൽനിന്നും അനസ്തേഷ്യ യിൽ ഉപരിപഠനം നടത്തി. ഇപ്പോൾ ലണ്ടനിൽ തന്നെയുള്ള ഒരു സർക്കാർ ആശുപത്രിയിൽ അനസ്തെറ്റിസ്റ്റ് ആയി ജോലി ചെയ്യുന്നു.

1554262 മകൾ ക്രിസ്റ്റി അന്ന സജി (ക്രിസ്റ്റി)

2008 ഡിസംബർ 26-ാം തീയതി

12-ാം സ്റ്റാൻഡേർഡിൽ പഠിക്കുന്നു

15543 കൊച്ചേത്തുകാലായിൽ തോമസിൻ്റെ മകൻ കെ. റ്റി. ഈപ്പൻ (കുഞ്ഞുഞ്ഞുകുട്ടി)

1939 ജൂൺ 14-ാം തീയതി ജനിച്ചു. എസ്.എസ്.എൽ.സി., ടി.ടി.സി. പാസ്സായി, വിവിധ സി.എം.എസ്.സ്കൂളുകളിൽ അധ്യാപകനായി ജോലി ചെയ്തതിനുശേഷം പുന്നക്കാട് സി.എം.എസ്. യൂ.പി. സ്കൂളിൽ നിന്നും പ്രഥമാധ്യാപകനായി വിരമിച്ചു. 1967 ജനുവരി 26-ാം തീയതി അറി തെത്തറയിൽ റ്റി.ജെ.കുര്യൻ-ഏലിയാമ്മ ദമ്പതികളുടെ മകൾ അക്കാമ്മ കുര്യനെ (കുഞ്ഞൂഞ്ഞമ്മ) വിവാഹം ചെയ്തു. PUC, TTC വിദ്യാഭ്യാസ യോഗ്യതയുള്ള കുഞ്ഞുഞ്ഞമ്മ വിവിധ സി.എം.എസ്. സ്കൂളുകളിൽ അധ്യാപികയായി ജോലി ചെയ്തതിനുശേഷം പുന്നക്കാട് സിഎംഎസ് യു.പി. സ്കൂളിൽ നിന്നും പ്രഥമാധ്യാപികയായി വിരമിച്ചു. അവർക്ക് മൂന്ന് പുത്രിമാർ ജനിച്ചു. ഇരുവരും അധ്യാപക വൃത്തിയിൽ നിന്നും വിരമിച്ചശേഷം ഭവനത്തിൽ വിശ്രമജീവിതം നയിച്ചുവരവേ കുഞ്ഞുഞ്ഞുകുട്ടി 2008 മേയ് 5-ാം തീയതി നിര്യാതനായി.

കെ. റ്റി. ഈപ്പൻ്റെ മക്കൾ (ആറാം തലമുറ)

155431 മിനി എസ്. ഈപ്പൻ

155432 ഷൈനി എ. ഈപ്പൻ

155433 സുനി എം. ഈപ്പൻ

155431 മകൾ മിനി എസ്. ഈപ്പൻ (മിനി)

1968 ആഗസ്റ്റ് 3-ന് ജനിച്ചു. ബി.എ., ടിടിസി വിദ്യാഭ്യാസ യോഗ്യത കൾ നേടിയശേഷം വിവിധ സിഎംഎസ് സ്കൂളുകളിൽ ജോലി ചെയ്തു. 1992 സെപ്റ്റംബർ 28-ാം തീയതി കൊഴുവല്ലൂർ തൈവിള കിഴക്കേതിൽ എബ്രഹാം-മറിയാമ്മ ദമ്പതികളുടെ മകൻ തോമസ് എബ്രഹാം (അനിയൻകുഞ്ഞ്) വിവാഹം കഴിച്ചു. ബികോം പാസ്സായ അനിയൻകുഞ്ഞ് കുന്നം ശാലേം ഹൈസ്കൂളിൽ ക്ലാർക്ക് ആയി ജോലി ചെയ്തു. മിനി സി.എം.എസ്. എൽ.പി. സ്കൂൾ പൂവത്തൂരിൽ പ്രഥമാ ധ്യാപികയായിരുന്നു. രണ്ടുപേരും ജോലിയിൽ നിന്നും വിരമിച്ച് ഭവ നത്തിൽ വിശ്രമ ജീവിതം നയിക്കുന്നു. അനിയൻകുഞ്ഞ്, ഈപ്പൻറെ പിന്തുടർച്ചാവകാശിയായി. അവർക്ക് രണ്ട് പുത്രന്മാർ ജനിച്ചു.

ഏഴാം തലമുറ

1554311 മകൻ അനൂപ് റ്റി.എബ്രഹാം (അനൂപ്)

1994 സെപ്റ്റംബർ 17-ാം തീയതി ജനിച്ചു. എം.എ.പാസ്സായതിനു ശേഷം ഇപ്പോൾ കുവൈറ്റിൽ ജോലി ചെയ്യുന്നു. 2024 ഏ.പ്രിൽ 8-ന് മല്ലപ്പള്ളി ചേറ്റുതടത്തിങ്കൽ അലക്സാണ്ടർ തോമസ് മാത്യു-സിനി കോശി ദമ്പതികളുടെ മകൾ ഐബിൻ അലക്സിനെ വിവാഹം

PUNNAKKAD MALAYIL FAMILY HISTORY

K.T. Eapen, Accamma (Kunjunjamma), Aniyankunju, Mini, Anoop, Aneesh, Gleesan, Shyni, Tijo, Chinnu, Liju, Suni, Cinta & Santo Malayil Kocheathukalayil

PUNNAKKAD MAYIL FAMILY HISTORY

V.G. Kurian & Mariamma Kurian Malayil Vattamparampil

155343

Thomas George, Socamma Thomas, Rinky Eles Thomas, Mant Jacob, Eathen Jacob Mani & Ema Jacob Mani,

ചെയ്തു. എം.എ. പാസ്സായ ഐബിൻ ഇപ്പോൾ കുവൈറ്റിൽ ജോലി ചെയ്യുന്നു. ഇവർ കുടുംബമായി കുവൈറ്റിൽ താമസിക്കുന്നു.

1554312 മകൻ അനീഷ് റ്റി. ഈപ്പൻ (അനീഷ്)

1996 ജൂലൈ 19-ാം തീയതി ജനിച്ചു.

എംകോംപാസ്സായതിനുശേഷംഎറണാകുളത്ത സ്വകാര്യ കമ്പനിയിൽ ജോലി ചെയ്യുന്നു

155432 ഈപ്പൻറെ മകൾ ഷൈനി എ. ഈപ്പൻ(ഷൈനി)

1970 ഏപ്രിൽ 20-ാം തീയതി ജനിച്ചു. ബികോം പാസ്സായി. 1993 ദമ്പതികളുടെ മകൻ ഗ്ലീസൻ എൻ. സൈമൺ (ഗ്ലീസൻ) വിവാഹം നവംബർ 22-ാം തീയതി ഓമല്ലൂര നെടുങ്കണ്ടത്തിൽ സൈമൺ-ദീനാമ്മ കഴിച്ചു.

155433 ഈപ്പൻറെ ഇളയമകൾ സുനി എം. ഈപ്പൻ (സുനി)

1974 സെപ്റ്റംബർ 29-ാം തീയതി ജനിച്ചു. എം.എ.യും ബിഎഡും ഫസ്റ്റ് ക്ലാസ്സിൽ പാസ്സായി. സിഎംഎസ് സ്കൂളിൽ അധ്യാപികയായി ജോലി നോക്കിവരവേ 1999 ഒക്ടോബർ 9-ാം തീയതി കീഴ്വായ്പൂർ പുത്തൻപുരയിൽ ജോസഫ്-അന്നമ്മ ദമ്പതികളുടെ മകൻ മാത്യു ജോസഫ് (ലിജു) വിവാഹം കഴിച്ചു.

1555 വട്ടംപറമ്പിൽ ഗീവർഗീസിന്റെ മകൾ മറിയാമ്മ

1079-ാം ആണ്ട് ജനിച്ചു. 1095-ാമാണ്ട് മല്ലശ്ശേരി കുളത്തിനാൽ പുത്തൻ വീട്ടിൽ ഏബ്രഹാമിന്റെ മകൻ ഏബ്രഹാം വിവാഹം കഴിച്ചു.

1556 വട്ടംപറമ്പിൽ ഗീവർഗീസിന്റെ മകൻ വി.ജി. മത്തായി (കുട്ടി)

1906-ൽ ജനിച്ചു. 1925 മെയ് 7-ാം തീയതി മല്ലശ്ശേരി മരുതത്ത് മത്തായിയുടെ മകൾ അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് മക്കളില്ല. കുട്ടി 1980 ആഗസ്റ്റ് 4-നും അന്നമ്മ 1985-ലും നിര്യാതരായി.

1557 വട്ടംപറമ്പിൽ ഗീവർഗീസിന്റെ ഇളയമകൻ വി. ജി. കുര്യൻ (പാപ്പി)

1910 മാർച്ച് 2-ാം തീയതി ജനിച്ചു. സാമാന്യവിദ്യാഭ്യാസത്തിനു ശേഷം 1940-ൽ മല്ലശ്ശേരി ചരിവുകാലായിൽ മത്തായിയുടെ മകൾ മറി യാമ്മയെ വിവാഹം കഴിച്ചു. അവർക്ക് മൂന്ന് പുത്രന്മാരും ഒരു പുത്രിയും ജനിച്ചു. കുര്യൻ 1972 നവംബർ 22-ന് നിര്യാതനായി. 2019 ഏപ്രിൽ 19-ന് ജനിച്ച മറിയാമ്മ മലയിൽ കുടുംബത്തിലെ നിലവിൽ ഏറ്റവും മുതിർന്ന അംഗമാണ്. 106 വയസ്സ്.

വി. ജി. കുര്യന്റെ മക്കൾ (അഞ്ചാംതലമുറ)

15571 റേച്ചൽ കുര്യൻ

15572 വർഗീസ് കുര്യൻ

15573 മാത്യു കുര്യൻ

15574 തോമസ് കുര്യൻ

15571 മകൾ റേച്ചൽ കുര്യൻ (കുഞ്ഞൂഞ്ഞമ്മ)

1943 29-00. SSLC, KGTE (Agri പാസ്സായശേഷം NES Block-ൽ ജോലി ചെയ്തു. 1967 നവംബർ 16-ാം തീയതി കീക്കൊഴൂർ തൈപ്പറമ്പിൽ വർഗീസ് ജോസഫ്-ശോശാമ്മ ദമ്പതികളുടെ മകൻ എം.വി. ജോസഫ് (കുഞ്ഞൂഞ്ഞുകുട്ടി) വിവാഹം കഴിച്ചു.

15572 മകൻ വർഗീസ് കുര്യൻ (മോൻ)

1946 ജനുവരി 27-ാം തീയതി ജനിച്ചു. പിഡിസി പാസ്സായശേഷം ബോംബെ, മസ്കറ്റ് എന്നിവിടങ്ങളിൽ ജോലി ചെയ്തു. 1975 ജൂൺ 30-ാം തീയതി തീയാടിക്കൽ മേലേത്ത് എം.റ്റി. മാത്യു-അന്നമ്മ ദമ്പതി കളുടെ മകൾ എം.എം.മറിയാമ്മയെ (കുഞ്ഞൂഞ്ഞമ്മ) വിവാഹം കഴിച്ചു.

എസ്.എസ്.എൽ.സി.യും നഴ്സിംഗും പാസ്സായ കുഞ്ഞൂഞ്ഞമ്മ ഏറെ നാൾ മസ്കറ്റിൽ ജോലി ചെയ്തു. ഇപ്പോൾ ഇരുവരും തിരികെ നാട്ടി ലെത്തി

പുന്നക്കാട്ട് താമസിക്കുന്നു. അവർക്ക് ഒരു മകനും ഒരു മകളും ജനിച്ചു.
വർഗീസ് കുര്യൻറെ മക്കൾ (ആറാം തലമുറ)
155721 ബോബി വർഗീസ്
155722 മെർലിൻ ബബിത വർഗീസ്
155721 മകൻ ബോബി വർഗീസ് (ബോബി)

1976 ജൂൺ 28-ാം തീയതി ജനിച്ചു. ബികോം-ഉം കമ്പ്യൂട്ടർ കോഴ്സും പാസ്സായശേഷം അബുദാബിയിൽ കുറെനാൾ ജോലി ചെയ്തു. ഇപ്പോൾ കുവൈറ്റിൽ ജോലി ചെയ്യുന്നു. 2004 സെപ്റ്റംബർ 11-ാം തീയതി മാരാമൺ മണ്ണാറക്കോട്ട് എം.സി.ബേബി-അന്നമ്മ ദമ്പതികളു ടെ മകൾ നിഷ ബേബിയെ(നിഷ) വിവാഹം ചെയ്തു. ബി.എസ്.സി. നഴ്സിംഗ് പാസ്സായ നിഷ ഇപ്പോൾ കുവൈറ്റിൽ ജോലി ചെയ്യുന്നു. ഇവർ കുടുംബസമേതം കുവൈറ്റിൽ താമസിക്കുന്നു. അവർക്ക് ഒരു മകനും ഒരു മകളും ജനിച്ചു.
ബോബി വർഗീസിൻറെ മക്കൾ (ഏഴാം തലമുറ)
1557211 എഡ്വിൻ വർഗീസ് ബോബി
1557212 എവ്ലിൻ ബോബി
1557211 മകൻ എഡ്വിൻ വർഗീസ് ബോബി (എഡ്വിൻ)

2008 മേയ് 27-ാം തീയതി ജനിച്ചു. 12-ാം സ്റ്റാൻഡേർഡിൽ പഠിക്കു ന്നു. 2017-ൽ ഇന്ത്യയിൽ വച്ചു നടന്ന സി.ബി.എസ്.ഇ. ദേശീയ ബാഡ് മിന്റൺ ടൂർണമെന്റിൽ സ്കൂളിനെ പ്രതിനിധീകരിച്ച് പങ്കെടുക്കുകയു ണ്ടായി.
1557212 മകൾ എവ്ലിൻ ബോബി (എവ്ലിൻ)

2013 ആഗസ്റ്റ് 22-ാം തീയതി ജനിച്ചു. ഇപ്പോൾ 7-ാം സ്റ്റാൻഡേർ ഡിൽ പഠിക്കുന്നു.

PUNNAKKAD MALAYIL FAMILY HISTORY

Varghese Kurien & Family, Malayil Vattamparampil (ID15572) Evellin Bobby, Joby Jacob, Merlin Babitha Joby, Mariamma Varghese, Varghese Kurien, Edwin Varghese Bobby,

PUNNAKKAD MALAYIL FAMILY HISTORY

Mathew Kurian& Family Canada, Malayil Vattamparapil (ID 15573)

Mathew Kurian (Raju), Arion (Grand son), Suresh(son in law), Cheryl (Daughter in law) Blessen (Son), Siby(Daughter), Ashwyn (Grand Son), Armaan (Grand Son), Ammini(wife
155722 മെർലിൻ ബബിത വർഗീസ് (ബബിത)

1981 ഒക്ടോബർ 22-ാം തീയതി ജനിച്ചു. വെല്ലൂർ സി.എം.സി.യിൽ നിന്നും ബി.എസ്.സി. നഴ്സിംഗ് ഉന്നതനിലയിൽ പാസ്സായി. 2005നവംബർ 23-ാം തീയതി മല്ലശ്ശേരി വാഴയിൽ എബ്രഹാം-അന്നമ്മ ദമ്പതികളുടെ മകൻ ജോബി ജേക്കബ് എബ്രഹാം (ജോബി) വിവാഹം

കഴിച്ചു 15573 വട്ടംപറമ്പിൽ കുര്യൻ്റെ മകൻ മാത്യു കുര്യൻ (രാജു)

1951 ആഗസ്റ്റ് 29-ാം തീയതി ജനിച്ചു. മെക്കാനിക്കൽ എഞ്ചിനീയറിംഗ് പഠനത്തിനുശേഷം ബോംബെ, മസ്കറ്റ്, ദുബയ് എന്നിവിടങ്ങളിൽ ജോലി ചെയതു. ഇപ്പോൾ കാനഡയിൽ ജോലി ചെയ്യുന്നു. 1977 ന വംബർ 12-ാം തീയതി പുനലൂർ മാത്ര, മണ്ണിൽ ഈശോ തോമസ്-അന്നമ്മ ദമ്പതികളുടെ മകൾ മറിയാമ്മ തോമസിനെ (അമ്മിണി) വിവാഹം ചെയ്തു. അവർ കുടുംബസമേതം കാനഡയിൽ താമസി
ക്കുന്നു. അവർക്ക് ഒരു മകനും ഒരു മകളും ജനിച്ചു. മാത്യു കുര്യന്റെ മക്കൾ (ആറാം തലമുറ

155731 സിബി മെറിൻ മാത്യു

155732 ബ്ലസൻ മാത്യു

155731 മകൾ സിബി മെറിൻ മാത്യു (സിബി)

1978 ആഗസ്റ്റ് 23-ാം തീയതി ജനിച്ചു. കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് പാസ്സായി. 2005 ജൂൺ 6-ാം തീയതി പാലാരിവട്ടം മുട്ടത്തേരിൽ കോശി ജോൺ-ആനി ദമ്പതികളുടെ മകൻ ജോൺ കോശി (സുരേഷ്) വിവാഹം കഴിച്ചു. കുടുംബമായി വാഷിംഗ്ടൺ DCയിൽ താമസിക്കുന്നു.

155732 മകൻ ബ്ലസൻ മാത്യു (ബ്ലസൻ)

1992 മാർച്ച് 16-ാം തീയതി ജനിച്ചു. സോഫ്റ്റ്വെയർ എഞ്ചിനീയ റിംഗിൽ ബിരുദം നേടിയശേഷം കാനഡയിലുള്ള ഒക്കുപ്പേഷണൽ സേഫ്റ്റി ഗ്രൂപ്പിൽ ഡവലപ്പ്മെന്റ് മാനേജരായി ജോലി ചെയ്യുന്നു. 2024 നവംബർ 2-ാം തീയതി കാനഡ, ടൊറൻ്റോയിൽ താമസം ബാബു ജോസഫ്-എൽസമ്മ ദമ്പതികളുടെ മകൾ ഷെറിൾ ജോസഫിനെ (ഷെറിൾ) വിവാഹം കഴിച്ചു. കാനഡയിലെ മക്മാസ്റ്റർ യൂണിവേഴ്സിറ്റി യിൽനിന്നും ഹെൽത്ത് സയൻസിൽ ബിരുദം നേടിയ ഷെറിൾ തുടർന്ന് യു.കെ.യിലെ സസക്സ് യൂണിവേഴ്സിറ്റിയിൽ നിന്നും ഇന്റർനാഷ ണൽ ഡെവലപ്പ് മെന്റിൽ ബിരുദാനന്തരബിരുദവും കരസ്ഥമാക്കി. കാന ഡയിലെ ഒട്ടാവ എന്ന സ്ഥലത്തുള്ള ഒരു ഗവൺമെന്റ് ഏജൻസിയിൽ ജോലി ചെയ്യുന്നു.

15574 വട്ടംപറമ്പിൽ കുര്യൻ്റെ ഇളയമകൻ തോമസ് കുര്യൻ (തോമസുകുട്ടി)

1954 ഡിസംബർ 1-ന് ജനിച്ചു. വിദ്യാഭ്യാസാനന്തരം ബാംഗ്ലൂർ, ബോംബെ, മസ്കറ്റ് എന്നിവിടങ്ങളിൽ ജോലി ചെയ്തു. 1987 ഫെബ്രുവരി 5-ാം തീയതി മുണ്ടിയപ്പള്ളി ഇലവുങ്കൽ ഇ.ജെ.കുരുവിള-മറി യാമ്മ ദമ്പതികളുടെ മകൾ ഏലിയാമ്മ കുരുവിളയെ (ജോളി) വിവാ ഹം ചെയ്തു. വിവിധ സി.എം.എസ്. സ്കൂളുകളിൽ അധ്യാപികയായി ജോലി ചെയ്തതിനുശേഷം 2018-ൽ പുന്നക്കാട് സി.എം.എസ്. സ്കൂ ളിൽനിന്നും പ്രഥമാധ്യാപികയായി വിരമിച്ചു. തോമസുകുട്ടി 2011-2025 കാലയളവിൽ മലയിൽ കുടുംബയോഗത്തിന്റെ അക്കൗണ്ടൻറായി പ്രവർ ത്തിച്ചു. ജോളി സ്ഥലത്തെ

സി.എസ്.ഐ. പള്ളിയിലെ കമ്മിറ്റിയംഗ മായി പ്രവർത്തിക്കുന്നു. അവർക്ക് ഒരു പുത്രനും രണ്ട് പുത്രിമാരും ജനിച്ചു.

തോമസ് കുര്യന്റെ മക്കൾ (ആറാം തലമുറ)

155741 ബെറ്റ്സി മെറി തോമസ്

155742 ബിജോയ് കുര്യൻ തോമസ്

155743 ബ്ലെസി മെറിൻ തോമസ്

155741 മകൾ ബെറ്റ്സി മെറി തോമസ് (ബെറ്റ്സി)

1988 ഡിസംബർ 21-ാം തീയതി ജനിച്ചു.ബികോം, എംബിഎ വിദ്യാഭ്യാസയോഗ്യതകൾ നേടി. 2012 ആഗസ്റ്റ് 18-ന് കടമ്മനിട്ട മാവുങ്കൽ തടത്തിൽ സ്കറിയ തോമസ്-അന്നമ്മ ദമ്പതികളുടെ മകൻ തോമസ് ജസ്റ്റിൻ സ്കറിയ (ജസ്റ്റിൻ) വിവാഹം കഴിച്ചു.

155742 മകൻ ബിജോയ് കുര്യൻ തോമസ് (ബിജോയ്)

1992 മേയ് 2-ാം തീയതി ജനിച്ചു. എംകോം പാസ്സായതിനുശേഷം റ്റാലി, അക്കൗണ്ടൻസി എന്നിവയിൽ പ്രത്യേക സർട്ടിഫിക്കറ്റുകൾ നേടി. കൂടാതെ ട്രിനിറ്റി കോളജ് ലണ്ടനിൽനിന്നും പിയാനോയിൽ ഗ്രേഡ് 4 പരീക്ഷയും മ്യൂസിക് തീയറിയിൽ ഗ്രേഡ് 5 പരീക്ഷയും പാസ്സായിട്ടുണ്ട്. സ്ഥലത്തെ സി.എസ്.ഐ. ഇടവകയിലെ കയർ മാസ്റ്റർ -ഓർഗനിസ്റ്റ് എന്നീ ചുമതലകളോടൊപ്പം യുവജനപ്രസ്ഥാനത്തിന്റെ നേതൃനിരയിലും സജീവമായി പ്രവർത്തിച്ചു. കുറെനാൾ ബാംഗ്ലൂരിൽ ജോലി ചെയ്തതിനുശേഷം ഇപ്പോൾ മസ്കറ്റിൽ ജോലി ചെയ്യുന്നു. 2022 ജൂലൈ 9-ന് കറ്റാനം പള്ളിക്കൽ മാലിയിൽ കുര്യൻ എം. ജേക്കബ് മറിയാമ്മ ദമ്പതികളുടെ മകൾ പ്രിൻസി ആൻ കുര്യനെ (പ്രിൻസി വിവാഹം ചെയ്തു. ACCA പാസ്സായ പ്രിൻസി ഓഡിറ്ററായി ജോലി ചെയ്യുന്നു. ഇവർ കുടുംബസമേതം മസ്കറ്റിൽ താമസിക്കുന്നു. രണ്ടു പേരും മസ്കറ്റ് സി.എസ്.ഐ. പള്ളിയിലെ കയർ അംഗങ്ങളായും, ബിജോയ് കയർ മാസ്റ്ററായും സേവനം ചെയ്യുന്നു. ഇവർക്ക് ഒരു മകനും ഒരു മകളും ജനിച്ചു.

ബിജോയ്യുടെ മക്കൾ (ഏഴാം തലമുറ)

1557421 ജോസയ തോമസ് ബിജോയ്

1557422 സെമിര എൽമ ബിജോയ്

PUNNAKKAD MALAYIL
FAMILY HISTORY

Thomas Kurian (Thomaskutty) & Family, Malayil vattomparambil

1557421 മകൻ ജോസയ തോമസ് ബിജോയ് (ജോസയ)

2024 ഫെബ്രുവരി 4-ാം തീയതി ജനിച്ചു.

1557422 മകൾ സെമിര എൽമ

ബിജോയ് (സെമിര)

2026 ജനുവരി 7-ാം തീയതി ജനിച്ചു

155743 തോമസിന്റെ ഇളയമകൾ ബ്ലെസി മെറിൻ തോമസ് (ബ്ലെസി)

2000 ജനുവരി 27-ന് ജനിച്ചു. ബി.എസ്സി. (മാത്സ്) പാസ്സായതിനുശേഷം 3 വർഷം ഇൻഫോസിസ് കമ്പനിയിൽ ജോലി ചെയ്തു. തുടർന്ന് കാക്കനാട് രാജഗിരി കോളജ് ഓഫ് സോഷ്യൽ സയൻസിൽ നിന്നും എം.ബി.എ. കരസ്ഥമാക്കി. പഠനകാലത്ത് രാജഗിരി കോളേജി നെ പ്രതിനിധീകരിച്ച് സൗത്ത് കൊറിയയിൽ Kangwon National University-ൽ നടന്ന Glo Cal Conference on SDGൽ പ്രബന്ധം അവത രിപ്പിക്കാൻ അവസരം ലഭിച്ചു. കൂടാതെ ലണ്ടൻ ട്രിനിറ്റി കോളജിൽ നിന്നും പിയാനോയിൽ ഗ്രേഡ് 6 പരീക്ഷയും മ്യൂസിക് തീയറിയിൽ ഗ്രേഡ് 5 പരീക്ഷയും പാസ്സായിട്ടുണ്ട്. സ്ഥലത്തെ സി.എസ്.ഐ. ഇട വക കയറിൽ ജൂനിയർ ഓർഗനിസ്റ്റ് ആയി പ്രവർത്തിച്ചിരുന്നു. ഇപ്പോൾ മസ്കറ്റിൽ ജോലി ചെയ്തുകൊണ്ട് അവിടെയുള്ള സി.എസ്.ഐ. പള്ളി യിലെ കയറിലും മറ്റ് ഇടവക പ്രസ്ഥാനങ്ങളിലും സജീവമായി പ്രവർ ത്തിച്ചുവരുന്നു.

156 ആലുനിൽക്കുന്നതിൽ തര്യന്റെ നാലാമത്തെ മകൻ മാത്തൻ

1045-ൽ ജനിച്ചു. 1060-ൽ 15-ാമത്തെ വയസ്സിൽ ഇലന്തൂർ കൈമോ ണിൽ മറിയാമ്മയെ വിവാഹം ചെയ്തു. താമസിയാതെ മറിയാമ്മ വിഷ ഭയത്താൽ മരിച്ചുപോകയാൽ മാത്തൻ മല്ലപ്പുഴശ്ശേരി തെങ്ങുംചേരിൽ ഫിലിപ്പോസിന്റെ മകൾ ഏലിയാമ്മയെ പുനർവിവാഹം ചെയ്തു. അവർ ക്ക് ഒരു പുത്രി ജനിച്ചു. മാത്തൻ 1078-ാമാണ്ട് ജ്വരംമൂലം 33-ാമത്തെ വയസ്സിൽ അകാലചരമം പ്രാപിച്ചു.

ആലുനിൽക്കുന്നതിൽ മാത്തന്റെ മകൾ (നാലാം തലമുറ)

1561 മകൾ മറിയാമ്മ

1078 തുലാം 18-ന് ജനിച്ചു. 1095-ൽ ആലാ മണ്ണാരേത്ത് കൊച്ചു ചെറുക്കന്റെ മകൻ ജോസഫ് വിവാഹം കഴിച്ചു. ഏതാനും വർഷങ്ങൾ ക്കകം ജോസഫ് മരിച്ചുപോകയാൽ മറിയാമ്മയെ തലവടി ചെറുകോട്ടു തൊമ്മിയുടെ മകൻ ഏബ്രഹാം പുനർവിവാഹം കഴിച്ചു. 157

ആലുനിൽക്കുന്നതിൽ തര്യന്റെ ഇളയമകൻ കുഞ്ഞുമ്മൻ

1050 ചിങ്ങം 14-ാം തീയതി ജനിച്ചു. കോട്ടയം സി.എം.എസ്.കോളേജ് ഹൈസ്കൂളിൽ മെട്രിക്കുലേഷൻ വരെ പഠിച്ചു. മലയിൽ കുടുംബത്തിൽ ആദ്യമായി ഇംഗ്ലീഷ് യിരുന്നു. 1067-ൽ 17-ാമത്തെ വയസ്സിൽ ഇലന്തൂർ പരിയാരത്ത് തോമ്പിൽ വർക്കിയുടെ മകൾ റാഹേലമ്മയെ വിവാഹം ചെയ്തുതു. കുഞ്ഞുമ്മൻ രണ്ട് വർഷം തെക്കൻ പുതുപ്പള്ളിയിലും, പത്ത് വർഷം പുന്നക്കാട് സി.എം.എസ്. സ്കൂളിലും അധ്യാപകനായിരുന്നു. അവർക്ക് 7-ാം തീയതിയും റാഹേലമ്മ 1961 സെപറ്റംബർ 7-ാം

തീയതിയും
നിര്യാതരായി. ആലുനിൽക്കുന്നതിൽ കുഞ്ഞുമ്മൻ്റെ മക്കൾ (നാലാം തലമുറ)
1571 എ. കെ. മത്തായി
1572 ഏലിയാമ്മ
1573 എ.കെ. ജോർജ്ജ്
1574 എ.കെ. ജോസഫ്
1575 ഏലിയാമ്മ
1576 മറിയാമ്മ
1577 അന്നമ്മ
1578 എ.കെ. തോമസ്
1571 മകൻ എ.കെ. മത്തായി
1900-ൽ ജനിച്ചു. ശൈശവപ്രായത്തിൽതന്നെ മരിച്ചുപോയി.
1572 മകൾ ഏലിയാമ്മ
1902-ൽ ജനിച്ചു. ശൈശവപ്രായത്തിൽതന്നെ മരിച്ചുപോയി.
1573 മകൻ എ.കെ. ജോർജ്ജ് (കുട്ടി)
1903 സെപ്റ്റംബർ 9-ാം തീയതി ജനിച്ചു. സാമാന്യ വിദ്യാഭ്യാസത്തിനുശേഷം 1925-ൽ ഇലന്തൂർ കുറത്തിയാട് കൊടുവത്രയിൽ ജോസഫിൻറെ മകൾ ശോശാമ്മയെ വിവാഹം ചെയ്തു. അവർക്ക് രണ്ട് പുത്രന്മാർ ജനിച്ചു. ജോർജ്ജ് 1983 ഒക്ടോബർ 25-ാം തീയതിയും, ശോശാമ്മ 2002 ആഗസ്റ്റ് 11-ാം തീയതിയും നിര്യാതരായി.
ജോർജ്ജിന്റെ മക്കൾ (അഞ്ചാം തലമുറ)
15731 എ.ജി. ഉമ്മൻ)
15732 എ.ജി. ജോസഫ്
15731 മകൻ എ.ജി. ഉമ്മൻ (ബേബി)
1929 ജനുവരി 25-ന് ജനിച്ചു. ബി.എസ്.സി., ബി.എഡ്. ബിരുദങ്ങൾ എടുത്തശേഷം ഇടയാറന്മുള എ.എം.എം.ഹൈസ്കൂളിൽ ദീർഘ വർഷ ങ്ങൾ ജോലി ചെയ്തശേഷം വിരമിച്ചു. ആലുനിൽക്കുന്നതിൽ ശാഖ യിലെ ആദ്യത്തെ ബിരുദധാരിയാണ്. 1955-ൽ ഇടയാറന്മുള തുരുത്തി യിൽ ഫിലിപ്പിന്റെ മകൾ റേച്ചൽ ഫിലിപ്പിനെ (കുഞ്ഞമ്മ) വിവാഹം കഴിച്ചു. അധ്യാപികയായിരുന്ന കുഞ്ഞമ്മ 1992-ൽ നെല്ലിക്കാല ഗവണ്മെ ൻറ് എൽ.പി. സ്കൂളിൽനിന്നും വിരമിച്ചു. അവർക്ക് രണ്ട് പുത്രന്മാർ ജനിച്ചു. ഉമ്മൻ പുന്നക്കാട് സി.എസ്.ഐ. പള്ളിയിൽ അൻപത് വർഷ ങ്ങളിലേറെ ഓർഗനിസ്റ്റ് & കയർ മാസ്റ്ററായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. രണ്ടുപേരും അധ്യാപകവൃത്തിയിൽനിന്നും വിരമിച്ച് ആലുനിൽക്കു

PUNNAKKAD MALAYIL FAMILY HISTORY

George Oommen (Jose) & Family, Brookview Harsha, Elizabeth George (Suma), Rachel Oommen, George Oommen (Jose), Ashish

ന്നതിൽ ബ്രൂക്ക് വ്യൂവിൽ വിശ്രമജീവിതം നയിച്ചുവരവേ ഉമ്മൻ 2018 ജനുവരി 29-ാം തീയതി തൻറെ 89-ാമത്തെ വയസ്സിൽ നിര്യാതനായി.

എ.ജി. ഉമ്മൻറെ മക്കൾ (ആറാം തലമുറ)

157311 ജോർജ് എ ഉമ്മൻ

157312 ഫിലിപ്പ് എ. ഉമ്മൻ

157311 എ.ജി. ഉമ്മൻറെ മകൻ ജോർജ്ജ് എ. ഉമ്മൻ (ജോസ്)

1956-ൽ ജനിച്ചു. ബി.എസ്സി. ടെക്സസ്റ്റൈൽ ടെക്നോളജിയിൽ ഡിപ്ലോമ, D.R.T.M. എന്നീ വിദ്യാഭ്യാസയോഗ്യതകൾ നേടി.വിവിധ സ്റ്റൈൽ കമ്പനികളിൽ ജോലി ചെയ്തശേഷം വിരമിച്ചു. 1982-ൽ കോട്ടയം മാങ്ങാനം വള്ളിപ്പുരയിടത്തിൽ ഷാരോൺ വീട്ടിൽ കെ.സി. വർഗീസ്-അന്നമ്മ ദമ്പതികളുടെ മകൾ എലിസബത്ത് വർഗീസിനെ (സുമ) വിവാഹം കഴിച്ചു. M.Com., C.A, I.I.B. എന്നിവ പാസ്സായ എലിസബത്ത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ ദീർഘവർഷങ്ങൾ ജോലി ചെയ്തശേഷം വിരമിച്ചു. ഇവർക്ക് ഒരു മകനും ഒരു മകളും ജനിച്ചു. ജോർജ്ജ് എ. ഉമ്മൻറെ മക്കൾ (ഏഴാം തലമുറ)

1573111 ആശിഷ് ജോർജ്ജ്

1573112 ഹർഷ ജോർജ്ജ്

1573111 മകൻ ആശിഷ് ജോർജ്ജ് (ആശിഷ്)

1985-ൽ ജനിച്ചു. BMS MBA എന്നീ ഡിഗ്രികൾ പാസ്സായി. CAP GEMENI, SBI Life എന്നീ കമ്പനികളിൽ ജോലി ചെയ്തു. ഇപ്പോൾ ആസ്ട്രേലിയയിൽ Tasmania Hydro Corporationൽ ജോലി ചെയ്യുന്നു.

1573112 മകൾ ഹർഷ ജോർജ്ജ് (ഹർഷ)

1987-ൽ ജനിച്ചു. B.Sc. (IT), M.C.A എന്നീ ഡിഗ്രികൾ പാസ്സായി. 2015-ൽ ഭോപ്പാൽ ചരിവുകാലായിൽ സി.പി.വർഗീസിൻറെ മകൻ ബ്ലെസൻ വർഗീസ് (ബ്ലെസൻ) വിവാഹം കഴിച്ചു. ബാംഗ്ലൂരിൽ താമസിക്കുന്നു.

157312 എ.ജി. ഉമ്മൻറെ മകൻ ഫിലിപ്പ് എ. ഉമ്മൻ (റെജി)

1960 മേയ് 29-ന് ജനിച്ചു. ഇൻസ്ട്രുമെൻറേഷൻ എഞ്ചിനീയറിംഗിൽ ബിരുദം എടുത്തതിനുശേഷം FACT-ൽ മാനേജീറിയൽ കേഡറിൽ ജോലിയിൽ പ്രവേശിച്ചു. തുടർന്ന് ഓയിൽ & ഗ്യാസ് മേഖലയിലേക്ക് പ്രവൃത്തിമണ്ഡലം മാറ്റിയ ഫിലിപ്പ്, വിവിധ രാജ്യങ്ങളിലായി വിവിധ പ്രൊജക്റ്റുകളിൽ പ്രവർത്തിച്ചു. 1986 മേയ് 15-ന് വെണ്മണി ചെറു വല്ലൂർ ആശാരതറയിൽ ജോർജ്ജ് ഉമ്മൻറെയും തങ്കമ്മ ജോർജ്ജിൻറെയും മകൾ സൂസനെ (മിനി) വിവാഹം കഴിച്ചു. എം.എസ്.സി., എംഫിൽ, ബി.എഡ്, ബിരുദങ്ങൾ നേടിയ

സൂസൻ കോട്ടയം സി.എം.എസ്. കോളേ ജിൽ സുവോളജി വിഭാഗത്തിൽ ലക്ചറർ ആയിരുന്നു. തുടർന്ന് UK & ഇൻക്ലൂസിവ് എഡ്യൂക്കേഷനിൽ ബിരുദാനന്തര ബിരുദം നേടി. സിംഗപ്പൂർ എ.സി. എസ്. ഇന്റർനാഷണൽ സ്കൂളിൽ സ്പെഷ്യൽ നീഡ്സ് വകുപ്പ് മേധാ വിയായി സേവനമനുഷ്ഠിച്ചു. കുമോൺ പാലാരിവട്ടം എന്ന സംരംഭത്തിന്റെ ഉടമയായ സൂസൻ ഇതിനോടകം പല ദേശീയതല അംഗീകാ രങ്ങളും സ്ഥാപനത്തിന് നേടിക്കൊടുത്തിട്ടുണ്ട്. ഒരു മകൾ.

ഏഴാം തലമുറ

1573121 മകൾ മെറിൻ ഫിലിപ്പ് (മെറിൻ)

1993 ഒക്ടോബർ 25ന് ജനിച്ചു. സിംഗപ്പൂരിലെയും ഊട്ടിയിലെയും സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം മണിപ്പാൽ യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദവും ബിരുദാനന്തരബിരുദവും നേടി. പീഡിയാട്രിക് ഒ. ടി. യിൽ സ്പെഷ്യലൈസ് ചെയ്തിരിക്കുന്ന മെറിൻ യൂണിവേഴ് സിറ്റി ഓഫ് സതേൺ കാലിഫോർണിയയിൽ തുടർവിദ്യാഭ്യാസം ചെയ്തു. ഇപ്പോൾ ആസ്ട്രേലിയയിലെ Elanor Duncan എന്ന സംഘ ടനയുമായി ചേർന്നു പ്രവർത്തിക്കുന്നു. പഠനകാലത്ത് തമിഴ്നാട് ബാസ്കറ്റ് ബോൾ ടീമിൽ അംഗമായിരുന്നു.

15732 ആലുനിൽക്കുന്നതിൽ ജോർജ്ജിന്റെ മകൻ എ.ജി. ജോസഫ് (തങ്കച്ചൻ)

1931 ഒക്ടോബർ 2-ാം തീയതി ജനിച്ചു. ഇലക്ട്രിക്കൽ എഞ്ചിനീയ റിംഗിൽ ഡിപ്ലോമ പാസ്സായശേഷം ഭിലായ് സ്റ്റീൽ പ്ലാന്റിൽ ജോലി ചെയ്തു. 1964 ഒക്ടോബർ 24-ാം തീയതി കോട്ടയം കഞ്ഞിക്കുഴി പുതു പ്പറമ്പിൽ മാണി-അന്നമ്മ ദമ്പതികളുടെ മകൾ മറിയാമ്മ മാണിയെ (തങ്കമ്മ) വിവാഹം ചെയ്തു. തങ്കമ്മ ഭിലായ് സ്റ്റീൽ പ്ലാന്റിൽ നഴ്സായി ജോലി ചെയ്തിരുന്നു. അവർക്ക് മൂന്നു പുത്രന്മാർ ജനിച്ചു. തങ്കച്ചൻ 1986 ജനുവരി 18-ാം തീയതി ഭിലായിൽ വച്ചും തങ്കമ്മ 2022 ജനുവരി 29-ാം തീയതി റായ്പൂരിലുള്ള മകൻ ജോസഫ് തോമസിന്റെ ഭവന ത്തിൽവച്ചും നിര്യാതരായി.

എ. ജി. ജോസഫിന്റെ മക്കൾ (ആറാം തലമുറ)

157321 റവ. ഡോ. ജോർജ്ജ് ജോസഫ്

157322 മാണി ജോസഫ്

157323 തോമസ് ജോസഫ്

157321 മകൻ റവ. ഡോ. ജോർജ്ജ് ജോസഫ് (ലവി)

1965-ൽ ജനിച്ചു. B.Com., LLB, BD, Ph.D. എന്നീ വിദ്യാഭ്യാസ യോഗ്യതകൾ കരസ്ഥമാക്കിയിട്ടുണ്ട്. ഭിലായ് സ്റ്റീൽ പ്ലാന്റ്, C.N.I. മും ബൈ ഡയോസിസ്, Bible Society of India, Mumbai എന്നിവടങ്ങളിൽ ജോലി ചെയ്തു. ഇപ്പോൾ യു.എസ്.എ.യിലെ ഡള്ളസിൽ പരോൾ ഓഫീസർ ആണ്. ചണ്ണപ്പേട്ട മേരിലാൻഡിൽ മത്തായി-മേരിക്കുട്ടി ദമ്പതികളുടെ മകൾ ജെസ്സിയെ (സുജ)

വിവാഹം കഴിച്ചു. ജെസ്സി ബി. എസ്സി. ഗ്രാജുവേറ്റ് ആണ്. ഇവർക്ക് ഒരു മകനും ഒരു മകളും ജനിച്ചു.

റവ.ഡോ. ജോർജ്ജ് ജോസഫിൻ്റെ മക്കൾ (ഏഴാം തലമുറ)

1573211 നിഷ മേരി ജോർജ്ജ്

1573212 നിതിൻ ജോസ് ജോർജ്ജ്

1573211 മകൾ നിഷ മേരി ജോർജ്ജ് (നിഷ)

നിഷ ഇപ്പോൾ ഡള്ളസിൽ നഴ്സ് ആയി ജോലി ചെയ്യുന്നു. നിഷ യെ വിവാഹം ചെയ്തിരിക്കുന്നത് കണ്ണൂർ തോട്ടത്തിൽ തോമസ് മാത്യു വിൻ്റെയും അന്നമ്മ തോമസിൻ്റെയും മകനായ എബിൻ (ഡള്ളസ്) ആണ്.

1573212 മകൻ നിതിൻ ജോസ് ജോർജ്ജ് (നിതിൻ)

നിതിൻ ഇപ്പോൾ ഡള്ളസിൽ സോഫ്റ്റ് വെയർ എഞ്ചിനീയറായി ജോലി ചെയ്യുന്നു.

157322 എ.ജി. ജോസഫിൻ്റെ മകൻ മാണി ജോസഫ് (ലൈജു)

1968-ൽ ജനിച്ചു. ഔറംഗബാദിൽ ഒരു മൾട്ടിനാഷണൽ കമ്പനി യിൽ ജോലി ചെയ്തു വിരമിച്ചു. ഇപ്പോൾ ഫിനാൻഷ്യൽ അഡ്വൈ സറായി ജോലി ചെയ്യുന്നു. ലൈജു ഒരു മോട്ടിവേഷണൽ സ്പീക്കറായി പല കമ്പനികളിലും പ്രഭാഷണങ്ങൾ നടത്താറുണ്ട്. ഔറംഗബാദിൽ റവ. ജോൺ ശ്രീസുന്ദറിൻ്റെയും പ്രമീളയുടെയും മകൾ അനിതയെ 1993-ൽ വിവാഹം ചെയ്തു. അനിത (ഡോളി) എം.എസ്.സി., ബി. എഡ്. ബിരുദങ്ങൾ കരസ്ഥമാക്കി സ്കൂളിൽ പ്രഥമാധ്യാപികയായി ജോലി ചെയ്തു. ഇവർക്ക് രണ്ട് പുത്രിമാർ ജനിച്ചു.

മാണി ജോസഫിൻ്റെ മക്കൾ (ഏഴാം തലമുറ)

1573221 മേഴ്സി മേരി മാണി

1573222 ഗ്രേസ് ഗ്ലോറി മാണി

1573221 മകൾ മേഴ്സി മേരി മാണി

ബികോം ഡിഗ്രിക്കുശേഷം എം.ബി.എ. (ഫിനാൻസ്) മുംബൈ യൂണിവേഴ്സിറ്റിയിൽനിന്നും പാസ്സായി. ഇപ്പോൾ കാനഡയിലുള്ള വാൻകൂവറിൽ ജോലി ചെയ്യുന്നു. മേഴ്സിയെ 2025 ഒക്ടോബറിൽ കോഴഞ്ചേരി കീഴുകര ഇടത്തറ വീട്ടിൽ ജേക്കബ് മാത്യു-ആനി ജേക്കബ് ദമ്പതികളുടെ മകൻ റോഡ്നി ജോർജ്ജ് ജേക്കബ് (നാഗ്പൂർ) വി വാഹം കഴിച്ചു.

1573222 മകൾ ഗ്രേസ് ഗ്ലോറി മാണി

എം.കോം. ഡിഗ്രിക്കുശേഷം ഇപ്പോൾ കാനഡയിൽ വാൻകൂവറിൽ ജോലി ചെയ്യുന്നു.

157323 എ.ജി. ജോസഫിന്റെ്റെ മകൻ തോമസ് ജോസഫ് (ലാൻസി)

1969-ൽ ജനിച്ചു. ബി.എസ്.സി., കമ്പ്യൂട്ടർ ഡിപ്ലോമ വിദ്യാഭ്യാസ യോഗ്യതകൾ നേടി. സുവിശേഷ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. റായ്പൂ രിൽ

ബ്രദറൺ അസംബ്ലി ചർച്ചിൽ ഇവാഞ്ചലിസ്റ്റായി ജോലി ചെയ്യുന്നു. ഇപ്പോൾ റായ്പൂരിൽ ബ്ലെയ്സ് അക്കാദമി സ്കൂൾ ഡയറക്ടർ. 1997-ൽ മാങ്ങാനത്ത് പി.സി.എബ്രഹാമിൻറെയും ഏലിയാമ്മയുടെയും മകൾ റീനയെ വിവാഹം ചെയ്തു. റീന ബി.എസ്.സി. (നഴ്സിംഗ്), എം.എഡ്. എന്നീ വിദ്യാഭ്യാസയോഗ്യകൾ കരസ്ഥമാക്കിയിട്ടുണ്ട്. സുവിശേഷവേ ലകളിൽ ഏർപ്പെട്ടു. ഇപ്പോൾ ബ്ലെയ്സ് അക്കാദമി സ്കൂളിന്റെ പ്രിൻസി പ്പലായി ജോലി നോക്കുന്നു. ഇവർക്ക് മൂന്നു പുത്രന്മാർ ജനിച്ചു. തോമസ് ജോസഫിൻറെ മക്കൾ (ഏഴാം തലമുറ)

1573231 ഡാനി ജോസ് തോമസ്

1573232 ഡേവിഡ് തോമസ്

1573233 ജെർമി ജോസ് തോമസ്

1573231 മകൻ ഡാനി ജോസ് തോമസ്

ബിബിഎ ഡിഗ്രി എടുത്തതിനുശേഷം ഓസ്ട്രേലിയയിൽ എം. ബി.എ.യ്ക്കു പഠിക്കുന്നു.

1573232 മകൻ ഡേവിഡ് തോമസ്

ക്രിസ്ത്യൻ മെഡിക്കൽ കോളേജ് ലുധിയാനയിൽ എം.ബി.ബി. എസ്. ന് പഠിക്കുന്നു. (ഫൈനൽ ഇയർ)

1573233 മകൻ ജെർമി ജോസ് തോമസ്

ഭിലായ് ക്രിസ്ത്യൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോ ളജിയിൽ ബി.ടെകിന് പഠിക്കുന്നു.

1574 ആലുനിൽക്കുന്നതിൽ കുഞ്ഞുമ്മൻറെ മകൻ ജോസഫ് 1

1906-ൽ ജനിച്ചു. ശൈശവത്തിൽ തന്നെ മരിച്ചു.

1575 ആലുനിൽക്കുന്നതിൽ കുഞ്ഞുമ്മൻറെ മകൾ ഏലിയാമ്മ

1909-ൽ ജനിച്ചു. 1925-ൽ പുല്ലാട് കോയിത്തോടത്ത് ഇടിക്കുളയുടെ മകൻ ഫിലിപ്പോസ് വിവാഹം കഴിച്ചു.

1576 ആലുനിൽക്കുന്നതിൽ കുഞ്ഞുമ്മൻറെ മകൾ മറിയാമ്മ

1912-ൽ ജനിച്ചു. വി.എസ്.എൽ.സി. പാസ്സായി. 1929-ൽ മുണ്ടിയപ്പള്ളി ഈട്ടിക്കൽ ചാക്കോയുടെ മകൻ ചാക്കോ വിവാഹം കഴിച്ചു.

1577 ആലുനിൽക്കുന്നതിൽ കുഞ്ഞുമ്മന്റെ മകൾ അന്നമ്മ

1915-ൽ ജനിച്ചു. മലയാളം ഹയർ പരീക്ഷയും ട്രയ്നിംഗും കഴിഞ്ഞ് വാരിക്കാട് ബഥേൽ ആശ്രമത്തിൽ അധ്യാപികയായി സേവനം ചെയ്തു. 1941 മേയ് 8-ാം തീയതി തിരുവല്ല കയ്യൂരിൽ മാത്തന്റെ മകൻ വർഗീസ് വിവാഹം കഴിച്ചു.

1578 ആലുനിൽക്കുന്നതിൽ കുഞ്ഞുമ്മന്റെ ഇളയമകൻ എ. കെ. തോമസ് (പാപ്പി)

1918 നവംബർ 27-ാം തീയതി ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസ

ത്തിനുശേഷം ആലപ്പുഴ പിയേഴ്സ് ലെസ്ലി കയർ കമ്പനിയിൽ ജോലി ചെയ്തു. 1942 നവംബർ 19-ാം തീയതി ആറന്മുള തെയ്യിൽ കിഴക്കേ തിൽ മത്തായിയുടെ മകൾ അന്നമ്മയെ വിവാഹം ചെയ്തു. സഭാസംബന്ധമായ കാര്യങ്ങളിൽ സജീവമായി പ്രവർത്തിച്ചിരുന്നു. അവർക്ക് മൂന്ന് പുത്രിമാർ ജനിച്ചു. തോമസ് 1996 സെപ്റ്റംബർ 11-ാം തീയതിയും ആലുനിൽക്കുന്നതിൽ എ.കെ. തോമസിന്റെ മക്കൾ (അഞ്ചാം അന്നമ്മ 2011 ജൂലൈ 23-ാം തീയതിയും നിര്യാതരായി.

15781 എ. റ്റി. റെയ്ച്ചൽ (തങ്കമ്മ)

15782 എ. റ്റി. അന്നമ്മ (അമ്മിണി)

15783 എ. റ്റി. മേരിക്കുട്ടി (ലീല)

15781 മകൾ എ.റ്റി. റേച്ചൽ (തങ്കമ്മ)

1944 ജൂൺ 29-ന് ജനിച്ചു. പ്രീഡിഗ്രി, റ്റി.റ്റി.സി. പാസ്സായി. 1965 നവംബർ 11-ാം തീയതി പുന്നക്കാട് പൂവക്കുന്ന് കൊറ്റംകുളത്ത് കുര്യന്റെ മകൻ കെ. കെ. എബ്രഹാം (തങ്കച്ചൻ) വിവാഹം ചെയതു.

15782 മകൾ എ. റ്റി. അന്നമ്മ (അമ്മിണി)

1949 നവംബർ 27-ാം തീയതി ജനിച്ചു. ഹൈസ്കൂളിലും കോളേജി ലും മെറിറ്റ് സ്കോളർഷിപ്പിന് അർഹയായി. ആലുവ യു.സി. കോളേ ജിൽനിന്നും സ്പെഷ്യൽ ബി.എസ്.സി. പാസ്സായി. P & T, KSEB എന്നിവിടങ്ങളിൽ ജോലി ചെയ്തു. 1974 മേയ് 6-ാം തീയതി കോട്ടയം മുല്ലശ്ശേരിൽ ഇട്ടിയുടെ മകൻ രാജൻ വിവാഹം ചെയ്തു.

15783 മകൾ എ.റ്റി. മേരിക്കുട്ടി (ലീല)

1951 മേയ് 21-ാം തീയതി ജനിച്ചു. ബി.എ., ബി.എഡ്. പാസ്സായി. 1976 മേയ് 17-ാം തീയതി തോലശ്ശേരിൽ തോട്ടത്തിൽ ഉമ്മൻ-ചിന്നമ്മ ദമ്പതികളുടെ മകൻ റവ. റ്റി.ഒ. ഉമ്മൻ ബി.എ. ബി.ഡി. വിവാഹം ചെയ്തു. ലീല കോട്ടയം സി.എം.എസ്. കോളേജ് ഹൈസ്കൂൾ അധ്യാ പികയായിരുന്നു.

158 ആലുനിൽക്കുന്നതിൽ തര്യന്റെ മകൾ അന്നമ്മ

1052-ൽ ജനിച്ചു. 1067-ൽ 15-ാമത്തെ വയസ്സിൽ കോഴഞ്ചേരി പേരങ്ങാട്ട് ചെറിയാന്റെ മകൻ മത്തായി വിവാഹം കഴിച്ചു.

159 ആലുനിൽക്കുന്നതിൽ തര്യന്റെ മകൾ ഏലിയാമ്മ

1054-ൽ ജനിച്ചു. 1067-ൽ 13-ാമത്തെ വയസ്സിൽ ഇടശ്ശേരിമല തുണ്ടി യത്ത് ഈശോയുടെ മകൻ കൊച്ചുകുഞ്ഞ് വിവാഹം കഴിച്ചു.

ആലുനിൽക്കുന്നതിൽ ശാഖ സംക്ഷിപ്തം

കുടുംബങ്ങൾ 112

പുരുഷന്മാർ 169

സ്ത്രീകൾ 154

Branch 6 - Malayil

Genealogy of the Malayil Family Branch

Generation 1

1.Malayil Tharian Malayil, Punnakkad

Generation 2

Son of 1 Tharian Malayil, Punnakkad
16. Kunjummen Malayil, Punnakkad

Generation 3

Son of 16 Kunjummen, Punnakkad
161. Tharian Malayil, Malayil Karimkolickal,
162. Mathen Malayil, Malayil Muthiyamannil
163. Geevarghese, Malayil Valiyakalayil
164. Mariamma Thompil
165. Kunjummen Malayil Puthenveedu
166. Annamma Kolath
167. Koshy Malayil (Valiya Malayil), Punnakkad
168. Saramma Puthuchira

Generation 4

Children of 161 Tharian Malayil Karimkolickal

1611. Annamma, Anikattu
1612. Kunjummen (Kunju), Malayil Theverkattil
1613. Saramma, Aikat
1614. Koshy, Malayil Chembikkara
1615. Aleyamma, Mallassery
1616. Rahel, Maramon
1617. Varghese (Kochootti), Malayil Karimkolickal, Kalleli
1618. Tharian (Kunjachen), Malayil Karimkolickal

Children of 162 Mathen Malayil Muthiyamannil

1621. Kunjummen (Pappi), Malayil Muthiyamannil Kalleli
1622. Annamma, Nedumprayar
1623. Varghese (Kochootti), Vavolikkandam,
Malayil Muthiyamannil Vadasserikkara
1624. Mariamma
1625, Mathen Kunjachen, Malayil Muthiyamannil, Punnakad
Children of 163 Geevarghese, Malayil Valiyakalayil
1631. Annamma, Kaviyoor
1632. M. V. Thomas (Kunjomachen), Malayil Valiyakalayil Kalleli
1633. Very Rev. M. V. George, Malayil Valiyakalayil
1634. Achamma, Malayil Valiyakalayil
1635. Rahelamma, Edayaranmula
1636. V. G Tharian, Malayil Valiyakalayil
1637. Dr. V. G. Koshy, Malayil Valiyakalayil
1638. Saramma, Mallappally

Children of 165 Kunjummen, Malayil Puthenveedu

1651. Annamma Varkey, Muttathil, Kuzhikkala
1652. M. K. Thomas, Malayil Kulangara, Punnakkad
1653. Mariamma Joseph, Puthanpurakkal, Perumpetty
1654. P. K. Tharian, Malayil Puthenveedu
1655. P. K. Cherian, Malayil Puthenveedu
1656. Very Rev. M. K. George, Malayil Puthenveedu
1657. Saramma Mathew, Anjukandamvelil, Mangalam Children of 167 Koshy Malayil, Punnakkad
1671. Annamma Koshy, Koyikkalethu Vadakkethil, Elanthoor
1672. M.K. Oommen (Kunjachen), Malayil, Punnakkad
1673. M. K. Skariah, Malayil, Punnakkad
1674. M. K. Tharian (Kunjootty), Malayil, Punnakkad
1675. M. K. Cherian (Pappi), Malayil, Njayalloor, Punnakkad
1676. Aleyamma Philip (Thankamma), Thengumcheril, Vayalathala
1677. M. K. Koshy (Georgekutty), Malayil, Punnakkad

Generation 5

Children of 1612 Kunjummen (Kunju) Theverkattil

16121. Aleyamma, Thumpamon
16122. Very Rev. K. K. Tharian, Malayil Theverkattil
16123, Saramma, Malayil Theverkattil
16124. Annamma, Mallappally
16125. Rachel, Thottakkad
16126. Mary (Kunjamma), Inchakalodi
16127. Dr. M. O. Mathew (Baby), Malayil Theverkattil, Chennai
16128. Sosamma, Edayaranmula
16129. Deenamma, Ayroor

Children of 1614 Koshy, Malayil Chembikkara

16141, Aleyamma, Edayaranmula, Puthenkavu
